2025 JULY 6

emalayalee.com

# The Weekly

WEEKLY NEWSPAPER

Contact: editor@emalayalee.com | Phone: 917 324 4907; 917 662 1122

# പ്രധാനമന്ത്രി മോദി സൗത്ത് അമേരിക്കയിൽ





## ബജറ്റിനെതിരെ ഇന്ത്യൻ അമേരിക്കൻ കോൺഗ്രസ് അംഗങ്ങൾ



AMERICAN ASSOCIATION OF PHYSICIANS OF INDIAN ORIGIN
AAPI
43rd Annual
AAPI CONVENTION & SCIENTIC ASSEMBLY
July 24-27, 2025
Cincinnati Marriott
Convention Center
At River Center, Ohio USA
This conference will host Physicians, Healthcare Professionals and leaders from across the world for a dynamic exchange of ideas, a collaborative effort to shape the future of healthcare on a global scale. We invite you to be an active participant in this transformative journey.
Satheesh Kathula, MD
President, AAPI
Sunil Kaza, MD
Chairman, AAPI BOT
Guests and Dignitaries
Bobby Mukkamala, MD
Michael Suk, MD
Mario R Capecchi, PHD
Dr. D. Nageshwara Reddy
Lyuba Konopasek, MD
George Abraham, MD
More Info: www.aapiconvention.org | info@aapiusa.org

# മോദിക്കു ബ്രസീലിൽ ഉജ്വലമായ വരവേൽപ്



## ബ്രിക്സ് ഉച്ചകോടിയിൽ പങ്കെടുക്കും



ബ്രിക്സ് ഉച്ചകോടിയിൽ പങ്കെടുക്കാൻ ബ്രസീലിൽ എത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദിക്കു റയോ ഡാ ഴാനറോയിൽ ഉജ്വലമായ വരവേൽപ്. ഉച്ചകോടി ഉൾപ്പെടെ നാലു ദിവസത്തെ സ്റ്റേറ്റ് വിസിറ്റിനാണു പ്രസിഡന്റ് ലുലാ ഡി സിൽവ മോദിയെ ക്ഷണിച്ചത്.

ഇന്ത്യൻ സമൂഹം പാട്ടും നൃത്തവുമായാണ് മോദിയെ സ്വീകരിച്ചത്. ഓപ്പറേഷൻ സിന്ദൂർ സൈനിക നടപടിയെ ആധാരമാക്കിയുള്ള നൃത്ത ശില്പമായിരുന്നു അതിലൊന്ന്.

അതിനു പുറമെ ഒരു ബ്രസീലിയൻ സംഗീത ഗ്രൂപ് ഇന്ത്യയുടെ സമ്പുഷ്ട സംസ്കാരത്തെയും ആധ്യാത്മിക മൂല്യങ്ങളെയും പ്രതീകർത്തിക്കുന്ന സംഗീതം അവതരിപ്പിച്ചു.

ജൂലൈ 6-7നു നടക്കുന്ന ഉച്ചകോടിക്കു എത്തുന്ന പല ലോക നേതാക്കളെയും മോദി കാണും.

അർജന്റീനയിലെ സന്ദർശനം പൂർത്തിയാക്കിയാണ് ശനിയാഴ്ച മോദി ബ്രസീലിൽ എത്തിയത്. ജൂലൈ 9നു നമീബിയയിലേക്കു പറക്കുന്ന മോദി അവിടെ പാർലമെന്റിനെ അഭിസംബോധന ചെയ്യും.

### സ്വാതന്ത്ര്യ യോദ്ധാവിനു ആദരം

ശനിയാഴ്ച അർജന്റീനയിൽ മോദി രാജ്യത്തിൻറെ സ്വാതന്ത്ര്യ സമര നേതാവ് ജനറൽ ഹോസെ ഡി സാൻ മാർട്ടിന് ആദരാഞ്ജലി അർപ്പിച്ചു. സാൻ മാർട്ടിൻ സ്മാരകത്തിൽ അദ്ദേഹം പുഷ്പചക്രം സമർപ്പിച്ചു വണങ്ങി.

സൗത്ത് അമേരിക്കൻ രാജ്യത്തു 57 വർഷത്തിനു ശേഷമാണ് ഇന്ത്യൻ പ്രധാനമന്ത്രി എത്തിയത്.

പ്രസിഡന്റ് ഹവിയർ മിലിയുമായി മോദി ചർച്ച നടത്തി.


India Press Club of North America
IPCNA
India Press Club of North America
11th
INTERNATIONAL
MEDIA
CONFERENCE
2025
'The largest bulb on the planet - located in Edison, NJ'
SHERATON
OCTOBER 09 10 11
At SHERATON, Edison, New Jersey
Sunil Tristar (Samuel Easo) National President
Shijo Poulose National Secretary
Vishakh Cherian National Treasurer
Sunil Thymattam Advisory Board Chairman
Raju Pallath President Elect 2026-27
Anil Kumar Aranmula National Vice President
Asha Mathew Joint Secretary
Roy Mulakunnam Joint Treasurer
India Press Club of North America
www.indiapressclub.org | indiapressclubofna@gmail.com
Sunil Tristar 1-917-662-1122
Shijo Poulose 1-201-238-9654
Vishakh Cherian 1-757-756-7374

# ട്രംപിന്റെ ബിൽ ശരിക്കും 'ബ്യൂട്ടിഫുൾ' ആണോ?



പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ 'വൺ ബിഗ് ബ്യൂട്ടിഫുൾ ബിൽ ആക്ട്' എന്ന് റിപ്പബ്ലിക്കൻമാർ വിളിക്കുന്ന നിയമം കോൺഗ്രസ് പാസാക്കി. വിദഗ്ധരുടെ വിശകലനം അനുസരിച്ച്, സമ്പന്നരായ അമേരിക്കക്കാർക്കാണ് നികുതി പാക്കേജിൽ നിന്ന് കൂടുതൽ പ്രയോജനം ലഭിക്കുന്നത്.

എന്നാൽ, പ്രസ്തുത ബില്ലിനെ ടെസ്ല സിഇഒ എലോൺ മസ്ക് ശക്തമായി എതിർത്തുകൊണ്ട് സോഷ്യൽ മീഡിയയിൽ അലമുറയിടുകയാണ്. ഇലക്ട്രിക് വാഹന നികുതി ക്രെഡിറ്റുകൾ പെട്ടെന്ന് അവസാനിപ്പിക്കുന്നതാണ് മസ്കിനെ ചൊടിപ്പിച്ചിരിക്കുന്നത്. ഭാവിയിലെ വ്യവസായങ്ങളെ ഇത് ഗുരുതരമായി നശിപ്പിക്കുമെന്നും റിപ്പബ്ലിക്കൻമാർ ഈ ബിൽ നിയമമാക്കുന്നത് അതവരുടെ 'രാഷ്ട്രീയ ആത്മഹത്യ' ആയിരിക്കുമെന്നുമാണ് അദ്ദേഹം പ്രവചിച്ചത്. ലോകത്തെ ഏറ്റവും സമ്പന്നനെ മാത്രമല്ല, മെഡികെയ്ഡ്, ഫുഡ് സ്റ്റാമ്പ് പോലുള്ളവയിലെ വെട്ടിച്ചുരുക്കൽകൊണ്ട് സാധാരണക്കാർക്കും ബില്ലിനോട് അതൃപ്തിയുണ്ട്.

ബിൽ ജനങ്ങളെ എങ്ങനെ ബാധിക്കും?

മെഡിക്കെയ്ഡ് എക്സ്പാൻഷൻ വഴി എൻറോൾ ചെയ്യുന്ന 19 നും 64 നും ഇടയിൽ പ്രായമുള്ള അമേരിക്കക്കാർക്ക് മാസത്തിൽ കുറഞ്ഞത് 80 മണിക്കൂറെങ്കിലും ജോലി ചെയ്യേണ്ടതായി വരും. 14 വയസ്സും അതിൽ കൂടുതലുമുള്ള കുട്ടികളുടെ മാതാപിതാക്കൾക്കും ഈ ഉത്തരവ് ബാധകമാകും. എക്സ്പാൻഷൻ എൻറോൾ ചെയ്യുന്നവരുടെ യോഗ്യത കൂടുതൽ തവണ അവലോകനം ചെയ്യേണ്ടിവരും. എൻറോൾ ചെയ്യുന്നവർക്ക് കൂടുതൽ പേപ്പർ വർക്കുകളും നേരിടേണ്ടിവരും. ചിലർക്ക് അവരുടെ ആനുകൂല്യങ്ങൾക്കായി അപേക്ഷിക്കാനും അത് നിലനിർത്താനും ബുദ്ധിമുട്ടാക്കും.

എൻറോൾമെന്റ് കാര്യക്ഷമമാക്കുന്നതിനും കവറേജ് പുതുക്കുന്നതിനും ലക്ഷ്യമിട്ടുള്ള ബൈഡൻ അഡ്മിനിസ്ട്രേഷനിലെ ചില വ്യവസ്ഥകൾ നടപ്പിലാക്കുന്നത് ബിൽ വൈകിപ്പിക്കും. വലിയൊരു വിഭാഗത്തിന് ബില്ലിലെ മെഡിക്കെയ്ഡ് വ്യവസ്ഥകൾ കാരണം കവറേജ് നഷ്ടപ്പെടും.2034 ൽ 12 മില്യൺ ആളുകൾക്ക് ഇൻഷുറൻസ് ഇല്ലാതെ വരുമെന്നാണ് റിപ്പോർട്ട്.

ഫുഡ് സ്റ്റാമ്പുകൾ ലഭിച്ചുകൊണ്ടിരിക്കുന്ന വലിയൊരു വിഭാഗത്തിന് അവരുടെ ആനുകൂല്യങ്ങൾ നിലനിർത്താൻ ജോലി ചെയ്യേണ്ടിവരും. 55 നും 64 നും ഇടയിൽ പ്രായമുള്ളവർ, 14 വയസ്സും അതിൽ കൂടുതലുമുള്ള കുട്ടികളുടെ മാതാപിതാക്കൾ, വിരമിച്ച സൈനികർ, ഭവനരഹിതർ എന്നിവരുടെ നിലവിലുള്ള തൊഴിൽ മാൻഡേറ്റ് ബിൽ വിപുലീകരിക്കും.

ഒബാമാകെയർ എക്സ്ചേഞ്ചുകളിൽ കവറേജ് തേടുന്ന അമേരിക്കക്കാർക്ക്



**ഗ്രാജുവേറ്റ് സ്കൂളിനുള്ള സ്റ്റുഡന്റ് ലോണിൽ മാതാപിതാക്കൾക്ക് എത്ര കടം വാങ്ങാമെന്നതിനും പുതിയ പരിധികൾ ഏർപ്പെടുത്തും. പാർട്ട് ടൈം വിദ്യാർത്ഥികൾക്ക് വായ്പ നൽകുന്നതിന് പരിധികൾ ഉണ്ടായിരിക്കും. കടം തിരിച്ചടയ്ക്കാത്തവർക്ക് ബൈഡൻ ഭരണകൂടം മാപ്പ് നൽകിയതിൽ നിന്ന് തികച്ചും വ്യത്യസ്തമാണ് പുതിയ തിരിച്ചടവ് രീതികൾ.**

പ്ലാനുകളിൽ ചേരുന്നതിനും പ്രീമിയങ്ങൾ അടയ്ക്കാൻ സഹായിക്കുന്നതിന് ഫെഡറൽ സബ്സിഡികൾ സ്വീകരിക്കുന്നതിനും കൂടുതൽ ബുദ്ധിമുട്ടുകൾ നേരിടേണ്ടിവരും. ലക്ഷക്കണക്കിന് ആളുകൾക്ക് അവരുടെ ഒബാമാകെയർ കവറേജ് നഷ്ടപ്പെടും.

മെഡികെയ്ഡിനും ഫുഡ് സ്റ്റാമ്പുകൾക്കുമുള്ള ഫെഡറൽ പിന്തുണയിൽ വൻതോതിൽ കുറവു വരുത്തേണ്ടിവരുമെന്നതിനാൽ സംസ്ഥാന നിയമനിർമ്മാതാക്കൾക്ക് കടുത്ത തീരുമാനങ്ങൾ എടുക്കേണ്ടി വരും.

ആനുകൂല്യങ്ങളോ യോഗ്യതയോ വെട്ടിക്കുറച്ചുകൊണ്ട് പ്രോഗ്രാമുകളുടെ ചെലവ് പരിമിതപ്പെടുത്താൻ അവർ ശ്രമിക്കാം. ഫുഡ് സ്റ്റാമ്പ് ആനുകൂല്യങ്ങളുടെ ഒരു ഭാഗം അടയ്ക്കാനും ഭരണപരമായ ചെലവുകൾ കൂടുതലായി വഹിക്കാനും പല സംസ്ഥാനങ്ങളും ആവശ്യപ്പെടും.

2025 മുതൽ 2028 വരെ മുതിർന്ന പൗരന്മാർക്ക് അവരുടെ സ്റ്റാൻഡേർഡ് ഡിഡക്ഷനിൽ $6,000 വർദ്ധനവ് ലഭിക്കും. 75,000 ഡോളറിൽ കൂടുതൽ വരുമാനമുള്ള വ്യക്തികൾക്കും അതിന്റെ ഇരട്ടി വരുമാനമുള്ള ദമ്പതികൾക്കും ആനുകൂല്യം ക്രമേണ ഇല്ലാതാകും.

ഗ്രാജുവേറ്റ് സ്കൂളിനുള്ള സ്റ്റുഡന്റ് ലോണിൽ മാതാപിതാക്കൾക്ക് എത്ര കടം വാങ്ങാമെന്നതിനും പുതിയ പരിധികൾ ഏർപ്പെടുത്തും. പാർട്ട് ടൈം വിദ്യാർത്ഥികൾക്ക് വായ്പ നൽകുന്നതിന് പരിധികൾ ഉണ്ടായിരിക്കും. കടം തിരിച്ചടയ്ക്കാത്തവർക്ക് ബൈഡൻ ഭരണകൂടം മാപ്പ് നൽകിയതിൽ നിന്ന് തികച്ചും വ്യത്യസ്തമാണ് പുതിയ തിരിച്ചടവ് രീതികൾ.

വായ്പയെടുത്ത് പുതിയ അമേരിക്കൻ നിർമ്മിത കാർ വാങ്ങുന്നവർക്ക് ഈ ബിൽ അനുകൂലമാണ്. നികുതി നൽകേണ്ട വരുമാനത്തിൽ നിന്ന് $10,000 വരെ പലിശ കുറയ്ക്കാൻ ഇതിലൂടെ സാധിക്കും. ഇലക്ട്രിക് വാഹനം വാങ്ങാൻ ആഗ്രഹിക്കുന്നവരുടെ കൈപൊള്ളും. പ്രസിഡന്റ് ജോ ബൈഡന്റെ കീഴിൽ ഡെമോക്രാറ്റുകൾ നടപ്പിലാക്കിയതും $7,500 വരെയുള്ള ഇലക്ട്രിക് വാഹന നികുതി ക്രെഡിറ്റുകൾ സെപ്റ്റംബർ അവസാനത്തോടെ അവസാനിക്കും.

കുട്ടികളുടെ നികുതി ക്രെഡിറ്റ് സ്ഥിരമായി ഒരു കുട്ടിക്ക് $2,200 ആയി ഉയർത്തും. $200,000 വരെ വരുമാനമുള്ള സിംഗിൾ പേരന്റിനും $400,000 വരെ വരുമാനമുള്ള ദമ്പതികൾക്കും അർഹത ലഭിക്കും. ഉയർന്ന വരുമാനമുള്ളവർക്ക് ക്രെഡിറ്റ് ഘട്ടംഘട്ടമായി നിർത്തലാക്കും.

ഫുഡ് സ്റ്റാമ്പുകൾ, മെഡിക്കെയ്ഡ്, സബ്സിഡികൾ, മെഡികെയർ എന്നിവയുൾപ്പെടെയുള്ള ഫെഡറൽ ആനുകൂല്യങ്ങൾക്കുള്ള യോഗ്യത പൗരന്മാരല്ലാത്ത അഭയാർത്ഥികൾ, ഗാർഹിക പീഡനത്തിനും ലൈംഗിക ചൂഷണത്തിനും ഇരയായവർ തുടങ്ങിയ ചില കുടിയേറ്റക്കാർക്ക് ഇനി ലഭിക്കില്ല.

# ട്രിനിഡാഡിലെയും ടൊബാഗോയിലെയും ആറാം തലമുറയ്ക്ക് ഒസിഐ കാർഡ് നൽകുമെന്ന് മോഡി



പോർട്ട് ഓഫ് സ്പെയിൻ, ജൂലൈ 4 : ട്രിനിഡാഡിലെയും ടൊബാഗോയിലെയും ഇന്ത്യൻ പ്രവാസികളുടെ ആറാം തലമുറക്കാർക്ക് ഓവർസീസ് സിറ്റിസൺഷിപ്പ് ഓഫ് ഇന്ത്യ (ഒസിഐ) കാർഡുകൾ നൽകുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോഡി വ്യാഴാഴ്ച പ്രഖ്യാപിച്ചു. രക്തത്തിലൂടെയോ കുടുംബപ്പേരിലൂടെയോ മാത്രമല്ല ആറാം തലമുറയ്ക്ക് ഇന്ത്യയുമായുള്ള ബന്ധമെന്നും,രാജ്യം അവരെ സ്വാഗതം ചെയ്യുന്നു എന്നും ട്രിനിഡാഡിലെയും ടൊബാഗോയിലെയും ഇന്ത്യൻ സമൂഹത്തെ അഭിസംബോധന ചെയ്തുകൊണ്ട് മോഡി പറഞ്ഞു. ഒരുമിച്ച് അറിയാനും വളരാനും ആഗ്രഹിക്കുന്ന യുവതലമുറയുടെ തിളക്കമുള്ള കണ്ണുകളിലെ ജിജ്ഞാസ താൻ കാണുന്നു എന്നും ഇരു രാജ്യങ്ങളുമായുള്ള ബന്ധം ഭൂമിശാസ്ത്രത്തിനും തലമുറകൾക്കും അതീതമാണെന്നും മോഡി അഭിപ്രായപ്പെട്ടു. പ്രധാനമന്ത്രി കമല പെർസാദ്-ബിസെസ്സറിന്റെ പൂർവ്വികർ ബിഹാറിലെ ബക്സർ മേഖലയിൽ നിന്നുള്ളവരാണെന്നും അദ്ദേഹം പരാമർശിച്ചു. ബീഹാറിന്റെ പൈതൃകം ഇന്ത്യയുടെയും ലോകത്തിന്റെയും അഭിമാനമാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

'നൂറ്റാണ്ടുകളായി വിവിധ മേഖലകളിൽ ബീഹാർ ലോകത്തിന് വഴികാട്ടിയായി. 21-ാം നൂറ്റാണ്ടിലും ബീഹാറിൽ നിന്ന് പുതിയ അവസരങ്ങൾ ഉയർന്നുവരും,' അദ്ദേഹം കൂട്ടിച്ചേർത്തു. 500 വർഷത്തിനുശേഷം രാം ലല്ല അയോധ്യയിലേക്ക് മടങ്ങിയെത്തിയതിനെക്കുറിച്ചും മോഡി സന്തോഷത്തോടെ ഓർമ്മിച്ചു. ഇന്ത്യൻ പ്രവാസികളോട് സംസാരിച്ച പ്രധാനമന്ത്രി, അയോധ്യയിൽ രാമക്ഷേത്രം നിർമ്മിക്കുന്നതിനായി അവർ എത്തിച്ചുകൊടുത്ത പുണ്യജലത്തെപ്പറ്റിയും ശിലാഫലകത്തെക്കുറിച്ചും സ്മരിച്ചു. രാമക്ഷേത്രത്തിന്റെ ഒരു പകർപ്പും സരയു നദിയിൽ നിന്ന് പുണ്യജലവും അവരുടെ സ്നേഹത്തിന് പകരമായി മോഡി കൊണ്ടുവന്നിരുന്നു.

അയോധ്യയുടെ മഹത്വം വിശുദ്ധ സരയുവിൽ നിന്നാണ് ഉത്ഭവിക്കുന്നതെന്ന് ശ്രീരാമ ചാരിത് മാനസിൽ പറയുന്നുണ്ട്. ആ പുണ്യജലത്തിൽ മുങ്ങുന്ന ഏതൊരാൾക്കും ശ്രീരാമനുമായി ശാശ്വതമായ ഐക്യം കണ്ടെത്താനാകുമെന്ന് പ്രധാനമന്ത്രി പറഞ്ഞു. ഈ വർഷം ആദ്യം, ലോകത്തിലെ ഏറ്റവും വലിയ ആത്മീയ സമ്മേളനമായ മഹാ കുംഭമേള നടന്നതിനെക്കുറിച്ചും അവിടെനിന്നുള്ള ജലമാണ് കൊണ്ടുവന്നിട്ടുള്ളതെന്നും വ്യക്തമാക്കിക്കൊണ്ട് മോഡി സരയു നദിയിലെ പുണ്യജലം സമർപ്പിക്കാൻ പ്രധാനമന്ത്രി കമല പ്രസാദ്-ബിസ്സസ്സറോട് അഭ്യർത്ഥിച്ചു. പുണ്യജലം ട്രിനിഡാഡ് ആൻഡ് ടൊബാഗോയിലെ ജനങ്ങളെ അനുഗ്രഹിക്കട്ടെ എന്നും അദ്ദേഹം ആശംസിച്ചു.

ട്രിനിഡാഡിലെയും ടൊബാഗോയിലെയും ഇന്ത്യൻ സമൂഹത്തിന്റെ ധൈര്യത്തെക്കുറിച്ചും അവരുടെ സംഭാവനകൾ ആ രാജ്യത്തിന് സാംസ്കാരികമായും സാമ്പത്തികമായും ആത്മീയമായും നൽകിയ ഗുണങ്ങളെക്കുറിച്ചും മോഡി വാചാലനായി. പ്രതിസന്ധികളിൽ തളരാതെ മുൻ തലമുറക്കാർ സ്ഥിരോത്സാഹത്തോടെ പ്രശ്നങ്ങളെ നേരിട്ടതിനെക്കുറിച്ചും അദ്ദേഹം ഊന്നിപ്പറഞ്ഞു. രാമായണത്തെ ഹൃദയത്തിൽ വഹിച്ചുകൊണ്ട് സ്വന്തം മണ്ണ് ഉപേക്ഷിച്ചപ്പോഴും അവരുടെ ആത്മാവ് ഇന്ത്യയിലാണെന്നും അദ്ദേഹം പറഞ്ഞു. അവർ വെറും കുടിയേറ്റക്കാർ അല്ലെന്നും കാലാതീതമായ ഒരു നാഗരികതയുടെ സന്ദേശവാഹകരായിരുന്നു എന്നും മോഡി അഭിപ്രായപ്പെട്ടു.

രാജ്യത്തെ ആദ്യത്തെ വനിതാ പ്രധാനമന്ത്രി കമല പെർസാദ്-ബിസെസ്സർ ,വനിതാ രാഷ്ട്രപതി ക്രിസ്റ്റീൻ കാർല കങ്കലൂ ജി എന്നിവരെയും മോഡി പ്രശംസിച്ചു.

'ബനാറസ്, പട്ന, കൊൽക്കത്ത, ഡൽഹി എന്നിങ്ങനെ ഇന്ത്യയിലെ നഗരങ്ങളുടെ പേരുകൾ തന്നെ ഇവിടുത്തെ തെരുവുകൾക്കും കാണാം. നവരാത്രി, മഹാശിവരാത്രി, ജന്മാഷ്ടമി എന്നിവ ഇവിടെയും സന്തോഷത്തോടെയും, ഉത്സാഹത്തോടെയും, അഭിമാനത്തോടെയും ആഘോഷിക്കപ്പെടുന്നു.'നരേന്ദ്ര മോഡി സ്നേഹത്തോടെ ചൂണ്ടിക്കാട്ടി. ഇരുരാജ്യങ്ങളുമായി സൗഹൃദം കൂടുതൽ ശക്തമായതായും മോഡി പറഞ്ഞു.


Joyalukkas
SUMMER
CASHBACK
FESTIVAL
Make this summer even brighter
with our limited time offers
GET A
$75 CASH
VOUCHER
WITH EVERY
$1,000 PURCHASE
OF DIAMOND JEWELRY
GET A
$25 CASH
VOUCHER
WITH EVERY $1,000
PURCHASE OF PRECIOUS
STONE JEWELRY
T&C Apply
0% DEDUCTIONS
ON OLD GOLD
EXCHANGE.
JUNE 14 TO JULY 27 2025
Shop Today & Get Rewarded!
www.joyalukkas.com
Joyalukkas
World's favourite jeweller
NEW JERSEY
1665 OAK TREE ROAD,
SUIT #325, EDISON, NEW JERSEY.
TEL: +1 732 515 9902
CHICAGO
2642 WEST DEVON AVENUE,
CHICAGO, ILLINOIS.
TEL: +1 773 856 3013
ATLANTA
3155 PEACHTREE PKWY,
SUWANEE GA 30024, USA,
TEL: +1 470 835 6136
DALLAS
7055 PRESTON ROAD
FRISCO, DALLAS, TEXAS - 75034.
TEL: +1 972 292 9936
HOUSTON
5901 HILCROFT AVENUE,
#C7-A, HOUSTON, TEXAS.
TEL: +1 713 784 2992

# ട്രംപിന്റെ ബജറ്റ് ബിൽ ക്രൂരമായ ജനവഞ്ചനയാണെന്നു ഇന്ത്യൻ അമേരിക്കൻ ഡെമോക്രാറ്റിക് നേതാക്കൾ



യുഎസ് ഹൗസ് അംഗീകരിച്ച പ്രസിഡന്റ് ഡോണൾഡ് ട്രംപിന്റെ ആഭ്യന്തര അജണ്ട അടങ്ങുന്ന ബജറ്റ് ബിൽ ക്രൂരമായ ജനവഞ്ചനയാണെന്നു കോൺഗ്രസിലെ ഇന്ത്യൻ അമേരിക്കൻ ഡെമോക്രാറ്റിക് അംഗങ്ങൾ ചൂണ്ടിക്കാട്ടി. റെപ്. പ്രമീള ജയപാൽ, രാജ കൃഷ്ണമൂർത്തി, ആമി ബെറ, ശ്രീ തനെദാർ, സുഹാസ് സുബ്രമണ്യം എന്നിവർ ബില്ലിനെതിരെ വോട്ട് ചെയ്തിരുന്നു.

ബിൽ സമ്പന്ന വർഗത്തെ അമിതമായി സഹായിക്കുകയും സാധാരണക്കാരനെ ദുരിതത്തിലേക്കു തള്ളി വിടുകയും ചെയ്യുന്നുവെന്ന് അവർ ചൂണ്ടിക്കാട്ടി. സുപ്രധാന സാമൂഹ്യ സുരക്ഷാ പദ്ധതികൾക്ക് ബിൽ കത്തി വയ്ക്കുന്നു.

ഈ ക്രൂരമായ വഞ്ചന അമേരിക്കൻ ജനതയെ കൂടുതൽ ദരിദ്രരാക്കുമെന്നു ജയപാൽ ചൂണ്ടിക്കാട്ടി. '17 മില്യൺ അമേരിക്കക്കാരുടെ ആരോഗ്യ രക്ഷ ഇത് ഇല്ലാതാക്കും. എല്ലാവർക്കും ചികിത്സ ചെലവുകൾ ഉയരും. 300 ഗ്രാമീണ ആശുപത്രികൾ പൂട്ടേണ്ടി വരും.

'കാൻസർ പരിശോധന നടത്തുന്ന കേന്ദ്രങ്ങളും അടിസ്ഥാന പ്രത്യുല്പാദന ചികിത്സ നടത്തുന്ന കേന്ദ്രങ്ങളും അടച്ചു പൂട്ടും. ദശലക്ഷക്കണക്കിനു വിശക്കുന്ന കുടുംബങ്ങൾക്കു ഭക്ഷണ സഹായം നഷ്ടമാവും. സ്നാപ് ന്യൂട്രീഷൻ പ്രോഗ്രാമിന്റെ ഏറ്റവും വലിയ വെട്ടിക്കുറയ്ക്കലാണിത്.'

റിപ്പബ്ലിക്കൻ പാർട്ടി ദരിദ്രരുടെ പണം ഏറ്റവുമധികം പണക്കാർക്ക് കൈമാറുന്ന ബില്ലാണ് അംഗീകരിച്ചു വിട്ടതെന്ന് അവർ ആരോപിച്ചു.

ബില്ലിനെ ക്രൂരവും വെളിവുകെട്ടതും എന്നാണ് റെപ്. രാജ കൃഷ്ണമൂർത്തി വിളിച്ചത്. 'മില്യൺ കണക്കിനാളുകൾക്കു ആരോഗ്യ രക്ഷ നഷ്ടമാവും, ജോലി ചെയ്തു ജീവിക്കുന്ന കുടുംബങ്ങൾക്ക് ചെലവേറും. അതേ സമയം, അതി സമ്പന്നർക്ക് വിശാലമായ നികുതി ഇളവാണ് ലഭിക്കുക.'

റെപ്. തനെദാർ പറഞ്ഞു: 'ഈ വലിയ വൃത്തികെട്ട ബിൽ 17 മില്യൺ ആളുകളുടെ ആരോഗ്യ രക്ഷയാണ് നഷ്ടമാക്കുന്നത്. രണ്ടു മില്യൺ പേർക്ക് കൂടി ഭക്ഷണം ഇല്ലാതാവും. ശതകോടീശ്വരന്മാർക്കു വമ്പൻ നികുതി ഇളവും കിട്ടും.'

അധികാരമേറ്റാൽ ആദ്യ ദിവസം വിലകൾ കുറയ്ക്കുമെന്നു ഉറപ്പു നൽകിയ ട്രംപ് ആറു മാസം കഴിഞ്ഞിട്ടും ഒന്നും ചെയ്തിട്ടില്ലെന്നു അദ്ദേഹം ചൂണ്ടിക്കാട്ടി.

വിർജിനിയയിൽ ജോലി ചെയ്യുന്ന കുടുംബങ്ങൾക്ക് വൻ നഷ്ടങ്ങളാണ് ഉണ്ടാവുകയെന്ന് സുഹാസ് സുബ്രമണ്യം ചൂണ്ടിക്കാട്ടി. ഈ 'വൃത്തികെട്ട വമ്പൻ ബിൽ' ഒരു കൊടിയ വഞ്ചനയാണ്.

'അത് വിലകൾ ഉയർത്തും, ആരോഗ്യരക്ഷയും ഭക്ഷ്യ സുരക്ഷയും ഇല്ലതാക്കും. രാജ്യത്തിൻറെ കട ബാധ്യത കുതിച്ചുയരുകയും ചെയ്യും.'

സാമ്പത്തിക വിദഗ്ദൻ കൂടിയായ റെപ്. റോ ഖന്ന പറഞ്ഞു: 'ട്രംപ് കുറഞ്ഞ വരുമാനക്കാരുടെയും അധ്വാന വർഗത്തിന്റെയും പണം എടുത്തു ഏറെ സമ്പന്നരായവരുടെ പോക്കറ്റിൽ ഇട്ടു കൊടുക്കുകയാണ്. ഇത് സമ്പദ് വ്യവസ്ഥയെ മന്ദഗതിയിലാക്കുകയും ചെയ്യും.'


SPECTRUM
AUTO
Exceeding Perfection
CERTIFIED COLLISION CENTER
TESLA
APPROVED COLLISION CENTER
GOLD CLASS
PLATINUM
5.0 average rating
OEM CERTIFICATIONS
HONDA
HYUNDAI
RAM
INFINITI
ACURA
CHRYSLER
DODGE
Jeep
KIA
FIAT
NISSAN
CERTIFIED COLLISION REPAIR PROVIDER
COLLISION REPAIR NETWORK
SCAN ME
845 348 7777 | SPECTRUMAUTOINC.COM
175 SOUTH ROUTE 303, WEST NYACK, NY 10994

# ചിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ദൈവാലയത്തിൽ അഭി. ഗീവർഗീസ് മാർ അപ്രേം പിതാവിന് സ്വീകരണവും മുതിർന്നവരുടെ സംഗമവും പ്രൗഢഗംഭീരമായി നടത്തപ്പെട്ടു



**അനിൽ മറ്റത്തിക്കുന്നേൽ**

ചിക്കാഗോ: ചിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയുടെ പതിനഞ്ചാം വാർഷികത്തിന്റെ ഭാഗമായി കോട്ടയം അതിരൂപതാ സഹായ മെത്രാനും കോട്ടയം അതിരൂപതയിലെ പ്രഥമ മലങ്കര റീത്തിലെ മെത്രാനും കൂടിയായ ഗീവർഗീസ് മാർ അപ്രേം പിതാവിന് സ്വീകരണവും ഇടവകയിലെ മുതിർന്ന ഇടവകാംഗങ്ങളുടെ സംഗമവും നടത്തപ്പെട്ടു. ജൂലൈ 1 ചൊവ്വാഴ്ച്ച വൈകുന്നേരമാണ് പരിപാടികൾ സംഘടിപ്പിക്കപ്പെട്ടത്. വൈകിട്ട് 6 മണിക്ക് എത്തിയ പിതാവിനെ അസി. വികാരി ഫാ. അനീഷ് മാവേലിപുത്തെൻപുര പൊന്നാട അണിയിച്ചും ട്രസ്റ്റി കോർഡിനേറ്റർ സാബു കട്ടപ്പുറം ബൊക്കെ നൽകിയും സ്വീകരിച്ചു. തുടർന്ന് ദൈവാലയ കവാടത്തിൽ ഇടവക വികാരി ഫാ. സിജു മുടക്കോടിൽ കത്തിച്ച തിരി നൽകി അപ്രേം പിതാവിനെ ദൈവാലയത്തിലേക്ക് ആനയിച്ചു. തുടർന്ന് നടത്തപ്പെട്ട സായാഹ്ന പ്രാർത്ഥനകൾക്ക് ശേഷം മലങ്കര റീത്തിൽ അഭിവന്ദ്യ പിതാവിന്റെ മുഖ്യ കാർമികത്വത്തിൽ വിശുദ്ധ കുർബ്ബാന അർപ്പിക്കപ്പെട്ടു. ചിക്കാഗോ സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ഇടവക വികാരി ഫാ. ജെറി മാത്യു, ഫാ. സിജു മുടക്കോടിൽ, ഫാ. അനീഷ് മാവേലിപുത്തെൻപുര എന്നിവർ സഹ കാർമ്മികരായിരുന്നു. ഫാ. സിജു മുടക്കോടിൽ സെന്റ്



മേരീസ് ഇടവകയിലേക്ക് ആദ്യമായി എത്തുന്ന ഗീവർഗ്ഗീസ് മാർ അപ്രേം പിതാവിനെ സ്വാഗതം ചെയ്തുകൊണ്ട് ആമുഖ പ്രസംഗം നടത്തി. ഇടവകയുടെ പതിനഞ്ചാം വാർഷികത്തിന്റെ ഭാഗമായി ക്നാനായ സമുദായത്തിലെ മലങ്കര റീത്തിലെ പ്രഥമ മെത്രാനെ ആദ്യമായി സ്വീകരിക്കുവാൻ സാധിച്ചു എന്നത് ഏറെ ദൈവനാനുഗ്രഹപ്രദമായ അവസരമായി മാറിയിരിക്കുകയാണ് എന്ന് അദ്ദേഹം അറിയിച്ചു. ക്നാനായ മലങ്കര കത്തോലിക്കാ വിഭാഗത്തിന്റെ ചരിത്രവും, സീറോ മലബാർ റീത്തും സീറോ മലങ്കര റീത്തും ഉൾപ്പെടുന്ന കോട്ടയം അതിരൂപതയുടെ സവിശേഷമായ പ്രസക്തിയെപ്പറ്റിയും കുർബ്ബാന മദ്ധ്യേ പിതാവ് വിശദീകരിച്ചു. വിശുദ്ധ കുർബ്ബാനയ്ക്ക് ശേഷം പതിനഞ്ചാം വാർഷികത്തിന്റെ ഭാഗമായി 70 വയസ്സിന് മുകളിൽ ഉള്ള ഇടവകാംഗങ്ങളെ ആദരിച്ചു. 70 വയസ്സിന് മുകളിൽ പ്രായമായവർക്കായി പ്രത്യേക അനുഗ്രഹ പ്രാർത്ഥനയും ആശീർവാദവും അഭിവന്ദ്യ പിതാവിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. വികാരി. ഫാ. സിജു മുടക്കോടിൽ, അസി. വികാരി ഫാ. അനീഷ് മാവേലിപുത്തെൻപുര, സെക്രട്ടറി സിസ്റ്റർ ഷാലോം കൈക്കാരന്മാരായ സാബു കട്ടപ്പുറം, ബിനു പൂത്തുറയിൽ, ലൂക്കോസ് പൂഴിക്കുന്നേൽ, ജോർജ്ജ് മറ്റത്തിപ്പറമ്പിൽ, നിബിൻ വെട്ടിക്കാട്ട്, സണ്ണി മേലേടം, ബിനു കൈതക്കത്തൊട്ടിയുടെ നേതൃത്വത്തിലുള്ള പതിനഞ്ചാം വാർഷിക കമ്മറ്റിയംഗങ്ങൾ എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി.












MALABAR
GOLD & DIAMONDS
Golden Summer
UPTO 50%
DISCOUNT
on gold jewellery making charges
& diamond value
Offer valid till 20 July, 2025
*T&C Apply

# ന്യൂ ജേഴ്സി അന്താരാഷ്ട്ര മാധ്യമ കോൺഫെറൻസിനു തിരി കൊളുത്തി ഹ്യൂസ്റ്റൺ ചാപ്റ്റർ കിക്കോഫ് സമ്മേളനം വൻവിജയം



**സൈമൺ വാളച്ചേരിൽ ഹൂസ്റ്റൺ**

ഹ്യൂസ്റ്റൺ: ഒക്ടോബർ 9, 10, 11 തീയതികളിൽ ന്യൂജേഴ്സിയിലെ ഷെറാട്ടൺ എഡിസണിൽ നടക്കുന്ന ഇന്ത്യാ പ്രസ്ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ അന്താരാഷ്ട്ര മീഡിയ കോൺഫെറൻസിനുള്ള ഹ്യൂസ്റ്റൺ ചാപ്റ്ററിന്റെ കിക്കോഫ് സമ്മേളനം പ്രൗഢോജ്ജ്വലമായി. മിസോറി സിറ്റിയിലെ അപ്നാബസാർ ഓഡിറ്റോറിയത്തിൽ നടന്ന വർണശബളമായ ചടങ്ങിൽ വിവിധ തലങ്ങളിൽ പ്രശസ്തരായ അമേരിക്കൻ മലയാളി വ്യക്തിത്വങ്ങൾ പങ്കെടുത്തു.

ഹ്യൂസ്റ്റൺ ചാപ്റ്റർ പ്രസിഡന്റ് സൈമൺ വാളച്ചേരിൽ അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ ഫോർട്ട് ബെൻഡ് കൗണ്ടി ജഡ്ജ് കെ പി ജോർജ്, സ്റ്റാഫോർഡ് സിറ്റി മേയർ കെൻ മാത്യു, ജഡ്ജ് സുരേന്ദ്രൻ പട്ടേൽ , ജഡ്ജ് ജൂലി മാത്യു, മിസോറി സിറ്റി മേയർ റോബിൻ ഇലക്കാട്ട് , ഫോട്ബെൻഡ് പൊലീസ് ക്യാപ്റ്റൻ മനോജ്കുമാർ പൂപ്പാറയിൽ, ഫോമാ നാഷണൽ പ്രസിഡന്റ് ബേബി മണക്കുന്നേൽ, പ്രസ് ക്ലബ് നാഷണൽ പ്രസിഡന്റ് സുനിൽ ട്രൈസ്റ്റാർ, നാഷണൽ സെക്രട്ടറി ഷിജോ പൗലോസ്, നാഷണൽ വൈസ് പ്രസിഡന്റ് അനിൽകുമാർ ആറന്മുള, ചാപ്റ്റർ സെക്രട്ടറി മോട്ടി മാത്യു, ട്രെഷറർ അജു ജോൺ, വൈസ് പ്രസിഡണ്ട് ജീമോൻ റാന്നി, മുൻ പ്രസിഡണ്ട് ജോർജ് തെക്കേമല, ജോൺ ഡബ്ലിയു വർഗീസ് കൂടാതെ ഹൂസ്റ്റൺ ചാപ്റ്റർ അംഗങ്ങളെല്ലാവരും കൂടി നിലവിളക്കിനു തിരി കൊളുത്തിയതോടെ പരിപാടികൾക്ക് ഔദ്യോഗികമായി തുടക്കമായി!

ജോയിന്റ് സെക്രട്ടറി സജി പുല്ലാട് പ്രാർത്ഥനാഗാനം ആലപിച്ചു. അനിൽ ആറന്മുള പരിപാടികൾക്കെത്തിയ വിശിഷ്ടാതിഥികൾക്കു സ്വാഗതമാശംസിച്ചു. തുടർന്ന് ചാപ്റ്റർ പ്രസിഡന്റ് സൈമൺ വാളച്ചേരിൽ അധ്യക്ഷ പ്രസംഗം നടത്തി. മുഖ്യാതിഥിയും മുഖ്യ പ്രഭാഷകനുമായിരുന്ന നാഷണൽ പ്രസിഡന്റ് സുനിൽ ട്രൈസ്റ്റാർ ഇന്ത്യാ പ്രസ് ക്ലബ്ബിനെക്കുറിച്ചും ന്യൂജേർസിയിൽ നടക്കുന്ന കോൺഫ്രൻസിനെക്കുറിച്ചും വിശദമായി സംസാരിച്ചു. പ്രവർത്തനങ്ങളിലും കോൺഫ്രൻസുകളിലെ പ്രാതിനിധ്യം കൊണ്ടും മുൻപന്തിയിൽ നിൽക്കുന്ന ഹ്യൂസ്റ്റൺ ചാപ്റ്ററിനെ അദ്ദേഹം അനുമോദിക്കുകയും ഹ്യൂസ്റ്റൺ മലയാളികളെ കോൺഫറൻസിലേക്കു ക്ഷണിക്കുകയും ചെയ്തു. ഇന്ത്യ പ്രസ് ക്ലബ്ബിന്റെ എല്ലാ കോൺഫറൻസുകളും ഇതുവരെ ഏറ്റവും ഭംഗിയായി നടന്നിട്ടുണ്ടെന്നും അത്രയും തന്നെ പ്രതിനിധ്യത്തോടെ ന്യൂ ജേഴ്സിയിൽ നടക്കുന്ന കോൺഫറൻസ് വൻ വിജയമാക്കാൻ ഹൂസ്റ്റണിലുള്ളവരുടെ പങ്കു വലുതാണെന്നും നാഷണൽ സെക്രട്ടറി ഷിജോ പൗലോസ് തന്റെ പ്രസംഗത്തിൽ പറഞ്ഞു!

തുടർന്ന് ഫോർട്ട്ബെൻഡ് കൗണ്ടി ജഡ്ജ് കെ പി ജോർജ് ഇന്ത്യാ പ്രസ് ക്ലബ്ബിന്റെ ഉത്ഘാടകനാകാൻ സാധിച്ചതിൽ അഭിമാനമുണ്ടെന്നും കഴിഞ്ഞ ഏഴ് വർഷങ്ങളായി കൗണ്ടി ജഡ്ജ് ആയിരിക്കുന്ന തനിക്ക് ഹൂസ്റ്റണിലെ മലയാള പ്രസിദ്ധീകരണങ്ങൾ നൽകുന്ന പിന്തുണയിൽ നന്ദിയും ചാരിതാർഥ്യവും പ്രകടിപ്പിച്ചുകൊണ്ട് കിക്കോഫ് സമ്മേളനം ഉത്ഘാടനം ചെയ്തു. ഈ മാധ്യമ കോൺഫറൻസിന്റെ ഇവെന്റ് പാർട്ണർ ആയി മുൻപോട്ടു വന്ന പ്രശസ്ത അന്നാ-കിറ്റെക്സ് ഗ്രൂപ്പിന്റെ സി.എം.ഡി. ബോബി എം. ജെക്കോബിനോടും അവരുടെ ഉൽപന്നങ്ങളുടെ സമ്പൂർണ വിതരണക്കാരായ ഹൂസ്റ്റണിലുള്ള ഗ്രേസ് സപ്ലൈ ഗ്രൂപ്പിനോടും അനിൽ ആറന്മുള പ്രത്യേക നന്ദിയും കടപ്പാടും അറിയിച്ചു. ഫോമാ പ്രസിഡന്റ് ബേബി മണക്കുന്നേൽ സെക്രട്ടറി ഷിജോ പൗലോസിനു സ്പോൺസർഷിപ്പ് ചെക്ക് നൽകി ഫോമായുടെയും തന്റെയും പിന്തുണ അറിയിച്ചു കൊണ്ട് എലാവിധ ആശംസകളും നേർന്നു സംസാരിച്ചു. മറ്റു പിന്തുണ നൽകിയ ജികെ പിള്ള, ഡിസ്കൗണ്ട് അനിയൻ, ശശിധരൻ നായർ, ജോൺ ണ. വർഗീസ് പ്രോംപ്റ്റ് റിയൽറ്റി എന്നിവർക്കും നാഷണൽ വൈസ് പ്രസിഡന്റ് അനിൽ ആറന്മുള നന്ദി പ്രകാശിപ്പിച്ചു.

മിസോറി സിറ്റി മേയർ റോബിൻ ഇലക്കാട്ട്, സ്റ്റാഫ്ഫോർഡ് മേയർ കെൻ മാത്യു, ഡിസ്ട്രിക്ട് ജഡ്ജ് സുരേന്ദ്രൻ പട്ടേൽ, കൗണ്ടി കോർട്ട് ജഡ്ജ് ജൂലി മാത്യു, , ഫോമാ പ്രസിഡന്റ് ബേബി മണക്കുന്നേൽ, മുൻ



ഫൊക്കാന പ്രസിഡന്റ് ജി കെ പിള്ള, ശശിധരൻ നായർ, എന്നിവർ മീഡിയ കോൺഫ്രൻസിനു ആശംസകളേകി സംസാരിച്ചു. മാഗ് ട്രെഷറർ സുജിത് ചാക്കോ, വേൾഡ് മലയാളി കൌൺസിൽ ചെയർമാൻ പൊന്നു പിള്ള, നേഴ്സസ് അസോസിയേഷൻ പ്രസിഡന്റ് ബിജു ഇട്ടൻ, ഒരുമ പ്രസിഡണ്ട് ജിൻസ് മാത്യു, പാസഡീന മലയാളി അസോസിയേഷൻ പ്രസിഡണ്ട് റിച്ചാർഡ് ജേക്കബ് എന്നിവരും ആശംസ പ്രസംഗങ്ങൾ നടത്തി.

നേർകാഴ്ച ന്യൂസിൻറെ പുതിയ വെബ്സൈറ്റിന്റെ ഉത്ഘാടനം  പ്രശസ്ത ഫാഷൻ ഡിസൈനറും, മൈ ഡ്രീം ടീവി യുഎസഎ യുടെ അയൺ ലേഡി ഓഫ് ദി ഇയർ പുരസ്‌കാര ജേതാവും മിസിസ് ഇന്ത്യ-ടെക്സാസ് വിജയിയുമായ ഡോ. നിഷ സുന്ദരഗോപാൽ നിർവഹിച്ചു. പുതിയ ലോഗോയുടെ  പ്രകാശനം ഫോട്ബെൻഡ് പൊലീസ് ക്യാപ്റ്റൻ മനോജ്‌കുമാർ പൂപ്പാറയിൽ നിർവഹിച്ചു.

നെസ്സാ ചാക്കോയുടെ അതിമനോഹരമായ നൃത്തം, സജി പുല്ലാടി ന്റെ ഗാനങ്ങളും കലാപരിപാടികൾക്ക് കൊഴുപ്പേകി.  സെക്രട്ടറി മോട്ടി മാത്യു സംവിധാനം ചെയ്തു നിർമിച്ച ഹ്രസ്വ ചിത്രവും, അദ്ദേഹം തന്നെ പാടി അഭനയിച്ച കുഞ്ഞോളേ എന്ന മലയാളം റാപ് ആൽബവും മിസ് ഭാരത്-ടെക്സാസ് ഡോ. നിഷാ സുന്ദരഗോപാൽ റിലീസ് ചെയ്തു.  ആർജെ മാരായ റൈന റോക്ക്, ആൻസി സാമുവൽ എന്നിവർ എംസി മാരായി പ്രവർത്തിച്ചു.

യോഗത്തിൽ മോട്ടി മാത്യു കൃതജ്ഞത അർപ്പിച്ചു. പ്രസിഡൻറ് സൈമൺ വാളാച്ചേരിലിന്റെ നേതൃത്വത്തിലുള്ള ഐപിസിഎൻഎ  ടീം ഹൂസ്റ്റൺൻറെ പ്രവർത്തന മികവാണ് ഈ പരിപാടിയെ ഇത്രയും ഗംഭീരമാക്കാൻ സഹായിച്ചത് എന്ന് മോട്ടി മാത്യു ഊന്നി പറഞ്ഞു.

ATTORNEY AT LAW
VINOD KEARKE



- Accident Cases
- Criminal matters
- Real Estate
- Matrimonial
- Landlord/Tenant
- Immigration
- Wills and Estates

1611 Hillside Ave, New Hyde Park, NY 11040
Phone: 516 326 3350; 516 621 5381
Fax: 516 326 3353, Cell: 616 633 5208


JOSCO TOURS & TRAVELS
OCTOBER 26 TO NOVEMBER 4, 2025
Best of
BRAZIL & ARGENTINA
917 817 4115
TOUR DATE: OCT 26-NOV 4, 2025
INCLUDES
Round-trip airfare from New York
2 flights during tour
Accommodations at 4-star hotels
Meals as per itinerary
All entrance and sightseeing fees as per itinerary
And much more
TOUR COST
$4990
PER PERSON/
DOUBLE OCCUPANCY
JOSECO TOURS & TRAVELS
BOOK NOW
JOSE VARUGHESE
Cell: 917-817-4115
FAITH HOLIDAYS
www.faithholidays.com

# ചിക്കാഗോ മലയാളി അസോസിയേഷൻ ലഹരി വിരുദ്ധ പ്രചാരണ പരിപാടി സംഘടിപ്പിച്ചു

**ബിജു മുണ്ടക്കൽ**

ചിക്കാഗോ : കേരളത്തിൽ കുറെ നാളുകളായി യുവാക്കളുടെയും കുട്ടികളുടെയും ഇടയിൽ കണ്ടു വരുന്ന അമിതമായ ലഹരി ഉപയോഗത്തിനെതിരായി കേരളാ ഗവൺമെന്റും കേന്ദ്ര സർക്കാരും സംഘടിപ്പിച്ചു വരുന്ന ബോധവൽക്കരണ പരിപാടികളിൽ ചിക്കാഗോ മലയാളി അസോസിയേഷനും പങ്കാളിയായി .

ഇതിന്റെ ഭാഗമായി റാന്നി കനകപ്പലം എം ടി ഹൈസ്കൂളിലും ചുങ്കപ്പാറ സെന്റ് ജോർജ് ഹൈ സ്കൂളിലും ചിക്കാഗോ മലയാളി അസോസിയേഷൻ സംഘടിപ്പിച്ച സെമിനാറുകൾ ശ്രദ്ധേയമായി .രണ്ടു സെമിനാറുകളും ചിക്കാഗോ മലയാളി അസോസിയേഷൻ പ്രസിഡന്റ് ശ്രീമതി ജെസ്സി റിൻസി ഉദ്ഘാടനം ചെയ്തു. പ്രശസ്ത മോട്ടിവേഷൻ സ്പീക്കറും ലഹരി വിരുദ്ധ പ്രചാരകനുമായ ശ്രീ ബി ഹരികുമാർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി .

സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ച് ലഹരി മാഫിയകൾ നടത്തുന്ന പ്രവർത്തനങ്ങളെ തടയിടുവാൻ ശക്തമായ നടപടികൾ ആവശ്യമാണെന്നും അതിനായി നിരന്തരം ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ടെന്നും ശ്രീമതി ജെസ്സി റിൻസി ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു . ഇതിനായി ചിക്കാഗോ മലയാളി അസോസിയേഷന്റെ എല്ലാ സഹായ സഹകരണങ്ങളും ശ്രീമതി ജെസ്സി വാഗ്ദാനം ചെയ്തു .

കനകപ്പലം എം ടി എച് എസ് പ്രധാനാധ്യാപിക ജെറ്റി തോമസ് ,ഷിജി ജേക്കബ്. രാജീവ് നായർ, ധന്യ തോമസ്,അനിൽ പെണ്ണുക്കര,സെന്റ് ജോർജ് ഹൈസ്കൂൾ പ്രിൻസിപ്പൽ വര്ഗീസ് ജോസഫ് എന്നിവർ സംസാരിച്ചു. കുട്ടികളിൽ വായനാശീലം വളർത്തുന്നതിനായി രണ്ടു സ്കൂളുകൾക്കും പുസ്തകങ്ങൾ സമ്മാനിച്ചു .









NEW CAR KEYS
ARE KEY TO SAVING ON CAR INSURANCE
Call me today to see
How much you can save with
Allstate's New Car Discount
Allstate®
You're in good hands.
CALL
718 831 6500
Joseph V Thomas
(റജി വലിയകാല)
256-10 Union Turnpike
Floral Park, NY 11004
josephthomas@allstate.com
www.jvtassociates.com
30 Plus years
in Insurance
Business
We Offer 6 Hours Defensive Driving Course in NY/NJ

# ഡാലസ് കേരള അസോസിയേഷൻ അമേരിക്കൻ സ്വാതന്ത്ര്യ ദിനം ആഘോഷിച്ചു



**പി പി ചെറിയാൻ**

ഡാലസ്: യുണൈറ്റഡ് സ്റ്റേറ്റ്സ് ഓഫ് അമേരിക്ക സ്ഥാപിച്ചുകൊണ്ട് രണ്ടാം കോണ്ടിനെന്റൽ കോൺഗ്രസ് 1776 ജൂലൈ 4നു സ്വാതന്ത്ര്യ പ്രഖ്യാപനം അംഗീകരിച്ചതിനെ അനുസ്മരിക്കുന്ന യുണൈറ്റഡ് സ്റ്റേറ്റ്സിലെ സ്വാതന്ത്ര്യ ദിനം, ജൂലൈ നാലിനു ഡാലസ് കേരള അസോസിയേഷൻ സമുചിതമായി ആഘോഷിച്ചു.

ഇതിനോട് അനുബന്ധിച്ച് വെള്ളിയാഴ്ച രാവിലെ 10 മണിക്ക് ചുട്ടു പൊള്ളുന്ന വെയിലിനെ അവഗണിച്ചു ഡാളസ് ഫോർട്ട് വർത്ത മേഖലകളിൽ നിന്നും നിരവധി പേർ സ്വാതന്ത്ര്യ ദിനാഘോഷ ചടങ്ങിൽ പങ്കെടുക്കുവാൻ ഗാർലാൻഡിലുള്ള കേരള അസോസിയേഷൻ ഓഫീസ് പരിസരത്ത് എത്തിച്ചേർന്നിരുന്നു.പതാക ഉയർത്തുന്നതിന് മുൻപ് കഴിഞ്ഞ വർഷങ്ങളിൽ നിന്നും വ്യത്യസ്തമായി കുട്ടികളും മുതിർന്നവരും ചേർന്ന് സൈക്കിൾ റാലിയും ,റോളർ സ്കേറ്റിംഗും സംഘടിപ്പിച്ചു.

തുടർന്ന് അസോസിയേഷൻ ജനറൽ സെക്രട്ടറി മൻജിത് കൈനിക്കര സ്വാഗതമാശംസിച്ചു അസോസിയേഷൻ പ്രസിഡന്റ് പ്രദീപ് നാഗനൂലിൽ പതാക ഉയർത്തൽ ചടങ്ങു നടത്തി.ലോകത്തിലെ ആദ്യത്തെ ജനാധിപത്യരാജ്യമായ അമേരിക്കയിൽ ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാജ്യമായ ഇന്ത്യയിൽ നിന്നും എത്തിച്ചേർന്ന നമ്മളെ സംബന്ധിച്ചു സ്വാതന്ത്ര്യത്തിന്റെ വില എന്താണെന്ന് ആവ ർത്തിക്കേണ്ടതില്ലെന്നു പ്രസിഡന്റ് പറഞ്ഞു തുടർന്ന് അമേരിക്കൻ സ്വാതന്ത്ര്യസമരത്തിന്റെ ചരിത്ര പശ്ചാത്തലം പ്രസിഡന്റ് വിവരിക്കുകയും എല്ലാവർക്കും സ്വാതന്ത്ര്യദിന ആശംസകൾ നേരുകയും ചെയ്തു

ഇന്ത്യ കൾച്ചറൽ ആൻഡ് എജുക്കേഷൻ സൊസൈറ്റി പ്രസിഡണ്ട് മാത്യു നൈനാൻ ആശംസാ പ്രസംഗം നടത്തി .തോമസ് ഈശോ ,ബോബൻ കൊടുവത് , ജെയ്സി രാജു, വിനോദ് ജോർജ് ,സാബു മാത്യു ,ഫ്രാൻസിസ് ആംബ്രോസ് , സെബാസ്റ്റ്യൻ പ്രാകുഴി , അനശ്വർ മാമ്പിള്ളി ,ഹരിദാസ് തങ്കപ്പൻ , രാജൻ ഐസക് ,സിജു വി ജോർജ് ,ബേബി കൊടുവത് ,രാജൻ ചിറ്റാർ,നെബു കുര്യാക്കോസ് ,ദീപക് നായർ ,മാത്യു കോശി ,ജേക്കബ് സൈമൺ തുടങ്ങിയവർ സ്വാതന്ത്ര്യദിന ചടങ്ങുകൾക്കു നേത്രത്വം നൽകി . സ്വാതന്ത്ര്യ ദിനാഘോഷങ്ങൾക്കു ശേഷം പങ്കെടുത്ത എല്ലാവർക്കും മധുര വിതരണവും , പ്രഭാത ഭക്ഷണവും , ക്രമീകരിച്ചിരുന്നു




KALYAN
JEWELLERS
NEW JERSEY
KALYAN
JEWELLERS
INDIA'S ICONIC
JEWELLERY BRAND IS
NOW IN THE
USA
MUHURAT WEDDING
COLLECTIONS
LARGEST COLLECTION
IN
GOLD, DIAMOND, POLKI,
PRECIOUS & UNCUT JEWELLERY
SPACIOUS
SHOWROOM
OAK TREE ROAD, ISELIN, NJ 08830
380+ BRANCHES SPREAD ACROSS USA, INDIA & MIDDLE EAST
WWW.KALYANJEWELLERS.NET | FOLLOW US ON

# നോർത്ത് അമേരിക്കൻ ചർച്ച് ഓഫ് ഗോഡ് റൈറ്റേഴ്സ് ഫെല്ലോഷിപ്പ് അവാർഡുകൾ പ്രഖ്യാപിച്ചു

**ജീമോൻ റാന്നി**

ഹൂസ്റ്റൺ : ചർച്ച് ഓഫ് ഗോഡ് (ഇന്ത്യ) ഇന്റർനാഷണൽ ഫെല്ലോഷിപ്പിന്റെ 2025 -ലെ അവാർഡുകൾ പ്രഖ്യാപിച്ചു. പ്രസിഡന്റ് പാസ്റ്റർ മാത്യു കെ . ഫിലിപ് അദ്ധ്യക്ഷനായുള്ള കമ്മറ്റിയാണ് നോർത്ത് അമേരിക്കൻ ദൈവസഭകളിൽ നിന്നും വിവിധ ക്രൈസ്തവ സാഹിത്യ സംഭാവനകൾ നൽകിയവരെ അവാർഡിനായി തിരഞ്ഞെടുത്തത് .

### റവ .ഡോ . സി. വി. ആൻഡ്രൂസ്



അറ്റ്ലാന്റ ചർച്ച് ഓഫ് ഗോഡ് സഭയുടെ സ്ഥാപകനും പേട്രൺ പാസ്റ്ററുമായിരിക്കുന്ന പാസ്റ്റർ സി .വി.ആൻഡ്രൂസ് നടത്തുന്ന എവെരിഹോം ബൈബിൾ സ്കൂൾ ഓൺലൈൻ ബൈബിൾ കമെന്ററി,വിവിധ മാധ്യമങ്ങളിലൂടെ വിവിധ രാജ്യങ്ങളിലുള്ളവർക്കായി നടത്തുന്ന പഠന ക്ലാസുകളും പരിഗണിച്ചാണ് അവാർഡ് നൽകുന്നത് .

### പാസ്റ്റർ മത്തായി സാംകുട്ടി



എന്റെ യേശു എനിക്ക് നല്ലവൻ, കാൽവറിയിൽ കാണും സ്നേഹം അത്ഭുതം തുടങ്ങി 160 ൽ പരം ഗാനങ്ങളുടെ രചയിതാവായ പാസ്റ്റർ മത്തായി സാംകുട്ടി തന്റെ എൺപത്തി എട്ടാമത്തെ വയസിലും പുതിയ ഗാനങ്ങൾ രചിച്ചുകൊണ്ടിരിക്കുന്നു . മലയാള ക്രൈസ്തവ ലോകത്തിനു താൻ നൽകിയ സംഭാവനയുടെ അംഗീകാരമാണ് അവാർഡ് .

### റവ. ഡോ . ഷിബു തോമസ്



അറ്റ്ലാന്റാ കാൽവറി അസംബ്ളി ചർച് ഓഫ് ഗോഡ് സഭയുടെ ശുശ്രൂഷകനും , പ്രഭാഷകനും നിരവധി പുസ്തകങ്ങളുടെ രചയിതാവുമായ ഇദ്ദേഹത്തിന്റെ The panoramic view of Bible എന്ന പുസ്തകമാണ് അവാർഡ് നേടിക്കൊടുത്തത് .

### എബി ജേക്കബ് , ഹ്യൂസ്റ്റൺ



മൂന്ന് വിഷയങ്ങളിൽ ബിരുദാനന്തര ബിരുദം നേടിയിട്ടുള്ള എബി ഫിലോസഫിയിൽ ജവറ ചെയ്യുന്നുണ്ട്, ക്രിസ്ത്യൻ അപ്പോളജിറ്റിക്സ് പഠനത്തിനായി സമർപ്പിക്കപ്പെട്ടിരിക്കുന്ന ഇദ്ദേഹം രചിച്ച Who is wise enough to understand this? എന്ന പുസ്തകമാണ് അവാർഡിന് അർഹമായി തിരഞ്ഞെടുത്തത്

### പാസ്റ്റർ ജോൺസൻ സഖറിയാ



പല പതിറ്റാണ്ടുകളായി അമേരിക്കയിൽ സഭാ ശുശ്രുഷയിലും മറ്റു നേതൃത്വ നിരയിലും സേവനം ചെയ്തിട്ടുള്ള പാസ്റ്റർ ജോൺസൻ സഖറിയാ അമേരിക്കയിലെ മിക്ക പ്രസിദ്ധീകരണങ്ങളിലും എഴുതാറുണ്ട്. മലയാള ഭാഷയും ശബ്ദങ്ങളും പ്രാസവും ഒന്നിച്ചു കൈകാര്യം ചെയ്യുവാൻ കഴിവുള്ള എഴുത്തുകാർ അധികമില്ല. ദീർഘകാലങ്ങളിലായി താൻ ചെയ്തിട്ടുള്ള സാഹിത്യ സംഭാവനകളുടെ അംഗീകാരമാണ് അവാർഡ്

### റോയി മേപ്രാൽ



കഴിഞ്ഞ നാലു പതിറ്റാണ്ടുകളായി കേരളത്തിലെ മിക്കവാറും എല്ലാ ക്രൈസ്തവ മാധ്യമങ്ങളിലും ലേഖനങ്ങൾ, കഥകൾ, കാർട്ടൂണുകൾ എന്നിവ പ്രസിദ്ധീകരിക്കാറുണ്ട് . റോബർട്ട് കുക്ക് ആത്മകഥ മലയാളം പരിഭാഷ ശ്രദ്ധേയമായിരുന്നു. കാലികമായ വിഷയങ്ങളെ ആധാരമാക്കി സുവിശേഷ സാഹിത്യ മേഖലയിൽ നൽകിയിട്ടുള്ള സംഭാവനകളെ പരിഗണിച്ചാണ് അവാർഡ് നൽകിയത്

### സൂസൻ ബി ജോൺ



അഞ്ഞുറിലധികം പാട്ടുകളും നൂറോളം കവിതകളും നാലു പുസ്തകങ്ങളും എഴുതിയിട്ടുള്ള സൂസൻ ബി ജോൺ പെന്തക്കോസ്തു എഴുത്തുകാരുടെ ഇടയിൽ സുപരിചിതയാണ് . വിവിധ പെന്തക്കോസ്തു കോൺഫെറൻസുകളിൽ തീം സോങ് എഴുതിയിട്ടുണ്ട് . അനവധി സിഡികളും ഓഡിയോ വിഷ്വൽ ഗാനങ്ങളും റിലീസ് ചെയ്തതിന്റെ അംഗീകാരമാണ് ഈ അവാർഡ് .

### ഏലിയാമ്മ ലൂക്കോസ്



നിരവധി പുസ്തകങ്ങളുടെ രചയിതാവായ ഏലിയാമ്മ ലൂക്കോസ് കേരള എക്സ്പ്രസ്സ്, ജ്യോതിമാർഗം തുടങ്ങി അനേകം പ്രസിദ്ധീകരണങ്ങളിൽ സ്ഥിരമായി എഴുതാറുണ്ട്. ഒരു നല്ല സംഘാടകയും പ്രഭാഷകയുമായ സഹോദരിയുടെ വിശുദ്ധ ബൈബിളിലെ വനിതകൾ എന്ന പുസ്തകത്തിനാണ് അവാർഡ് ലഭിച്ചിരിക്കുന്നത്

### റീന സാമുവേൽ

യുവജങ്ങളുടെ ഇടയിൽ നിന്നും വളർന്നു വരുന്ന എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുവാൻ സംഘടനയുടെ മുഖപത്രമായ ഗോസ്പൽ എക്കോസിൽ പ്രസിദ്ധീകരിച്ച ഇംഗ്ലീഷ് ലേഖനം റീന സാമുവേലിന് അംഗീകാരം നേടിക്കൊടുത്തു .കുട്ടികൾക്കായി നിരവധി കഥകളും കവിതകളും എഴുതിയിട്ടുണ്ട്. ജൂലൈ 10 മുതൽ ന്യുയോർക്കിൽ നടക്കുന്ന ഇരുപത്തിയെട്ടാമത് കോൺഫ്രൻസിലെ എഴുത്തുകാരുടെയും പത്രപ്രവർത്തകരുടെയും പ്രത്യേക സമ്മളനത്തിൽ അവാർഡുകൾ വിതരണം ചെയ്യുന്നതാണ്



# അമേരിക്കൻ പ്രസംഗ മത്സരത്തിൽ മലയാളി വിദ്യാർത്ഥിനിക്ക് ദേശീയ പുരസ്കാരം

**ജീമോൻ റാന്നി**

റാലി, നോർത്ത് കരോലിന: ഫ്യൂച്ചർ ബിസിനസ് ലീഡേഴ്സ് ഓഫ് അമേരിക്ക (FBLA) ദേശീയതലത്തിൽ നടത്തിയ പ്രസംഗ മത്സരത്തിൽ മലയാളി വിദ്യാർത്ഥിനിയായ എഡ്ന എലിസ സാബിൻ മൂന്നാം സ്ഥാനം കരസ്ഥമാക്കി. കാലിഫോർണിയയിലെ അനാഹൈമിൽ വെച്ച് ജൂൺ 29 മുതൽ ജൂലൈ 2 വരെ നടന്ന നാഷണൽ ലീഡർഷിപ്പ് കോൺഫറൻസിലാണ് എഡ്ന ഈ ഉന്നത വിജയം നേടിയത്.

എഫ്.ജെ. കാർനേജ് മിഡിൽ സ്കൂൾ വിദ്യാർത്ഥിനിയായ എഡ്ന, സംസ്ഥാന തലത്തിലും ഒന്നാം സ്ഥാനം നേടിയാണ് ദേശീയതലത്തിൽ മത്സരിച്ചത്. 'സാമൂഹ്യ സേവനത്തിലൂടെ ആർജ്ജിക്കുന്ന കഴിവുകളും അവയുടെ പ്രാധാന്യവും' എന്ന വിഷയത്തെക്കുറിച്ചാണ് എഡ്ന സംസാരിച്ചത്.


നോർത്ത് കരോലിന – ഒന്നാം സ്ഥാനം

റാലിയിൽ താമസിക്കുന്ന സബിൻ തോമസിന്റെയും എലിസബത്ത് സബിന്റെയും മകളാണ് എഡ്ന.



# പൗരോഹിത്യ ശുശ്രൂഷയിൽ നാലുപതിറ്റാണ്ടിന്റെ നിറവിൽ

## ഏബ്രഹാം കടവിൽ കോറെപ്പിസ്ക്കോപ്പ



**ബിജു ചെറിയാൻ, ന്യൂയോർക്ക്**

സിറിയൻ ഓർത്തഡോക്സ് സഭയിലെ സീനിയർ വൈദീകരിലൊരാളും അമേരിക്കൻ അതിഭദ്രാസനത്തിന്റെ ശിൽപ്പികളിലൊരാളുമായ വന്ദ്യ വെരി. റവ.ഏബ്രഹാം കടവിൽ കോറെപ്പിസ്ക്കോപ്പ(ബാൾട്ടിമോർ)പൗരോഹിത്യ ശുശ്രൂഷയിൽ നാലു പതിറ്റാണ്ട് പിന്നിടുന്നു. 93 ന്റെ നിറവിലും കർമ്മഭൂമിയിൽ സജീവമായ അദ്ദേഹം മികച്ച വാഗ്മിയും അറിയപ്പെടുന്ന മാര്യേജ്-ഫാമിലി കൗൺസിലറുമാണ്. ദൈവീക നിയോഗത്തിന്റെ താലന്തുകൾ നൂറുമേനിയായി വർദ്ധിപ്പിച്ച് എളിയ ശുശ്രൂഷയിലൂടെ സഭക്കും സമൂഹത്തിനുമായി ഉഴിഞ്ഞുവെച്ച ജീവിതമാണ് ഏബ്രഹാം കടവിൽ കോറെപ്പിസ്ക്കോപ്പയുടേത്. സഭാസമാധാനത്തിന്റെ നല്ല നാളുകളിൽ മലങ്കര സഭയുടെ പുതിയ നൂറ്റാണ്ടിലേക്കുള്ള വളർച്ചയിൽ ഭാഗഭാക്കാകുവാൻ കഴിഞ്ഞ അദ്ദേഹം നിരണത്തെ പ്രശസ്തമായ കടവിൽ കുടുംബത്തിലാണ് ജനിച്ചത്. ഉന്നതമായ നിലയിൽ കലാലയ വിദ്യാഭ്യാസം പൂർത്തീകരിച്ചശേഷം 1961 ലാണ് വൈദീക ശുശ്രൂഷയുടെ പ്രഥമപടിയായ ശെമ്മാശപട്ടം ഏൽക്കുന്നത്. സ്ലീബാദാസ സമൂഹത്തിന്റെ മെത്രാപ്പോലീത്ത അഭിവന്ദ്യ പത്രോസ് മോർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത മൂവാറ്റുപുഴ സെന്റ് തോമസ് അരമന ദേവാലയത്തിൽ വെച്ചാണ് അദ്ദേഹത്തിന് ശെമ്മാശപട്ടം നൽകിയത്.



മികച്ച സംഘാടകനും യുവജന പ്രവർത്തനത്തിൽ തൽപരനുമായിരുന്ന അദ്ദേഹത്തിന്റെ കർമ്മമണ്ഡലമായിരുന്നു മോർ ഗ്രീഗോറിയോസ് വിദ്യാർത്ഥി പ്രസ്ഥാനം. മലങ്കരയിലെ

എല്ലാ ഭദ്രാസനങ്ങളിലുമുള്ള വിദ്യാർത്ഥി പ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് കോട്ടയത്ത് ഓർത്തഡോക്സ് സ്റ്റുഡന്റ്സ് സെന്ററിന് തുടക്കമിട്ടു. 1969 മുതൽ 1971 വരെ മൂന്നുവർഷക്കാലം വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ ജനറൽ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചു.

1971 ൽ ഉപരിപഠനാർത്ഥം അമേരിക്കയിൽ എത്തിയ ഡീക്കൻ ഏബ്രഹാം കടവിൽ ന്യൂയോർക്കിലെ റോച്ചസ്റ്ററിലുള്ള Colgate Rochester Crozer Divinity School(CRCDS) നിന്നും പ്രശ്സ്തമായ നിലയിൽ തിയോളജിയിൽ മാസ്റ്റേഴ്സ് ബിരുദം കരസ്ഥമാക്കി. തുടർന്ന് കൗൺസിലിംഗിൽ ബിരുദം നേടിയ ശേഷം നാൽപത് വർഷം മാരേജ് -ഫാമിലി കൗൺസിലർ ആയി ബാൾട്ടിമോറിൽ സേവനമനുഷ്ഠിച്ചു. മേരിലാന്റിലെ ബാൾട്ടിമോർ സെന്റ് തോമസ് സിറിയൻ ഓർത്തഡോക്സ് ദേവാലയത്തിന്റെ സ്ഥാപകനാണ്. 1985-ൽ കാലം ചെയ്ത മലങ്കരയുടെ പ്രകാശഗോപുരം ആബൂൻ മോർ ബസ്സേലിയോസ് പൗലൂസ് രണ്ടാമൻ ബാവ അദ്ദേഹത്തിന് കശ്ശീശ്ശസ്ഥാനം നൽകി.

തൃക്കോതമംഗലം സെന്റ് മേരീസ് യാക്കോബായ സുറിയാനി പള്ളിയിൽ(മോർ ശർബീൽ ദയറ) നടന്ന സ്ഥാനാരോഹണ ശുശ്രൂഷയിൽ കാലം ചെയ്ത പെരുമ്പള്ളിൽ മോർ ഗീവർഗീസ് ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത, ഇപ്പോഴത്തെ സീനിയർ മെത്രാപ്പോലീത്ത ഡോക്ടർ. ഏബ്രഹാം മോർ സേവേറിയോസ് എന്നിവർ സഹകാർമ്മികരായിരുന്നു.

അമേരിക്കയിലെ സുറിയാനിസഭാ മക്കൾക്ക് ആത്മീയ നേതൃത്വം നൽകിയ പ്രഥമ മെത്രാപ്പോലീത്ത യേശു മോർ അത്താനാസിയോസ് തിരുമനസ്സിനൊപ്പം മലങ്കര അതിഭദ്രാസന രൂപീകരണത്തിൽ നിർണ്ണായക പങ്കു വഹിച്ചു. മൂന്നു തവണ ഭദ്രാസന സെക്രട്ടറി, ഒൻപത് വർഷം വൈദീക സെക്രട്ടറി, പാസ്റ്ററൽ കെയർ സർവ്വീസിന്റെ ഡയറക്ടർ എന്നീ നിലകളിൽ അമേരിക്കൻ അതിഭദ്രാസനത്തെ ശുശ്രൂഷിച്ച അദ്ദേഹം 2014ൽ ഇടവക ശുശ്രൂഷയുടെ പൂർണ്ണ ഉത്തരവാദിത്വത്തിൽ നിന്നും വിരമിച്ച് വിശ്രമജീവിതം നയിച്ചുവരുന്നു. പാസ്റ്ററൽ കെയറിന്റെ സ്പിരിച്ചൽ അഡ്വൈസർ ആയി ഇപ്പോഴും ഭദ്രാസനത്തെ അദ്ദേഹം ശുശ്രൂഷിക്കുന്നു.

പരേതയായ ഡോ. ആനി തോമസ് കടവിൽ(പാറത്തോട് കണ്ണന്താനം കുടുംബാംഗം) ആയിരുന്നു അദ്ദേഹത്തിന്റെ ധർമ്മപത്നി. ഡോ. ജോൺ കടവിൽ ഏക പുത്രനാണ്. ശ്രീമതി എലിസബത്ത് കടവിൽ പുത്രഭാര്യയും. വിദ്യാർത്ഥികളായ ജോഷ്വാ കടവിൽ, റേച്ചൽ കടവിൽ, റിബേക്ക കടവിൽ എന്നിവർ പേരക്കുട്ടികളാണ്. കുടുംബത്തോടൊപ്പം ബാൾട്ടിമോറിൽ താമസിക്കുന്ന കടവിലച്ചൻ പ്രായത്തിന്റെ അവശതകളെ അവഗണിച്ചുകൊണ്ട് കർമ്മമണ്ഡലത്തിൽ എഴുത്തും, വായനയും, നിരന്തരമായ പ്രാർത്ഥനയുമായി സജീവമാണ്.

ബാൾട്ടിമോർ സെന്റ് തോമസ് ഇടവകയുടെ വാർഷിക പെരുനാളായ ജൂലൈ 5, 6 തീയതികളിൽ നടക്കുന്ന ചടങ്ങുകളിൽ വന്ദ്യ കടവിൽ കോറെപ്പിസ്ക്കോപ്പയെ അനുമോദിക്കും. ക്നാനായ അതിഭദ്രാസനാധിപനും പാത്രിയർക്കാ വികാരിയുമായ ആർച്ച് ബിഷപ്പ് ആയൂബ് മോർ സിൽവാനോസ് മെത്രാപ്പോലീത്ത പെരുന്നാൾ കുർബ്ബാനയ്ക്ക് മുഖ്യ കാർമ്മികത്വം വഹിച്ച് ചടങ്ങുകളിൽ അദ്ധ്യക്ഷത വഹിക്കുന്നതാണ്.

ശ്രീ.തോമസ് കടവിൽ(ബാൾട്ടിമോർ), മാത്യു കടവിൽ(നിരണം) പരേതയായ അച്ചാമ്മ ഉമ്മൻ(നാഷ് വില്ല, TN) എന്നിവർ അദ്ദേഹത്തിന്റെ സഹോദരീസഹോദരങ്ങളാണ്.


ATTORNEY AT LAW
VINOD KEARKE



- Accident Cases
- Criminal matters
- Real Estate
- Matrimonial
- Landlord/Tenant
- Immigration
- Wills and Estates

1611 Hillside Ave, New Hyde Park, NY 11040
Phone: 516 326 3350; 516 621 5381
Fax: 516 326 3353, Cell: 616 633 5208

# ഫ്ലോറിഡാ കൈരളി ആർട്സ് ക്ലബ്, വികാസ് സ്കൂൾ ഉൾപ്പെടെയുള്ള പ്രസ്ഥാനങ്ങൾക്കുനൽകിയ സഹായം ഒരു കോടി കഴിഞ്ഞു




തിരുവനന്തപുരം: ജൂൺ 28, 2025 കാലവർഷം പോലും ഫോമായുടെ 'സമ്മർ ടു കേരള 2025'യ്ക്ക് തടസ്സം സൃഷ്ടിക്കാതെ രണ്ടുദിവസം മാറിനിന്നു. വിമാനങ്ങൾ റദ്ദാക്കപ്പെടുകയും വൈകുകയും യാത്രക്കാർ വിമാനത്താവളത്തിൽ കുടുങ്ങുകയും ചെയ്തത് കോ-ഓർഡിനേറ്റിംഗ് ടീമിനെ ആശയക്കുഴപ്പത്തിലാക്കിയെങ്കിലും പിന്നീട് എല്ലാ വിഘ്നങ്ങളും അകന്ന് അവിശ്വസനീയമായ വിജയമായി സമ്മർ ടു കേരള മാറി. അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ രക്ഷകര്ത്താക്കളുടെയും കുട്ടികളുടെയും കണ്ണുകളിൽ തെളിഞ്ഞ സംതൃപ്തിയാണ് അതിന്റെ തെളിവ്.

അമേരിക്കയിൽ നിന്നും കാനഡയിൽ നിന്നുമുള്ള മലയാളി കുട്ടികളുടെ വലിയൊരു സംഘത്തെ ഉദ്ദേശിച്ചാണ് ആദ്യം പരിപാടി തയ്യാറാക്കിയതെങ്കിലും, പെട്ടെന്നുള്ള വിമാന റദ്ദാക്കലുകളും വഴിതിരിച്ചുവിടലും ദോഹ വിമാനത്താവളത്തിൽ നിരവധി കുടുംബങ്ങൾ കുടുങ്ങിക്കിടന്നതും കാരണം വിചാരിച്ചത്ര കുട്ടികൾക്ക് പങ്കെടുക്കാൻ സാധിക്കാത്തത് തെല്ല് സങ്കടമുണ്ടാക്കി. കൃത്യമായി ഏകോപിപ്പിച്ച ബാക്കപ്പ് പ്ലാനുകളുടെയും നാട്ടിലെയും അമേരിക്കയിലെയും നിരവധി ആളുകളുടെ പിന്തുണയും സഹായവും കൊണ്ടാണ് പരിപാടി വിജയകരമായി പര്യവസിപ്പിക്കാൻ സാധിച്ചതെന്ന് പ്രോഗ്രാം ചെയർ അനു സ്കറിയ അഭിപ്രായപ്പെട്ടു. സാംസ്കാരികമായി സമ്പന്നവും വൈകാരികമായി അർത്ഥവത്തായതും വിദ്യാഭ്യാസപരവുമായ അനുഭവമാണ് ഈ പ്രോഗ്രാമിലൂടെ കുട്ടികൾക്ക് ലഭിച്ചത്.

രക്തസാക്ഷി മണ്ഡപത്തിൽ പുഷ്പാർച്ചന നടത്തിക്കൊണ്ടാണ് പരിപാടി ആരംഭിച്ചത്. കേരളത്തിലെ മുൻ വനംവകുപ്പ് മന്ത്രിയും സിപിഐയുടെ മുതിർന്ന ദേശീയ നേതാവുമായ ബിനോയ് വിശ്വം, അഭിഭാഷകനും സാമൂഹിക പ്രവർത്തകനുമായ അഡ്വ. ഷിബു മണലേൽ എന്നീ വിശിഷ്ടാതിഥികൾ ചടങ്ങിൽ പങ്കെടുത്തു.

അമേരിക്കയിൽ വളരുന്ന മലയാളി കുട്ടികൾക്ക് നമ്മുടെ പൈതൃകവും പാരമ്പര്യവും, മുൻഗാമികളുടെ ത്യാഗങ്ങളും പഠിക്കേണ്ടതിന്റെ പ്രാധാന്യം ഊന്നിപ്പറയുന്ന ഹൃദയംഗമമായ സന്ദേശമാണ് ബിനോയ് വിശ്വം തന്റെ പ്രസംഗത്തിലൂടെ പങ്കുവച്ചത്. ചരിത്ര സ്മാരകമെന്ന നിലയിൽ രക്ത സാക്ഷി മണ്ഡപത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് സംസാരിക്കുകയും ചെയ്തു.

വിദേശത്ത് വളരുന്ന കുട്ടികൾക്ക് സാംസ്കാരിക അടിത്തറയുടെ മൂല്യവും കേരളത്തിന്റെ സമ്പന്നമായ പൈതൃകത്തെ അവർക്ക് പരിചയപ്പെടുത്തേണ്ടതിന്റെ ആവശ്യകതയും അഡ്വ. ഷിബു മണലേൽ തന്റെ പ്രസംഗത്തിൽ അടിവരയിട്ടു. ലോകമെമ്പാടും കേരള സംസ്കാരത്തിന്റെ അംബാസഡർമാരാകാൻ പുതുതലമുറയെ അദ്ദേഹം പ്രോത്സാഹിപ്പിച്ചു. ഈ സംരംഭം ഏറ്റെടുത്തതിന് ഫോമയെ ഇരുവരും അഭിനന്ദിച്ചു.

ഇന്ത്യയുടെ ബഹിരാകാശ നേട്ടങ്ങളെക്കുറിച്ചുള്ള അപൂർവവും പ്രചോദനാത്മകവുമായ കാഴ്ച കുട്ടികൾക്ക് നൽകിയ ഐ.എസ്.ആർ.ഒ സന്ദർശനമായിരുന്നു ടൂറിന്റെ പ്രധാന ആകർഷണങ്ങളിലൊന്ന്. ഇന്ത്യയുടെ സമീപകാല ബഹിരാകാശ ദൗത്യത്തിന്റെ പശ്ചാത്തലത്തിൽ ഇത് ഏറെ പ്രസക്തമാണ്.

കുതിരമാളിക കൊട്ടാരം സന്ദർശിക്കൽ, മസ്കറ്റ് ഹോട്ടലിൽ നടന്ന പത്രസമ്മേളനം, ഒന്നിച്ചുള്ള അത്താഴം എന്നിവയും കുട്ടികൾക്ക് വേറിട്ട അനുഭവം പകർന്നു, വിശിഷ്ട വ്യക്തികളുമായി ആശയവിനിമയം നടത്തുന്നതിനുള്ള അപൂർവ അവസരമായി ഇത് മാറി.

തിരക്കേറിയ പരിപാടി ഉണ്ടായിരുന്നിട്ടും ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി പിണറായി വിജയൻ കുട്ടികളെ കാണാനും അവരുമായി സംവദിക്കാനും കുറച്ചു

സമയംകണ്ടെത്തി. പരിപാടിയുടെ സാംസ്കാരികവും വിദ്യാഭ്യാസപരവുമായ പ്രാധാന്യത്തെക്കുറിച്ച് വാചാലനായ മുഖ്യമന്ത്രി സംഘാടകരെ അഭിനന്ദിച്ചു.

രണ്ടാം ദിവസം, സംഘം കേരള സെക്രട്ടേറിയറ്റ് സന്ദർശിച്ചു. തുടർന്ന് ഡിഫറന്റ് മജീഷ്യൻ മുതുകാടിന്റെ ഡിഫറൻറ് ആർട്ട് സെന്ററിലെ ഭിന്നശേഷിക്കാരായ കുട്ടികളുമായി സമയം ചിലവഴിക്കുകയും അവരുടെ പ്രകടനങ്ങളെ അഭിനന്ദിക്കുകയും ചെയ്തു. പങ്കെടുത്തവർക്കുള്ള സർട്ടിഫിക്കറ്റ് വിതരണത്തോടെയാണ് ടൂർ അവസാനിച്ചത്.

രണ്ട് ദിവസത്തെ യാത്രാ പരിപാടി കൃത്യതയോടെയും ശ്രദ്ധയോടെയും കൈകാര്യം ചെയ്ത ജൂബി വള്ളിക്കളത്തെ അനുസ്കറിയ അഭിനന്ദിച്ചു.

ഫോമ ജനറൽ സെക്രട്ടറി ബൈജു വർഗീസ് സംഘടനയുടെ വരാനിരിക്കുന്ന സംരംഭങ്ങളെക്കുറിച്ചുള്ള വിവരണം നൽകി. ജോയിന്റ് ട്രഷറർ അനുപമ കൃഷ്ണൻ ഈ കാലയളവിലേക്ക് ആസൂത്രണം ചെയ്തിട്ടുള്ള യുവജന കേന്ദ്രീകൃത പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിച്ചു.

യുഎസിലെയും കാനഡയിലെയും കുട്ടികളിലേക്ക് എത്തിച്ചേരുന്നതിൽ കോർ ടീമിലെ രാജേഷ് പുഷ്പരാജ് നിർണായക പങ്ക് വഹിച്ചു. യൂത്ത് കോർഡിനേറ്റർമാരായ എബിൻ തോമസ്, ആഗ്നസ് ബിജു, സിദ്ധാർത്ഥ് ശ്രീധർ, ആൽബർട്ട് പാലത്തിങ്കൽ എന്നിവർ എല്ലാ രംഗത്തും പിന്തുണ നൽകി. പ്രോഗ്രാം ഫ്ലയറുകളും സർട്ടിഫിക്കറ്റുകളും രൂപകൽപ്പന ചെയ്തതിന് എബിൻ തോമസിനും, സർട്ടിഫിക്കറ്റ് തയ്യാറെടുപ്പുകളിലും ഔദ്യോഗിക പ്രോഗ്രാം ബുക്ക്ലെറ്റിലും നടത്തിയ സൂക്ഷ്മമായ പ്രവർത്തനത്തിന് ആഗ്നസ് ബിജുവിനും പ്രത്യേക അംഗീകാരം ലഭിച്ചു.






ഇന്ത്യയിലെയും വടക്കേ അമേരിക്കയിലെയും ടീമുകൾ തമ്മിലുള്ള കോർഡിനേഷൻ , യാത്രാ പദ്ധതി ഘടന, ആശയവിനിമയം ഏകോപിപ്പിക്കൽ എന്നിവയിൽ കോർഡിനേറ്റർ രേഷ്മ രഞ്ജൻ ഗണ്യമായ സംഭാവന നൽകി.

സുഗമമായ നടത്തിപ്പ് ഉറപ്പാക്കിയ മറ്റ് പ്രധാന നേതാക്കൾ: വൈസ് പ്രസിഡന്റ് ഷാലു പുന്നൂസ് വിശിഷ്ട വ്യക്തികളുമായി ബന്ധപ്പെട്ടു. തിരുവനന്തപുരത്തെ പ്രധാന സർക്കാർ വകുപ്പുകളുമായി മുൻ ജോയിന്റ് സെക്രട്ടറി ജോസ് മണക്കാട് ഏകോപിപ്പിച്ചു. പ്രവർത്തനങ്ങൾ ഉടനീളം പിന്തുണച്ച മുൻ ജുഡീഷ്യൽ സെക്രട്ടറി സുനിൽ വർഗീസ്, സുഗമമായ ലോജിസ്റ്റിക്സും സാംസ്കാരിക പ്രവേശനവും ഉറപ്പാക്കാൻ ആദ്യ ദിവസം മുതൽ പ്രവർത്തിച്ച കവടിയാർ പാലസിലെ പ്രദീപ് കുമാർ, ചിക്കാഗോ മലയാളി അസോസിയേഷന്റെ മുൻ പ്രസിഡന്റ് ജോഷി വള്ളിക്കളം എന്നിവർക്ക് പ്രോഗ്രാം ചെയർ അകമഴിഞ്ഞ നന്ദി അറിയിച്ചു.






ടീമിന്റെ താമസവും വിരുന്ന് ക്രമീകരണങ്ങളും സുഗമമായി നടന്നുവെന്ന് ഉറപ്പാക്കിയ കെടിഡിസി മാസ്കറ്റ് ഹോട്ടൽ ജീവനക്കാർ, പ്രത്യേകിച്ച് അജിത് കുമാർ, അജിത് ഉണ്ണികൃഷ്ണൻ എന്നിവരെയും അദ്ദേഹം പ്രത്യേകം പരാമർശിച്ചു. ഫോമ പ്രസിഡന്റ് ബേബി മണക്കുന്നേൽ, ട്രഷറർ സിജിൽ പാലക്കലോടി, ജോയിന്റ് സെക്രട്ടറി പോൾ ജോസ് എന്നിവരുടെ അചഞ്ചലമായ പിന്തുണയാണ് ഈ സംരംഭത്തിന്റെ വിജയത്തിന് കൂടുതൽ കരുത്തു പകർന്നത്.


YMCA TIRUVALLA




SCHOOL FOR DIFFERENTLY ABLED - ESTD :1989
A PROJECT OF YMCA TIRUVALLA
KAIRALI ARTS CLUB
KORG



the cotillion
Outstanding Chinese cuisine
Our Asian Fusion restaurant is known for its modern classic dishes
Authentic Indian food rich in flavor and taste
Conveniently located on Jericho Turnpike
Excellent service and friendly staff
the cotillion
440 Jericho Turnpike
JERICHO, NY 11753
(516) 938-3300
The Cotillion is guaranteed to be a great dine experience
The Cotillion has sophisticated and inviting atmosphere


Now baking 4 exciting flavors
Plum Cakes Freshly Made in USA
HOTCAKEUSA
Premium Plum Fruit & Nut Cake
Handmade with Finest Organic & Natural Ingredients
'Available at all leading stores in USA'
Seeking Part-time Sales and Marketing Professionals from all 50 states
NOW ACCEPTING BULK PRE-ORDERS!
Nationwide Retailers Welcome!
www.hotcakeusa.com or Call 1-201-479-2727




# മോഹൻ ലാലിന്റെ 'കിലുക്കം-25' ഷോ സെപ്റ്റംബർ 1 നു ന്യൂ ജേഴ്സിയിൽ

ന്യു ജേഴ്സി: പത്തൊൻപത് വർഷത്തിന് ശേഷം കിലുക്കം-25 (Kilukkam25) ഷോയുമായി മോഹൻലാലും സംഘവും ന്യു ജേഴ്സിയിൽ എത്തുന്നു.

ലാലേട്ടൻ തന്നെ ഇക്കാര്യം നവ മാധ്യമങ്ങളിൽ കൂടി നേരത്തെ അറിയിക്കുകയും ചെയ്തു. 'അമേരിക്ക, നിങ്ങൾ റെഡിയാകൂ... ഞങ്ങളിതാ വരുന്നു... ജീവിതത്തിൽ എന്നും ഓർമ്മിക്കാനൊരു സംഗീത വിരുന്നൊരുക്കി ഞാനും കൂട്ടുകാരും യുഎസ്എയിലേക്ക് വരുന്നു'.

ഇത്തവണ ഞാൻ സ്റ്റീഫൻ ദേവസ്സി, പ്രകാശ് വർമ്മ, രമ്യ നമ്പീശൻ തുടങ്ങി വലിയൊരു താരനിരയോടൊപ്പമാണെന്നും മലയാളത്തിന്റെ പ്രിയ നടൻ വീഡിയോയിലൂടെ അറിയിച്ചു.

സെപ്റ്റംബർ ഒന്നിന് 5 മണിക്ക് ന്യു ജേഴ്സി ലോഡായിലെ ഫെലീഷ്യൻ കോളജ് ഓഡിറ്റോറിയത്തിൽ ആണ് പരിപാടി. (262 സൗത്ത് മെയിൻ സ്ട്രീറ്റ്, ലോഡായി (Lodi) ന്യു ജേഴ്സി-07644) ട്രൈസ്റ്റേറ്റ് മേഖലയിലെ ഏക ഷോ ആണിത്

ടിലൈറ്റ് മീഡിയ അവതരിപ്പിക്കുന്ന ഈ പരിപാടിക്ക് നേതൃത്വം നൽകുന്നത് മാധ്യമ പ്രവർത്തകൻ ഷിജോ പൗലോസും ഫോമാ സെക്രട്ടറി കൂടിയായ ബൈജു വർഗീസുമാണ്.

ഷോയുടെ കിക്ക് ഓഫ് ന്യു യോർക്ക് റോക്ക് ലാൻഡ് ക്നാനായ കമ്യൂണിറ്റി സെന്ററിൽ എം. ജി ശ്രീകുമാറിന്റെ മ്യൂസിക്ക് ഷോയോടനുബന്ധിച്ചു നടത്തുകയുണ്ടായി. ട്രൈസ്റ്റേറ്റിലെ ഒട്ടേറെ പ്രമുഖ വ്യക്തികൾ കിക്ക് ഓഫിൽ പങ്കെടുത്തു.

വിൻഡ്സർ എന്റർടൈൻമെന്റുംഗാലക്സി എന്റർടൈൻമെന്റും ചേർന്നാണ് ഓഗസ്റ്റ് 30,ശനിയാഴ്ച മാർത്തോമാ ഇവന്റ് സെന്റർ ഡാളസിൽ ഈ ഷോ നടത്തുന്നത്.

ഓൺലൈൻ ബുക്കിംഗ്: https://www.kilukkam2025.com/

ഷിജോ പൗലോസ് -201 238 9654

ബൈജു വർഗീസ്- 914 349 1559




WINDSOR ENTERTAINMENT
TICKET VVIP
കിലുക്കം
KILUKKAM 25
Celebrating MOHANLAL with Stephen Devassy
2025 IN USA


കിലുക്കം 25
OUR SPONSORS
Celebrating MOHANLAL WITH STEPHEN DEVASSY
TWILIGHT MEDIA PRODUCTION
PRESENTS
2025 Sept. 1


കിലുക്കം 25
MOHANLAL WITH STEPHEN DEVASSY
OUR PATRONS
2025 Sept. 1


TWILIGHT MEDIA PRODUCTION
PRESENTS
കിലുക്കം 25
MOHANLAL
OUR PATRONS


TWILIGHT MEDIA PRODUCTION
PRESENTS
കിലുക്കം
KILUKKAM 25
Celebrating MOHANLAL WITH STEPHEN DEVASSY
OUR PATRONS
2025 Sept. 1
Felician College Auditorium
CONTACT : Baiju Varghese +1 (914)-349-1559
Shijo Paulose +1 (201)-238-9854


TWILIGHT MEDIA PRODUCTION
PRESENTS
കിലുക്കം
KILUKKAM 25
Celebrating MOHANLAL WITH STEPHEN DEVASSY
OUR PATRONS
2025 Sept. 1


കിലുക്കം 25
OUR PATRONS


Muthoot Finance USA Inc.
You Only NEED
A GOLD LOAN
To Make Your Dreams
A REALITY!
Just avail a gold loan from Muthoot Finance and experience a host of incredible benefits.
Maximum Loan Value
Get the best loan value for your gold
Quick Loan Approval
Fast processing to get you your funds immediately
Easy Documentation
Hassle-free paperwork for a seamless loan experience
Trust the gold loan experts and secure your future today.
Visit our branches at:
New York Branch
1620, Hillside Ave,
New Hyde Park, New York - 11040
+1 (516) 352 7900
New Jersey Branch
1407, Oak Tree Road,
Iselin, New Jersey - 08830
+1 (732) 305 8200
Live Chat: +91 8078014111
Muthoot Family - 800 years of Business Legacy

# ദിവ്യധാര മ്യൂസിക്ക് മിനിസ്ട്രി അനുമോദനവും അവാർഡ് വിതരണവും സംഘടിപ്പിച്ചു














**പി പി ചെറിയാൻ**


ഡാളസ്: ദിവ്യധാര മ്യൂസിക്ക് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ ഡാളസ് ഐ.പി.സി. എബനേസർ ഹാളിൽ അനുമോദന മീറ്റിംഗും ദിവ്യവാർത്ത ഫലകവും കാഷ് അവാർഡും വിതരണവും സംഘടിപ്പിച്ചു. മീറ്റിംഗിൽ ദിവ്യധാര മിനിസ്ട്രീസ് പ്രസിഡന്റ് ജോസ് പ്രകാശ് കരിമ്പിനേത്ത് അദ്ധ്യക്ഷത വഹിച്ചു. ജനറൽ കോർഡിനേറ്റർ ബ്രദർ എസ്.പി. ജയിംസ് സ്വാഗത പ്രസംഗം നടത്തി. ഐ.പി.സി. ഗ്ലോബൽ ജനറൽ സെക്രട്ടറി ഡോ. പാസ്റ്റർ ബേബി വറുഗീസ് മീറ്റിംഗ് ഉദ്ഘാടനം ചെയ്തു.

കേരള സ്റ്റേറ്റ് എൻ.ആർ.ഐ. കമ്മീഷൻ മെമ്പറും, ഐ.പി.സി. കേരള സ്റ്റേറ്റ് കൗൺസിൽ അംഗവുമായ ബ്രദർ പീറ്റർ മാത്യുവിനെ മീറ്റിംഗിൽ ഫലകം നൽകി ആദരിച്ചു. മറുപടി പ്രസംഗത്തിൽ മലയാളി പ്രവാസികളുടെ വസ്തുവകകളെ സംബന്ധിച്ചുള്ള സംശയങ്ങൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും അനുബന്ധ നടപടി കാര്യങ്ങളിൽ സഹായിക്കാമെന്ന വാഗ്ദാനം നൽകുകയും ചെയ്തു. ഹൂസ്റ്റൺ, ന്യൂയോർക്ക്, ന്യൂജേഴ്സി, ഫിലദൽഫിയ തുടങ്ങിയ പട്ടണങ്ങളിലെ സ്വീകരണ മീറ്റിംഗുകളിൽ പങ്കെടുത്തശേഷം കേരളത്തിലേക്ക് മടങ്ങുമെന്ന് അദ്ദേഹം പറഞ്ഞു.



തുടർന്ന് ദിവ്യവാർത്ത ബൈബിൾ ക്വിസ് ഇംഗ്ലീഷ് സീരീസ് II ഷെർളിൻ തോമസ് (ഡാളസ്), മലയാളം ബൈബിൾ ക്വിസ് സീരീസ് ഢകകകക സാലി ജോൺ (ന്യൂഡൽഹി), ഡൈജി വിനു (കോട്ടയം), മലയാളം ബൈബിൾ ക്വിസ് സീരീസ് കത ഡൈജി വിനു (കോട്ടയം), വി.കെ. സ്കറിയ (ഡാളസ്) എന്നിവർക്ക് സർട്ടിഫിക്കറ്റുകളും, ഡാളസ് കപ്പാസ് ഗുഡ് വിൽ മിനിസ്ട്രി സ്പോൺസർ ചെയ്തിട്ടുള്ള കാഷ് അവാർഡും നൽകി.

മീറ്റിംഗിൽ ബ്രദർ സാം മാത്യു, ബ്രദർ സാബുക്കുട്ടി കപ്പമാംമൂട്ടിൽ എന്നിവർ ആശംസകൾ അറിയിച്ചു. അദ്ധ്യക്ഷന്റെ ഉപസംഹാര പ്രസംഗത്തിനും, കൃതജ്ഞത പ്രകാശനത്തിനും ശേഷം ഇവാ. കെ.പി. ജോർജ് പ്രാർത്ഥിച്ചു. തുടർന്ന് ഡോ. പാസ്റ്റർ ബേബി വറുഗീസിന്റെ ആശിർവാദത്തോടെ മീറ്റിംഗ് സമംഗളം പര്യവസാനിച്ചു. മീറ്റിംഗിൽ ഐ.പി.സി. എബനേസർ ക്വയർ ബ്രദർ ഏബ്രഹാം ബേബിയുടെ നേതൃത്വത്തിൽ ഗാന ശുശ്രൂഷ നടത്തി.


FROM THE PROMOTERS OF
KALYAN JEWELLERS
KALYAN
DEVELOPERS
www.kalyandevelopers.com
14
YEARS OF
TRUST
BUILT by
TRUST
ONGOING PROJECTS
ONGOING
HORIZON
Venpalavattom
ONGOING
PARAMOUNT
Kaloor
ONGOING
INFINITY
Near Devamatha School
ONGOING
PRIMA
Mundur
ONGOING
Legacy
Chalappuram
COMPLETED PROJECTS
READY HOMES
gateway
Venpalavattom
READY HOMES
divinity
Sreevaraham
READY HOMES
MERIDIAN
Ayyanthole
READY HOMES
UPTOWN
Patturaikkal
READY HOMES
courtyard
Chevayur
FOR MORE DETAILS & CALL: 9020 155 555

# സിഎസ്ഇഎ 9200 ട്രഷററായി ജോസൻ ജോസഫ്; മലയാളി സമൂഹത്തിനു അഭിമാന നേട്ടം



ന്യു യോർക്ക് വെസ്റ്റ്ചെസ്റ്റർ സിവിൽ സർവീസ് എംപ്ലോയി അസോസിയേഷൻ 9200ന്റെ (സിഎസ്ഇഎ 9200) ട്രഷറർ സ്ഥാനത്തേക്ക് മാരാമൺ തേവർതുണ്ടിയിൽ കുടുംബാംഗമായ ജോസൻ ജോസഫ് തിരഞ്ഞെടുക്കപ്പെട്ടത് മലയാളി സമൂഹത്തിനു അഭിമാനമായി. വെസ്റ്റ്ചെസ്റ്റർ കൗണ്ടിയിലെ ഏറ്റവും വലിയ യൂണിയനായ സിഎസ്ഇഎ9200 ന്റെ ട്രഷററായി ഒരു ഇന്ത്യക്കാരൻ തിരഞ്ഞെടുക്കപ്പെടുന്നത് ഇതാദ്യമാണ്.

1910–ൽ സ്ഥാപിതമായ സിഎസ്ഇഎ, ന്യൂയോർക്കിലെ സർക്കാർ ജീവനക്കാരെ പ്രതിനിധീകരിക്കുന്ന തൊഴിലാളി യൂണിയനാണ്. എഎഫ്എസ്എംഇ - യുടെ ഏറ്റവും വലിയ അഫിലിയേറ്റ് എന്ന നിലയിൽ, സിഎസ്ഇഎ 9200 വെസ്റ്റ്ചെസ്റ്റർ കൗണ്ടി ജീവനക്കാരെ പ്രതിനിധീകരിക്കുന്നു. പബ്ലിക് സേഫ്റ്റി, കറക്ഷൻസ്, പ്രൊബേഷൻ, ഹെൽത്ത്കെയർ, ലാബ് & റിസർച്ച്, സോഷ്യൽ സർവീസസ്, ഡി.പി.ഡബ്ല്യു., ഡി.ഇ.എഫ്., പാർക്കുകൾ ഉൾപ്പെടെ വിവിധ മേഖലകളിലെ ജീവനക്കാരെ പ്രതിനിധീകരിക്കുന്നത് യൂണിയനാണ് .

മെച്ചപ്പെട്ട വേതനത്തിനും തൊഴിൽ സാഹചര്യങ്ങൾക്കും വേണ്ടി ശബ്ദിക്കാനും, നിയമപരമായ പ്രാതിനിധ്യം, വിദ്യാഭ്യാസ പരിപാടികൾ, നിരവധി ആനുകൂല്യങ്ങളും യൂണിയനിലെ അംഗത്വം വാഗ്ദാനം ചെയ്യുന്നു. നിയമനിർമ്മാണം, കരാർ ചർച്ചകൾ, വിരമിക്കൽ ആനുകൂല്യങ്ങൾ, ജോലിസ്ഥല സുരക്ഷ, ജീവനക്കാരുടെ അവകാശ സംരക്ഷണം എന്നിവയിലും സംഘടന സ്വാധീനം ചെലുത്തുന്നു.

ഏകദേശം $1,000 വാർഷിക അംഗത്വ ഫീസ് ഉള്ളതിനാൽ, വലിയ തുക സമാഹരിക്കുന്ന യൂണിയന്റെ സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള ഉത്തരവാദിത്തം ട്രഷറർക്കാണ്. തിരഞ്ഞെടുക്കപ്പെട്ട ബോർഡിന് 4 വർഷത്തെ കാലാവധിയാണ്. ഈ പ്രവർത്തനങ്ങൾക്ക് സർക്കാരാണ്



പൂർണ്ണമായും ശമ്പളം  നൽകുന്നത്.

'റീസ്റ്റോറിങ് ഔർ സ്ട്രെങ്ത്' (Restoring Our Strength) എന്ന പാനലിലാണ്  വാശിയേറിയ മത്സരത്തിൽ വിജയം കണ്ടത്.

ജോസൻ ജോസഫിനെ യോങ്കേഴ്സ് മലയാളി അസോസിയേഷൻ  (വൈഎംഎ) ഉൾപ്പടെ വിവിധ സംഘടനകൾ  അഭിനന്ദിച്ചു. വൈഎംഎ-യുടെ  അംഗങ്ങളിൽ ഒരാൾക്ക് ഇത്രയും പ്രധാനപ്പെട്ട ഒരു സ്ഥാനം നേടാൻ കഴിഞ്ഞതിലെ അഭിമാനം പങ്കുവയ്ക്കുന്നതോടൊപ്പം പ്രസ്തുത സ്ഥാനത്തിരുന്നുകൊണ്ട് സമൂഹത്തെ സേവിക്കുന്നതിൽ ജോസൻ വിജയിക്കട്ടെ എന്ന് ഭാരവാഹികൾ ആശംസിക്കുകയും ചെയ്തു.

കോളജ് രാഷ്ട്രീയത്തിലെ സജീവ ഇടപെടലിലൂടെയാണ് ജോസൻ സാമൂഹിക പ്രവർത്തനത്തിൽ കാലെടുത്തുവച്ചത്. 80 കളുടെ അവസാനത്തിൽ ബോംബെ ആശുപത്രിയിൽ അന്ന്  പ്രബലമായിരുന്ന  കാംഗർ സേനയെ വെല്ലുവിളിച്ചുകൊണ്ട് ഒരു പുതിയ യൂണിയൻ സ്ഥാപിച്ചതാണ്  ഈ രംഗത്തെ നാഴികക്കല്ല്. പിന്നീട് 90 കളുടെ തുടക്കത്തിൽ ഇന്ത്യൻ റെയിൽവേയിൽ ചേരുകയും റെയിൽവേ ജീവനക്കാർക്കിടയിൽ ട്രേഡ് യൂണിയനിലും സാംസ്കാരിക പ്രവർത്തനങ്ങളിലും സജീവ പങ്കുവഹിക്കുകയും ചെയ്തു.

2008-ൽ ന്യൂയോർക്കിലെത്തി. വെസ്റ്റ്ചെസ്റ്റർ കൗണ്ടിയിൽ സ്ഥിരതാമസമാക്കുകയും



പ്രാദേശിക രാഷ്ട്രീയത്തിലും പള്ളിയുടെ പ്രവർത്തനങ്ങളിലും ആഴത്തിൽ ഏർപ്പെടുകയും ചെയ്തു. ഫെഡറൽ, സംസ്ഥാന, കൗണ്ടി, നഗര ഉദ്യോഗസ്ഥർ ഉൾപ്പെടെ എല്ലാ തലങ്ങളിലുമുള്ള നേതാക്കളുമായി ശക്തമായ ബന്ധം സ്ഥാപിക്കാൻ കഴിഞ്ഞു. സെന്റ് തോമസ് പള്ളിയിലെ വൈസ് പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ, അക്കൗണ്ടന്റ് തുടങ്ങി നിരവധി സ്ഥാനങ്ങൾ  വഹിച്ചിട്ടുണ്ട്. നിലവിൽ, വെസ്റ്റ്ചെസ്റ്റർ ഏഷ്യൻ അമേരിക്കൻ ഡെമോക്രാറ്റ്  ബോർഡ് അംഗമായും, ഇന്ത്യൻ അമേരിക്കൻ കൗൺസിൽ ഓഫ് വെസ്റ്റ്ചെസ്റ്ററിന്റെ ട്രഷററായും, മലയാളി അസോസിയേഷന്റെ കമ്മിറ്റി അംഗമായും സേവനമനുഷ്ഠിക്കുന്നു.

കൂടാതെ, ബെക്സാക്ക് എൻവയോൺമെന്റൽ എഡ്യൂക്കേഷൻ സെന്റർ, ഗ്രൗണ്ട് വർക്ക് ഹഡ്സൺ വാലി എന്നിവയുടെ ബോർഡ് അംഗമായും ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന സംഘടനകളിലും സജീവമായി പ്രവർത്തിക്കുന്നുണ്ട്.

ഭാര്യ ജെയിൻ ജോസൻ വെസ്റ്റ്ചെസ്റ്റർ മെഡിക്കൽ സെന്ററിൽ  ജോലി ചെയ്യുന്നു. മകൾ ജെന്നിഫർ (ഫാർമസിസ്റ്റ്)  മകൻ ജെഫ് ( മെഡിക്കൽ വിദ്യാർത്ഥി). യോങ്കേഴ്സിലാണ് കുടുംബസമേതം താമസം.




LAWSON
travel
END OF
SUMMER
SALE
FLEXIBLE FARES AVAILABLE
CALL
(214) 631 2458
www.LawsonTravel.com
1140 Empire Central DR.Suite 620, Dallas, Texas 75247, USA
T 214 631 2458 | F 214 631 2464 | Email : info@lawsontravel.com
Lawson Travels stays current on all Covid-19 destination updates & Travel Policies


CELEBRATING
30
Service & Commitment
Blue Ocean
Wealth Solutions
A member of the MassMutual Financial Group
Philipose Samuel
I specialize in helping businesses and individuals plan for the future by customizing solutions to meet their needs. I take a client-centered approach by using relevant financial and personal information to understand their goals. I analyze this information and prepare a specific Action Plan to help my clients focus on the steps necessary to reach these goals
BUSINESS NEEDS
PERSONAL NEEDS
Business Continuation Planning
Key Employee Insurance
Business Overhead Insurance
Disability Buyouts
Buy-Sell Arrangements
Retirement Planning
401K Plans
403b Plans
Simplified Employee Pensions (SEPs)
Simple IRAs
Employee Benefits Products
Short-term and Long-term Disability Insurance
Health Insurance*
Group Health insurance
Group Whole Life (Without Medicals)
Group Disability & Group Dental Plans Insurance
Wealth Communication
Managed Investment Accounts
Mutual Funds
Exchange Traded Funds
Fixed, Variable and Index Annuities
Traditional and Roth IRAs
Education Funding Strategies
Retirement Planning
Family Protection
Long-Term Care Insurance
Whole Life Insurance
Term Life Insurance
Disability Income Insurance
Medicare Supplement & Advantage Plans*
Medicare Part D*
Home Owner's Insurance*
Auto Insurance*
Estate Conservation
Charitable Planning Strategies
MassMutual Leaders Conference: 2022, 2021, 2019, 2018
MetLife, Leaders Conference: 2015, 2014 2012-10, 2008, 2005-03, 2001, 1998, 1997
MetLife Presidents Conference : 2007
NAIFA National Sales Achievement Award: 1999
NAIFA Quality Award : 1998
Philipose Samuel (Sam)
30 Years of Service
Financial Service Representative Financial Advisor
O: (516) 326-7028 | C: (516) 312-2902
psamuel@financialguide.com | www.blueocean.us.com
For Messaging Please use the Phone number 516 774 4283
Insurance Representative of Massachusetts Mutual Life Insurance Company (MassMutual), Springfield, MA 01111-0001, and its aliated US insurance companies. Registered Representative of and securities and investment advisory services oered through MML Investors Services, LLC, Member SIPC and a MassMutual subsidiary.2200 Northern Boulevard Suite 200 East Hills NY 11548 (516) 686-7000. Local sales agencies are not subsidiaries of MassMutual or its aliated companies. "Property & Casualty insurance is oered through a variety of quality insurance companies that are not aliated with MassMutual or MML Investors Services, LLC. Some health insurance products oered by unaliated insurers. **Not practicing on behalf of MassMutual or its aliates. CRN202501-1659414.

# വായന ശീലം വളർത്തുക: നിങ്ങളുടെ ജീവിതത്തെ മാറ്റിമറിക്കും




വായന ഏറ്റവും പ്രധാനപ്പെട്ടതും പ്രയോജനകരവുമായ പ്രവർത്തനങ്ങളിൽ ഒന്നാണ്. കുട്ടിക്കാലം മുതൽ നമുക്ക് വളർത്തിയെടുക്കാൻ കഴിയുന്ന നല്ല ശീലങ്ങളിൽ ഒന്നാണ് വായന. മനുഷ്യൻ വളരുന്നതും അറിവ് സമ്പാദിക്കുന്നത് വായനയിലൂടെയാണ്. ഇന്നത്തെ കാലത്ത്, മൊബൈൽ ഫോണുകളും സോഷ്യൽ മീഡിയയും വായനയോട് ഉള്ള ആഗ്രഹം കുറയ്ക്കുന്ന സാഹചര്യങ്ങളാണ് . നമ്മുടെ അറിവുകളെയും ചിന്തകളെയും ധാർമിക മൂല്യങ്ങളെയും വളർത്തുവാൻ വായനക്ക് കഴിയും. ചെറുപ്പത്തിൽ തന്നെ നല്ല പുസ്തകങ്ങൾ വായിക്കുന്ന ശീലമുണ്ടാകുന്നത് ഒരു വ്യക്തിയുടെ ജീവിതദിശയെ തന്നെ മാറ്റിമറിക്കാവുന്ന ഘടകമായി മാറും.

### വായന എന്തുകൊണ്ട് പ്രധാനമാണ് ?

വായന പുതിയ ലോകങ്ങളിലേക്കുള്ള വാതിലുകൾ തുറക്കുന്നു, പുസ്തകങ്ങൾ, കഥകൾ, കവിതകൾ, പത്രങ്ങൾ ഇതെല്ലാം വായനയുടെ ഭാഗങ്ങളാണ്. വായിക്കുന്നത് ഒരാൾക്ക് അറിവ് നേടാനും കൗതുകം നിറഞ്ഞ പുതിയ കാര്യങ്ങൾ അറിയാനും സഹായിക്കുന്നു. വായന ഒരു നല്ല സുഹൃത്ത് പോലെ നമ്മെ സന്തോഷിപ്പിക്കുകയും വളർത്തുകയും ചെയ്യുന്നു. നല്ല പുസ്തകങ്ങൾ വായിച്ചാൽ നല്ല കുട്ടികളായി വളരാം. 2017 ലെ പീഡിയാട്രിക് അക്കാദമിക് സൊസൈറ്റീസ് മീറ്റിംഗിലെ പുതിയ ഗവേഷണം കാണിക്കുന്നത്, ശൈശവാവസ്ഥയിൽ തന്നെ പുസ്തകങ്ങൾ വായിച്ചു കൊടുക്കുന്നത് നാല് വർഷത്തിന് ശേഷം, പ്രാഥമിക വിദ്യാലയം ആരംഭിക്കുന്നതിന് മുമ്പ് തന്നെ പദാവലിയും വായനാ വൈദഗ്ധ്യവും വർദ്ധിപ്പിക്കുമെന്ന്.

### വായന കൊണ്ടുള്ള ഗുണങ്ങൾ :

വായന തലച്ചോറിന്റെ പ്രവർത്തനത്തെ ശക്തിപ്പെടുത്തുന്നു:

വായന നിങ്ങളുടെ മനസ്സിനെ വ്യത്യസ്ത മേഖലകളിൽ പ്രവർത്തിക്കാൻ സഹായിക്കുന്നു. സമ്മർദ്ദവും ഉത്കണ്ഠയും കുറയ്ക്കുക, വൈജ്ഞാനിക പ്രവർത്തനവും ഓർമ്മശക്തിയും മെച്ചപ്പെടുത്തുക, മാനസികാരോഗ്യം പ്രോത്സാഹിപ്പിക്കുക, തുടങ്ങി നിരവധി ശാരീരികവും മാനസികവുമായ ആരോഗ്യ ഗുണങ്ങൾ ഇതിനുണ്ട്.

വായന ഏറ്റവും ഫലപ്രദമായ സമ്മർദ്ദ പരിഹാര പ്രവർത്തനങ്ങളിൽ ഒന്നാണ്. പ്രതിദിനം 20 മിനിറ്റ് വായന പോലും സമ്മർദ്ദത്തിന്റെ തോത് കുറയ്ക്കാൻ സഹായിക്കും, കൂടാതെ മറ്റ് നിരവധി ശാരീരികവും മാനസികവുമായ ആരോഗ്യ ഗുണങ്ങൾ ഇതിനുണ്ട്.

### ഭാഷാജ്ഞാനത്തെ മെച്ചപ്പെടുത്തുന്നു:

നാം പുസ്തകങ്ങൾ വായിക്കുമ്പോൾ ലോകത്തെ കുറിച്ചും, പ്രകൃതിയെ കുറിച്ചും, മനുഷ്യരെ കുറിച്ചും പുതിയ കാര്യങ്ങൾ അറിയാം. വായനയിലൂടെ ലോകത്തിന്റെ വിവിധ കോണുകളിലെ അറിവുകൾ നമ്മിലേക്ക് എത്തുന്നു. ചരിത്രം, സയൻസ്, സാഹിത്യം, കല, സംസ്കാരം എന്നിവയെക്കുറിച്ചുള്ള ധാരാളം വിവരങ്ങൾ വായന നൽകുന്നു.

### ആശയവിനിമയ കഴിവുകൾ വർദ്ധിപ്പിക്കുന്നു:

ആശയവിനിമയ കഴിവുകൾ വർദ്ധിപ്പിക്കുന്നത് വ്യക്തിത്വ വികസനത്തിനും, സാമൂഹികമായി മുന്നേറാനും, തൊഴിൽ വിജയം കൈവരിക്കാനും വളരെ പ്രധാനപ്പെട്ടതാണ്. നല്ല മലയാളം സംസാരിക്കാൻ, എഴുതാൻ, എഴുതിയതു മനസ്സിലാക്കാൻ

വായന സഹായിക്കുന്നു. നമുക്ക് ഉള്ള കഴിവുകൾ പകർന്നു നൽകാനും മറ്റുള്ളവരിൽ നിന്നും വിശ്വാസം നേടാനും സഹായകമാണ് അതിന്റെ ശക്തി.

**ചിന്തനശേഷിയെ വർദ്ധിപ്പിക്കുന്നു :**

പുസ്തകങ്ങൾ വായിക്കുക എന്നത് വിനോദം മാത്രമല്ല, ബുദ്ധിയുടെയും ചിന്തയുടെയും കായിക അഭ്യാസമാണ്. കഥകൾ വായിക്കുമ്പോൾ കഥയിലെ കഥാപാത്രങ്ങൾ എന്ത് ചെയ്യുന്നു, അവർക്ക് എന്താണ് പ്രശ്നം തുടങ്ങിയതെല്ലാം മനസ്സിലാക്കുമ്പോൾ നമുക്ക് ചിന്തനശേഷിയെ വർദ്ധിപ്പിക്കുന്നു. ഇതിലൂടെ വ്യത്യസ്ത വീക്ഷണകോണുകൾ പരിശോധിക്കാനും വിലയിരുത്താനും നിങ്ങൾക്ക് കഴിയും.

**ഡിജിറ്റൽ യുഗവും വായനയും:**

പണ്ടത്തെപ്പോലെ പുസ്തകങ്ങൾ വാങ്ങി കയ്യിലേറ്റി വായിക്കുന്ന പാരമ്പര്യം കുറയുകയാണ്. അതിന് പകരം ഇ-ബുക്കുകൾ, ആഡിയോ ബുക്കുകൾ, ബ്ലോഗുകൾ, വെബ്സൈറ്റുകൾ, സോഷ്യൽ മീഡിയ പോസ്റ്റുകൾ എന്നിവയിലൂടെ ആളുകൾ കൂടുതൽ വായിക്കാൻ തുടങ്ങിയിരിക്കുന്നു. വായനയുടെ മാർഗങ്ങൾ മാറിയെങ്കിലും വായനയുടെ പ്രധാന്യം കുറയുന്നില്ല . ഡിജിറ്റൽ യുഗത്തിൽ വായനയുടെ രൂപം മാറ്റപ്പെട്ടെങ്കിലും അതിന്റെ പ്രസക്തിയും ശക്തിയും ഇന്നും അതുപോലെ നിലനില്ക്കുന്നു. പുസ്തകങ്ങളെയും ഡിജിറ്റൽ വായനമാധ്യമങ്ങളെയും ബാലൻസ് ചെയ്ത് ഉപയോഗിക്കുന്നതിലൂടെ പാഠഭാഗങ്ങളോട് കൂടുതൽ അനുബന്ധവും അറിവും നേടാനാകും.

**ഏറ്റവും വിജയകരമായ ആളുകൾ സാധാരണയായി ധാരാളം വായനക്കാരാണ്:**

വ്യത്യസ്ത മേഖലകളിലുടനീളമുള്ള വിജയകരമായ നേതാക്കളെ നോക്കുമ്പോൾ, വായന അവരുടെ വിജയത്തിലേക്കുള്ള യാത്രയിൽ ഒരു പ്രധാന പങ്ക് വഹിച്ചിട്ടുണ്ടെന്ന് ഒരു പൊതു ട്രെൻഡ് അവരെ ബന്ധിപ്പിക്കുന്നു.എലോൺ മസ്ക് റോക്കറ്റുകൾ എങ്ങനെ നിർമ്മിക്കാമെന്ന് പഠിച്ചത് വായനയിലൂടെയാണ്, അത് സ്പേസ് എക്സിലേക്ക് നയിച്ചു. ബിൽ ഗേറ്റ്സ് തന്റെ ഇളയ വ്യക്തിക്ക് നൽകുന്ന ഉപദേശം ലളിതമാണ്: 'ധാരാളം വായിക്കുക'. എവിടെയും സഞ്ചരിക്കാനും ആരെയും കാണാനും കഴിയുമെങ്കിലും, പുതിയ കാര്യങ്ങൾ പഠിക്കാനും തന്റെ ഗ്രാഹ്യം പരീക്ഷിക്കാനുമുള്ള പ്രധാന മാർഗം വായനയാണെന്ന് ഗേറ്റ്സ് പങ്കുവെക്കുന്നു. എവിടെ പോയാലും എപ്പോഴും തന്റെ പക്കൽ ഒരു പുസ്തകമുണ്ടാകും.

**നേതൃത്വത്തിലേക്കുള്ള പാത :**

"Reading is not just a skill - it's the seed of leadership", യു.എൻ വിദ്യാഭ്യാസ ഫോറത്തിലെ പ്രഭാഷണത്തിൽ യൂണിസെഫ് ഡയറക്ടർ ആജയ ബാനർജി പറഞ്ഞു.



നിങ്ങളുടെ നേതൃത്വപരമായ കഴിവുകൾ മെച്ചപ്പെടുത്തണമെങ്കിൽ, വ്യക്തിഗത വികസന പുസ്തകങ്ങൾ പതിവായി വായിക്കാൻ സമയം കണ്ടെത്തുക.വായനയോടുള്ള അഭിനിവേശം വളർത്തിയെടുക്കുന്നത് കുട്ടികൾ അവരുടെ വിദ്യാഭ്യാസത്തിലും വ്യക്തിഗത വികസനത്തിലും വ്യാപൃതരാണെന്ന് ഉറപ്പാക്കുന്നു, അവരെ ആജീവനാന്ത നേട്ടത്തിലേക്കുള്ള പാതയിലേക്ക് നയിക്കുന്നു. വായന നിങ്ങളെ മികച്ച നേതാവാക്കുന്നു. നേതാക്കളായ മഹാത്മാഗാന്ധി, ഡോ. എ. പി.ജെ അബ്ദുൾ കലാം, നെൽസൺ മണ്ടേല തുടങ്ങിയവർ എല്ലാവരും വലിയ വായനാശീലയുള്ളവരായിരുന്നു. അവരുടെ നേതൃത്വത്തെ ആഴത്തിൽ രൂപപ്പെടുത്തിയത് വായനയിലൂടെയാണ്. ഓരോ വായനയും ആളുടെ മനസ്സിലേക്ക് പുതിയ ചിന്തകളെ, മൂല്യങ്ങളെ, ആശയങ്ങളെ നയിക്കുന്നു.

**വായനയെ എങ്ങനെ രസകരമാക്കാം ?**

- ഇഷ്ടമുള്ളതും മനസ്സിലാവുന്നതുമായ ചെറിയ കഥപുസ്തകങ്ങൾ വായിച്ചു കൊണ്ടുതുടങ്ങൂ.
- അമ്മയോടോ അച്ഛനോടോ, അധ്യാപകരോടോ ചേർന്ന് കഥ വായിക്കുക.
- ഒരു ദിവസം കുറഞ്ഞത് 15 മിനിറ്റെങ്കിലും പുസ്തകം വായിക്കാൻ സമയം മാറ്റി വെക്കൂ.
- സ്കൂളിലെ ലൈബ്രറിയിൽ നിന്നും പുതിയ പുസ്തകങ്ങൾ വായിക്കാം.

**സമാപനം**

വായന ശീലം വളർത്തുന്നത് നമ്മുടെ ഭാവിക്കായുള്ള ഏറ്റവും നല്ല നിക്ഷേപം ആകുന്നു. ഇന്നത്തെ ഡിജിറ്റൽ കാലത്തും വായനയുടെ പ്രസക്തി കുറയുന്നില്ല; മറിച്ച്, അതിന്റെ ആവശ്യകത കൂടുതലായിക്കൊണ്ടിരിക്കുന്നു. ചെറുപ്പത്തിൽ തന്നെ നല്ല പുസ്തകങ്ങൾ വായിക്കുന്ന ശീലമുണ്ടാകുന്നത് ഒരു വ്യക്തിയുടെ ജീവിതദിശയെ തന്നെ മാറ്റിമറിക്കാവുന്ന ഘടകമായി മാറും.

Few Quotes:

- 'A reader lives a thousand lives before he dies. The man who never reads lives only one." - George R.R. Martin
- 'Reading is to the mind what exercise is to the body." - Joseph Addison
- 'Books are a uniquely portable magic." - Stephen King
- 'The more that you read, the more things you will know. The more that you learn, the more places you'll go." - Dr. Seuss
- 'There is no friend as loyal as a book." - Ernest Hemingway
- 'Reading gives us someplace to go when we have to stay where we are." - Mason Cooley
- 'A book is a dream that you hold in your hand." - Neil Gaiman
- 'Books open your mind, broaden your mind, and strengthen you as nothing else can." - William Feather
- 'Today a reader, tomorrow a leader." - Margaret Fuller


GRANEX KITCHEN
We are your one-stop shop for Granite, Marble
OUR PRODUCTS
COUNTERTOPS
VANITIES
SINKS
FAUCETS
BACKSPLASH
TILES
Fabrication shop on premises
Custom kitchen designers are available to render your dream kitchen.
QUARTZ SLABS
Hundreds of colors in stock
FINANCING AVAILABLE
ONE YEAR FINANCING for qualified clients
ADDITIONAL SERVICES
BATHROOM & KITCHEN REMODELING
615 Medford Ave, Patchogue, New York 1-631-438-1470 | sales@granexkitchen.com

# PARK FUNERAL CHAPELS

## Generations of Dignified Personal Service




### Services

We offer a wide choice of service options, all with the dignity and personal attention you have come to know and trust from Morton Funeral Home/Ridgewood Chapels.

- Filing for Social Security Benefits
- Military & Veterans Arrangements Including Applicable Benefits
- At Need Financing through Family Assistance
- Arrangements for Deaths Occurring Abroad or Shipping Remains out of Town.
- Assistance in Claiming Life Insurance Benefits.
- Human Resources Administration Filing for Death Benefits if Applicable.
- Cost of Cemetery or Crematory, Death Certificates, Clergy & Etc. Additional)



**Park Funeral Chapels, Garden City Park, NY**
**Tel: (516) 747-4300**
**www.parkfuneralchapels.com**

# മിഷിഗണിലെ ഗ്ലോബൽ ഫെസ്റ്റിൽ മെഗാ തിരുവാതിരയും ചെണ്ടമേളവും ആകർഷകമായി



ശ്രീലക്ഷ്മി

മലയാളി അസോസിയേഷൻ ഓഫ് ലാൻസിംഗ് (MAALA) ജൂൺ 28-ന് ഒകെമോസിൽ നടന്ന മെറിഡിയൻ ഫെസ്റ്റ് -ൽ അവതരിപ്പിച്ച മെഗാ തിരുവാതിര വലിയ ജനശ്രദ്ധ പിടിച്ചു. മലയാളികൾ മാത്രമല്ല, തമിഴ്, തെലുങ്ക് സുഹൃത്തുക്കൾക്കും ഇതിൽ സജീവ പങ്കാളിത്തമുണ്ട്. 28 പേർ ശ്രുതി വർമ്മയുടെ നേതൃത്വത്തിൽ പങ്കെടുത്ത തിരുവാതിര കാഴ്ചക്കാരെ ഏറെ ആകർഷിച്ചു. രണ്ട് മാസത്തെ കഠിനപരിശീലനത്തിന്റെ ഫലമായാണ് അവർ ഈ മനോഹരമായ കലാപരിപാടി അവതരിപ്പിച്ചത് 'മാല'യുടെ യുടെ ചരിത്രത്തിൽ ആദ്യമായിട്ടുള്ള ഒരു മെഗാ തിരുവാതിര!

വൈകുന്നേരം 5.30-ന് തുടങ്ങിയ പരിപാടി മികച്ച അനുഭവമായി. തിരുവാതിരയ്ക്ക് മുമ്പും ശേഷം Motown Melam ന്റെ ചെണ്ടമേളം പരിപാടിയും ഹൃദ്യമായി. ഇന്ത്യക്കാരും അമേരിക്കക്കാരും ഒരുപോലെ ആസ്വദിച്ച ഈ പരിപാടിയുടെ അവസാനം, മുഴുവൻ പങ്കാളികളും പാട്ടിനും താളത്തിനും ഒന്നിച്ചു ചുവടു വച്ചു .



MAALA 2025 പ്രസിഡന്റ് പ്രവീൺ രാമചന്ദ്രൻ ഉദ്ഘാടനാം ചെയ്തു. തുടർന്ന്, ബോർഡ് അംഗവും യൂത്ത് അംബാസഡറുമായ മനീഷ് മോഹൻ, ആർജെ ഹ്രസ്വ പ്രസംഗങ്ങളിലൂടെ ആൾക്കൂട്ടത്തെ നിയന്ത്രിച്ചു. സെക്രട്ടറി സമിത താജ് മുഹമ്മദ്, ട്രെഷറർ ഷാജി ജോൺ, ബോർഡ് ഓഫ് ഡയറക്ടേഴ്സ് ശ്രീലക്ഷ്മി രാജേഷ്, രാജീവ് കൃഷ്ണൻ തുടങ്ങിയവർ നേതൃത്വം നൽകി. രാജീവ് കൃഷ്ണൻ പരിപാടിയിലെ മനോഹര നിമിഷങ്ങൾ ക്യാമറയിൽ പകർത്തി. രാജേഷ് നായരും ജിനോയും യൂത് ക്ലബ് സെക്രട്ടറി സാന്ദ്ര നായരും വീഡിയോ കവർ ചെയ്തു.

ഓർമ്മകളിൽ നിറയുന്ന ഈ ഒരു ദിവസം ഒരുമയും, ഉത്സാഹവും, കലയോടുള്ള സ്നേഹവും അകമഴിഞ്ഞ പങ്കാളിത്തവുമാണ് MAALA 2025നെ ഇത്തിരി വ്യത്യസ്തമാക്കിയത്.


JOYFUL
HOME CARE
Caring for your loved ones with a joyful spirit
With the new changes in CDPAP, are you looking for a licensed Home Care Agency? Reach out to us
Joy Mekkatte
CEO
631-737-1000
SERVING SUFFOLK, NASSAU & QUEENS COUNTY
ഒരു മലയാളി സ്ഥാപനം
MAIN OFFICE:
1344 Middle Country Rd, Centereach, NY 11720
info@joyfulhomecare.com • www.joyfulhomecare.com
QUEENS OFFICE:
201-16 Hillside Ave, Hollis, NY 11423

# ഹ്യൂസ്റ്റൺ ഇൻഡസ് ലയൺസ് ക്ലബ് മൂന്നാം വാർഷികം ആഘോഷിച്ചു; ജോർജ്ജ് വർക്കി പ്രസിഡന്റായി പുതിയ ഭാരവാഹികൾ സ്ഥാനമേറ്റു

ടെക്സസ് ആസ്ഥാനമായ ഹ്യൂസ്റ്റൺ ഇൻഡസ് ലയൺസ് ക്ലബിന്റെ മൂന്നാം വാർഷികവും ഭാരവാഹികളുടെ സ്ഥാനാരോഹണവും പുതിയ അംഗങ്ങളെ ചേർക്കലും ജൂൺ 29 ന് സ്റ്റാഫോർഡ് ടെക്സസിൽ നടന്ന മീറ്റിങ്ങിൽ നടന്നു.

ലയൺസ് ഡിസ്ട്രിക്റ്റ് ഗവർണർ ബിൽ സിംപ്സൺ, മുൻ ഡിസ്ട്രിക്റ്റ് ഗവർണർ പോൾ മൂർ, ലയൺ എമി നിസ്നിസാൻ എന്നിവർ പുതിയ അംഗങ്ങൾക്ക് സത്യപ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

ലയൺസ് ക്ലബ് ഇന്റർനാഷണലിന്റെ കീഴിൽ 50 സജീവ അംഗങ്ങളുള്ള ഹ്യൂസ്റ്റൺ ഇൻഡസ് ലയൺസ് ക്ലബ്ബ് ചാർട്ടേഡ് ആണ്. വികലാംഗർക്ക് റാമ്പ് നിർമ്മാണം, കണ്ണടകൾ ശേഖരിക്കുക, ആവശ്യക്കാർക്ക് പുനർവിതരണം ചെയ്യുക, ഹ്യൂസ്റ്റൺ ഫുഡ് ബാങ്ക് പോലുള്ള പ്രാദേശിക ചാരിറ്റി സംരംഭങ്ങളിൽ സന്നദ്ധസേവനം നടത്തുക, കേരളത്തിൽ നിന്നടക്കം ആവശ്യമുള്ള വ്യക്തികൾക്ക് സഹായം നൽകുക തുടങ്ങിയ ചാരിറ്റി പരിപാടികൾ ക്ലബ്

അംഗങ്ങൾ സജീവമായി നടത്തുന്നു.

1949-ൽ സ്ഥാപിതമായതുമുതൽ, ശാരീരിക വൈകല്യങ്ങൾ, ടൈപ്പ് 1 പ്രമേഹം, ഡൗൺ സിൻഡ്രോം, കാൻസർ തുടങ്ങി സവിശേഷ വെല്ലുവിളികൾ നേരിടുന്ന, ടെക്സസ് പൗരന്മാരായ 79,000-ത്തിലധികം യുവാക്കളെ സാഹസികത, നീന്തൽ, റോപ്പ് കോഴ്സുകൾ, കുതിരസവാരി, സമപ്രായക്കാരുടെ പിന്തുണ നേടിയെടുക്കൽ എന്നിവയിലൂടെ ആത്മവിശ്വാസം നേടാൻ TLC പ്രാപ്തരാക്കിയിട്ടുണ്ട്.

ലയൺസ് പതാക ഉയർത്തൽ ചടങ്ങോടെ ആരംഭിച്ച പരിപാടി വിനോദ പരിപാടികളോടെ അവസാനിച്ചു. പരിപാടിയിൽ, 501 സി(3) ചാരിറ്റി സംഘടനയായ ഹ്യൂസ്റ്റൺ ഇൻഡസ് ലയൺസ് ക്ലബ് ഫൗണ്ടേഷൻ ഭാവി പദ്ധതികൾക്കായി ഫണ്ട് ശേഖരണം ആരംഭിച്ചു.

2025-26 ലെ ഭാരവാഹികളായി ജോർജ്ജ് വർക്കി (പ്രസിഡന്റ്), ബോസ് കുര്യൻ (വൈസ് പ്രസിഡന്റ്), റോബിൻ ജോയ്(സെക്രട്ടറി), ഷിജു കുര്യൻ (ജോയിന്റ് സെക്രട്ടറി ), ബാബു ചാക്കോ( ട്രഷറർ) എന്നിവർ സ്ഥാനമേറ്റു.

ബന്ധപ്പെടേണ്ട ഇമെയിൽ വിലാസം- Secretary@induslionsclub.com.






Lakshmi classic
bride's
collections
പട്ടിന്റെ
ഏറ്റവും മഹത്തായ
മേൽവിലാസം....
Lakshmi Silks
THE AUTHENTIC SILK PEOPLE
T.B ROAD, KOTTAYAM
NRI CUSTOMER CARE SERVICE
+91 88916 51904
+91 88911 51907

# ഇന്ത്യയിലെ മതപീഡനത്തിൽ ദുഖവുമായി ഇന്ത്യൻ ക്രിസ്ത്യാനികൾ യേശു ഭക്തി ദിവസ് ആചരിച്ചു




ന്യു യോർക്ക്: ഇന്ത്യയിൽ തുടരുന്ന ക്രൈസ്തവ പീഡനത്തിന്റെ വേദന പങ്കിട്ടു കൊണ്ട് വിവിധ സംസ്ഥാനങ്ങളിൽ നിന്നെത്തിയ ക്രൈസ്തവർ ഒത്തുചേർന്ന് പ്രാർഥനാപൂർണമായി ഇന്ത്യൻ ക്രിസ്ത്യൻ ഡേ (യേശു ഭക്തി ദിവസ്) ആചരിച്ചു. എൽമോണ്ടിൽ മലങ്കര കത്തോലിക്കാ കത്തീഡ്രലിനോടനുബന്ധിച്ചുള്ള സമ്മേളനത്തിൽ വ്യത്യസ്ത ഭാഷകളിൽ പ്രാർത്ഥന ഗീതങ്ങൾ ആലപിക്കുകയും ബൈബിൾ വായിക്കുകയും ചെയ്തുകൊണ്ട് നാനാത്വത്തിലെ ഐക്യം പ്രഘോഷിച്ചു. സീറോ മലബാർ ബിഷപ്പ് മാർ ജോയി ആലപ്പാട്ട്, എപ്പിസ്കോപ്പൽ ബിഷപ്പ് റവ ഡോ . ജോൺസി ഇട്ടി എന്നിവരും വിവിധ സഭകളിൽ നിന്നുള്ള വൈദികരും രാഷ്ട്രീയ നേതാക്കളും പങ്കെടുക്കുകയും ചെയ്തു.ന

ഇന്ത്യയിലെ മതപീഡനങ്ങൾ ക്രോഡീകരിക്കുന്ന റിപ്പോർട്ടും ചടങ്ങിൽ പ്രകാശനം ചെയ്തു. ഒക്ടോബർ ആദ്യം ഫിയക്കൊനയുടെ ആഭിമുഖ്യത്തിൽ ഫിലാഡൽഫിയയിൽ ത്രിദിന ക്രിസ്ത്യൻ സമ്മേളനം നടത്തുന്നതും ചടങ്ങിൽ പ്രഖ്യാപിച്ചു.

കത്തോലിക്കാ സഭയിൽ വി. പത്രോസ്, പൗലോസ് ശ്ലീഹന്മാരുടെ ദിനമാണ് ഇന്ന് എന്ന് കോൺഗ്രസംഗം ടോം സുവോസി ചൂണ്ടിക്കാട്ടി. ഇരുവരും റോമിൽ കൊല്ലപ്പെടുകയായിരുന്നു. ക്രൈസ്തവ വിശ്വാസം അവിടെ അവസാനിക്കുമെന്ന് കരുതിയവർക്ക് തെറ്റി. സാമ്രാജ്യ തലസ്ഥാനമായ റോം ഇന്നില്ല. പക്ഷെ ക്രിസ്തവവിശ്വാസം ഇന്നും ശക്തമായി നിലനിക്കുന്നു.

ഇന്ത്യയിൽ ക്രൈസ്തവർ പീഡനത്തിന്റെ ഇരുണ്ട കാലത്തിലൂടെയാണ് പോകുന്നതെന്നറിയാം. ഇക്കാര്യത്തിൽ ശ്രദ്ധിക്കണെമെന്ന് വാഷിംഗ്ടണിൽ ഗവൺമെന്റിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. നിങ്ങളുടെ ദുരവസ്ഥയിൽ ഞാൻ നിങ്ങളോടൊപ്പമുണ്ട്

താൻ കാത്തലിക്ക് സ്കൂളിലും കോളജിലും പഠിക്കുകയും അൾത്താരശുശ്രുഷകനായി പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്. സെന്റ് തോമസിനെപ്പറ്റി ഡൗട്ടിംഗ് തോമസ് എന്ന് മാത്രമേ അന്നൊക്കെ കരുതിയിട്ടുള്ളു. എന്നാൽ അദ്ദേഹം കേരളത്തിലെത്തി വിശ്വാസം പ്രചരിപ്പിച്ചു എന്നത് കേരളത്തിൽ നിന്നുള്ള സുഹൃത്തുക്കളാണ് പറഞ്ഞു തന്നത്. എന്തൊരു മഹത്തായ യാത്ര ആയിരുന്നു അത്. ചെന്നൈയിലും കേരളത്തിലും പോയി അദ്ദേഹത്തെ ആദരിക്കണമെന്ന് ആഗ്രഹമുണ്ട്-അദ്ദേഹം പറഞ്ഞു.

ആരെങ്കിലും വിശ്വാസം പകർന്നു നൽകിയത് കൊണ്ടാണ് നാം ഇന്നിവിടെ കൂടിയിരിക്കുന്നതെന്ന് എപ്പിസ്കോപ്പൽ ബിഷപ്പ് റവ ഡോ ജോൺസി ഇട്ടി പറഞ്ഞു. വിശ്വാസം തുടരാനുള്ള ഉത്തരവാദിത്തം ഓരോ ക്രിസ്ത്യാനിക്കുമുണ്ട്.

ആചാരം, പാരമ്പര്യം എന്നിവയാൽ മാത്രമല്ല, ഒരേ ദൈവത്തിലുള്ള വിശ്വാസവും ജ്ഞാനസ്നാനവും കൊണ്ടാണ് ജൂൺ 29ന് ന്യൂയോർക്കിൽ ഇന്ത്യൻ ക്രിസ്ത്യൻ ദിനം ആചരിക്കാൻ ഏവരും ഒന്നിച്ചിരിക്കുന്നത്. ഏലീശ്വ പ്രവാചകൻ താൻ ചെയ്യുന്നതൊന്നും ഫലവത്താകുന്നില്ല എന്ന് കണ്ട് എല്ലാം അവസാനിപ്പിക്കാൻ ഒരുങ്ങിയതാണ്. എന്നാൽ ദൈവം അദ്ദേഹത്തെ ശക്തിപ്പെടുത്തി.

വിത്ത് നട്ടതിനുശേഷം മണ്ണൊരുക്കി ദിവസേന വെള്ളമൊഴിച്ച് പരിപാലിച്ചാൽ ചെടി വളരുകയും വിള നൽകുകയും ചെയ്യും. അത് വളരുന്നതോ വിള നല്കുന്നതോ ഒന്നും നിയന്ത്രിക്കാൻ നമുക്ക് ആവില്ല. നാം കൂടുതൽ കരുതൽ എടുത്തതു കൊണ്ട് ചെടി കൂടുതൽ വേഗത്തിൽ വളരില്ല.

വീട്ടിലേക്ക് വെള്ളം കൊണ്ട് വരുന്ന രണ്ടു പാത്രങ്ങളുടെ ഉപമയും അദ്ദേഹം

പങ്കു വച്ചു. ഒന്നിൽ ദ്വാരങ്ങളുണ്ടായിരുന്നു. വീട്ടിലെത്തുമ്പോഴേക്കും അതിലെ വെള്ളമെല്ലാം ചോർന്നു പോകും. സ്വയം ലജ്ജ തോന്നിയ ആ പാത്രത്തിന്റെ മനോവ്യാപാരം മനസിലാക്കിയ ഉടമ അതിനെ ആശ്വസിപ്പിച്ചു. ദ്വാരങ്ങൾ താൻ ഇട്ടതാണെന്നും വെള്ളം ഒഴുകിപ്പോകുന്നതു തനിക്കറിയാമെന്നും അദ്ദേഹം പറഞ്ഞു. പുറത്തേക്കു നോക്കി ആ വെള്ളം കൊണ്ട് വളർന്ന ചെടികളെ അദ്ദേഹം ചൂണ്ടിക്കാട്ടി.





നാം പ്രവർത്തിക്കുകയും ഫലത്തിനായി ദൈവവത്തിൽ ആശ്രയിക്കുകയുമാണ് വേണ്ടതെന്ന് അദ്ദേഹം ഓർമ്മപ്പെടുത്തി. ജീവിതം ഒരിക്കലും പൂർണമാകാൻ പോകുന്നില്ല. സാഹചര്യങ്ങൾ മോശമായാലും അതിനെ വിശ്വാസവും കൃപയുംകൊണ്ട് മറികടക്കുകയാണ് വിശ്വാസിയുടെ ധർമ്മമെന്നും ബിഷപ്പ് ഓർമ്മപ്പെടുത്തി. ദൈവത്തിലുള്ള അചഞ്ചലമായ വിശ്വാസമാണ് അഭിവൃദ്ധിയുടെ താക്കോൽ.




ചിക്കാഗോ സെന്റ് തോമസ് സീറോ മലബാർ രൂപാതാധ്യക്ഷൻ മാർ ജോയി ആലപ്പാട്ട് നടത്തിയ പ്രസംഗത്തിൽ ക്രിസ്തു ലോകത്തിന്റെ ചിന്താധാരയെ എങ്ങനെ സ്വാധീനിച്ചു എന്ന് ചൂണ്ടിക്കാട്ടി. മഹാത്മ ഗാന്ധി അടക്കമുള്ള പല അക്രൈസ്തവരും ക്രിസ്തുവിന്റെ പ്രബോധനങ്ങളാണ് തങ്ങളുടെ പ്രവർത്തനങ്ങൾക്ക് വഴികാട്ടിയായി ഉപയോഗിച്ചത്.

ലോകമെങ്ങുമുള്ള മനുഷ്യന്റെ മനസാക്ഷിയെ രൂപപ്പെടുത്തുന്നതിൽ ക്രൈസ്തവ വിശ്വാസത്തിനു വലിയ പങ്കാണുള്ളത്. ക്രിസ്തുവിനു മുൻപ് കണ്ണിനു പകരം കണ്ണ് എന്ന പ്രതികാര ചിന്തയായിരുന്നു. അത് കാരുണ്യവും ക്ഷമയും എന്ന് മനുഷ്യമനസിൽ മാറ്റിയെഴുതിയത് ക്രിസ്തുവാണ്-അദ്ദേഹം ചൂണ്ടിക്കാട്ടി



രാഷ്ട്രീയ രംഗത്ത് ക്രിസ്ത്യാനികൾ പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത മുൻ ഐക്യരാഷ്ട്ര സഭ ഉദ്യോഗസ്ഥൻ ജോർജ് എബ്രഹാം ചൂണ്ടിക്കാട്ടി. (പ്രസംഗം അന്യത്ര)



നോർത്ത് ഹെംസ്റ്റഡ് കൗൺസിൽ വുമൻ ക്രിസ്റ്റിൻ ലു തന്റെ വിശ്വാസം പ്രഘോഷിച്ചത് വികാര നിർഭരമായി. ഗ്രാഡുവേറ്റ് ചെയ്തു കഴിഞ്ഞപ്പോൾ സെമിനാരിയിൽ ചേരാനാണ് താൻ തീരുമാനിച്ചതെന്ന് അവർ പറഞ്ഞു. അമ്മയാകട്ടെ ലോ സ്കൂളിൽ പോകണമെന്നും. ദൈവത്തെയോ അമ്മയെയോ അനുസരിക്കണം? ഒരു വഴി കാട്ടിത്തരാൻ പ്രാർത്ഥിച്ചു. സെമിനാരിയിലേക്കും വിർജിനിയയിലുള്ള ക്രിസ്ത്യൻ ലോ സ്കൂളിലേക്കും അപേക്ഷ തയ്യാറാക്കി അമ്മയെ ഏൽപ്പിച്ചു.

വൈകാതെ സെമിനാരിയിൽ നിന്ന് വിളി വന്നു. തനിക്കു വേണ്ടി പലരുടെയും റെക്കമെൻഡേഷൻ കിട്ടി. പക്ഷെ അപേക്ഷ കിട്ടിയില്ല. അമ്മയോട് ചോദിച്ചപ്പോൾ അയച്ചുവെന്ന് അമ്മ ഉറപ്പിച്ചു പറഞ്ഞു. അപേക്ഷ ഇനിയും അയക്കാമോ എന്ന് അന്വേഷിച്ചു .

പിറ്റേന്ന് ലോ സ്കൂളിൽ നിന്ന് അഡ്മിഷനുള്ള അറിയിപ്പ് കിട്ടി. തനിക്കൊരു ഉത്തരം കിട്ടിയ പോലെ തോന്നി. എങ്കിലും സംശയം മാറിയില്ല. 21 വർഷവും താൻ ന്യു യോർക്കിൽ ആണ് താമസിച്ചത്. മറ്റൊരു സ്ഥലവും തനിക്ക് അറിയില്ല. അതിനാൽ പോകണോ എന്ന് സംശയമായി. പിന്നീട് ബൈബിൾ തുറന്നപ്പോൾ ജോഷ്വയുടെ പുസ്തകത്തിലെ അഞ്ചാം വാക്യമാണ് കിട്ടിയത്. ഞാൻ മോസസിനൊപ്പമായിരുന്ന പോലെ നിനക്കൊപ്പവും നിൽക്കും. നിന്നെ വഴി നടത്തും. വചനങ്ങൾ അനുസരിക്കുക. നീ വിജയിക്കും....എന്നിങ്ങനെ ആയിരുന്നു വചനം.

അങ്ങനെ സംശയങ്ങൾ നീങ്ങി. ലോ സ്കൂളിൽ ചേർന്നു. ജീവിതം വ്യത്യസ്തമായി.. ക്രിസ്റ്റിൻ ലു ചൂണ്ടിക്കാട്ടി.




ഫിയക്കൊന ട്രസ്റ്റി ബോർഡ് ചെയർ കോശി തോമസിന്റെ പ്രസംഗത്തിൽ ഇന്ത്യയിൽ ക്രൈസ്തവ സഹോദരർ അനുഭവിക്കുന്ന പീഡനം ചൂണ്ടിക്കാട്ടി. കഴിഞ്ഞ വർഷം 800 ൽ പരം ആക്രമണങ്ങളാണ് ക്രൈസ്തവർക്ക് നേരെ ഉണ്ടായത്. മതപരിവർത്തന നിയമം ഉപയോഗിച്ച് നിരവധി പേരെ അറസ്റ് ചെയ്ത ജയിലിലാക്കുന്നു. ഇന്ത്യയിൽ ഹിന്ദുമതം മാത്രം മതിയെന്ന് ചിന്താധാര ശക്തിപ്പെട്ടു.

ഇത്തരം നടപടികൾക്ക് എതിരെ ഫിയക്കൊന കഴിയുന്നത്ര ലോബിയിൻഗും പ്രവർത്തനങ്ങളും നടത്തുന്നു.

എല്ലായിടത്തും ക്രിസ്ത്യാനികളുടെ എണ്ണം കൂടുമ്പോൾ കേരളത്തിൽ മാത്രം എണ്ണം കുറയുന്നുവെന്ന് പാസ്റ്റർ വിത്സൺ ജോസ് ചൂണ്ടിക്കാട്ടി. ഇക്കാര്യത്തിൽ നമ്മുടെ പ്രാർത്ഥന അത്യാവശ്യമായിരിക്കുന്നു.



റിയ അലക്സാണ്ടർ അമേരിക്കൻ ദേശീയ ഗാനവും മേരിക്കുട്ടി മൈക്കിൾ ഇന്ത്യൻ ദേശീയ ഗാനവും ആലപിച്ചു.

വർഗീസ് ജോൺ (രാജു) എംസിമാരായ ഡോ. ലെനോ തോമസിനേയും ഡോ. ലിസ ജോർജിനേയും പരിചയപ്പെടുത്തി.

സെന്റ് പോൾസ് ഇന്റർനാഷണൽ ലൂഥറൻ ചർച്ചിലെ പാസ്റ്റർ റവ. സാറാ ജി. പീറ്റർ പ്രാരംഭ പ്രാർത്ഥന നടത്തി.

സെന്റ് ജോൺസ് മാർത്തോമ്മാ പള്ളി, ബെത്‌ലഹേം പഞ്ചാബി ചർച്ച് , സെന്റ് പോൾസ് ഇന്റർനാഷണൽ ലൂഥറൻ ചർച്ച്, ഗ്രേസ് യുണൈറ്റഡ് മെത്തഡിസ്റ്റ് ചർച്ച്,ഇന്ത്യ പെന്തക്കോസ്ത് അസംബ്ലി, യൂത്ത് ഗ്രൂപ്പ്, സെന്റ് മേരീസ് സിറോ മലബാർ കാത്തലിക് ചർച്ച് ലോംഗ് ഐലൻഡ്, ECHO സീനിയർ വെൽനസ് പ്രോഗ്രാം എന്നിവയുടെ ഗായക സംഘങ്ങൾ ഗാനങ്ങളാലപിച്ചു.



ഫിയക്കൊന പ്രസിഡന്റ് ബിമൽ ജോൺ, പിവൈഎഫ്എ പ്രസിഡന്റ് ഡാനിയേൽ മാത്യു, റവ. സാം എൻ. ജോഷ്വ, റവ. ഫാ. ജോൺ തോമസ്, സാമൂഹിക സംരംഭകൻ ഡോ. ബേബി സാം സാമുവൽ, സ്റ്റാൻലി ജോർജ്, പി. എം. തോമസ്, സാമൂഹിക പ്രവർത്തകൻ ആൻസൺ തോമസ് എന്നിവർ ആസംസകൾ നേർന്നു. പാസ്റ്റർ ജേക്കബ് ജോർജ് നന്ദി രക്ഷപ്പെടുത്തി.









# Get local help with your Medicare questions.

I'm Philipose Samuel, a licensed sales agent in Queens, NY. When it comes to Medicare, it's important to consider all of your options. What works well for your neighbor may not be the best fit for you. I know the ins and outs of Medicare, and I'm ready to answer your questions and help you find a plan that fits your needs. **Take advantage of my knowledge and experience to:**

- **Take the confusion out of Medicare**
- **Get help comparing plans**
- **Receive one-on-one service**
- **Make enrolling in a plan easier**

I look forward to helping you explore your Medicare options so you can enroll in a plan with confidence.

## It's time to take advantage.



**Philipose Samuel**
Licensed Sales Agent
**516-312-2902**, TTY **711**
psamuel@financialguide.com
UHCMedicareSolutions.com

United Healthcare

Plans are insured through UnitedHealthcare Insurance Company or one of its affiliated companies, a Medicare Advantage organization with a Medicare contract. Enrollment in the plan depends on the plan's contract renewal with Medicare. ©2020 United HealthCare Services, Inc. All rights reserved.
Y0066_21SPRJ55189_C

SPRJ55189



# അവാർഡ് തന്നു എന്നെ സുഖിപ്പിക്കല്ലേ മുഖ്യാ

പാര, ഭൂഷണം–
സുനിൽ വല്ലാത്തറ ഫ്ലോറിഡ

സി പി എം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ മാഷിനെ മാതൃക ആക്കിയും അനുകരിച്ചും അദ്ദേഹത്തിന്റെ ഭാഷ കടമെടുത്തും കുറെ കാലമായി രാഷ്ട്രീയ പ്രവർത്തനം നടത്തിക്കൊണ്ടിരിയ്ക്കുന്ന സി പി എം സംസ്ഥാന സെക്രട്ടേറിയറ്റ് മെമ്പറും ഇക്കഴിഞ്ഞ നിലമ്പൂർ ഉപതെരഞ്ഞെടുപ്പിലെ എൽ ഡി എഫ് സ്ഥാനാർഥിയും ആയിരുന്ന എം സ്വരാജിനു തെരഞ്ഞെടുപ്പിന്റെ മൂർച്ചന്യാവസ്ഥയിൽ ഗോവിന്ദൻ മാഷിൽ നിന്നും ഉണ്ടായ ആർ എസ് എസ് സി പി എം മുൻ ബാന്ധവത്തെ പറ്റിയുള്ള പരാമർശം ആണ് ഏറ്റവും വിനയായത്

നിലമ്പുർകാരൻ ആണെങ്കിലും നിലമ്പുരിലേയ്ക്കു തിരിഞ്ഞു നോക്കാത്ത നേതാവ് എന്ന പേരുദോഷം ഉള്ള സ്വരാജ് ചുങ്കത്തറ മാർത്തോമാ കോളേജിലും പിന്നീട് കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലും എസ് എഫ് ഐ യുടെ ലേബലിൽ യൂണിയൻ ചെയർമാൻ ആയത് ത്വാതിക വാചാലതയും അല്പം കടമെടുത്ത സാഹിത്യ വാസനയും ഉള്ളത് കൊണ്ടായിരുന്നു

എസ് എഫ് ഐ യുടെയും പിന്നീട് ഡി വൈ എഫ് ഐ യുടെയും സ്റ്റേറ്റ് സെക്രട്ടറി ആയിരുന്നപ്പോൾ പാർട്ടിക്കാർ മാത്രം അറിഞ്ഞിരുന്ന യുവ കോമളനായ സ്വരാജ് കേരളം മുഴുവൻ അറിയപ്പെടുന്ന രാഷ്ട്രീയക്കാരൻ ആയത് ചാനൽ ചർച്ചകളിലെ വ്യത്യസ്തമായ സംസാര ശൈലി കൊണ്ടായിരുന്നു

ഇരുപത്തിയഞ്ചു വർഷത്തിൽ അധികമായി ഏഷ്യാനെറ്റ് ന്യൂസിലെ ജനകീയ ചർച്ച ന്യൂസ് അവർ അവതരിപ്പിച്ചു കേരള രാഷ്ട്രീയത്തിലെ അന്തി ചർച്ച പുലികൾ ആയിരുന്ന രാജ്മോഹൻ ഉണ്ണിത്താൻ, കെ സുരേന്ദ്രൻ, വി എസ് സുനിൽ കുമാർ തുടങ്ങി ഡസൻ കണക്കിന് വാക്പോരാളികളുടെ വാ അടപ്പിച്ച വിനു വി ജോൺ പരാജയപ്പെട്ടിട്ടുണ്ടെങ്കിൽ അതു ത്വാതിക വാചാലതയിൽ പി എച് ഡി എടുത്തിട്ടുള്ള എം സ്വരാജിനോട് മാത്രമാണ്

എസ് എഫ് ഐ ക്കും ഡി വൈ എഫ് ഐ ക്കും കൊടുത്ത സംഭാവനകളെ മാനിച്ചും മുഖ്യമന്ത്രി ആകുവാനുള്ള വ്യഗ്രതയിലും പിണറായി വിജയൻ രണ്ടായിരത്തി പതിനാറിലെ നിയമസഭ തെരഞ്ഞെടുപ്പിൽ സ്വരാജിനോട് പറഞ്ഞത് തൃപ്പൂണിത്തുറയിൽ പോയി കെ ബാബുവിനെ തോൽപിച്ചു വന്നാൽ മാന്യമായി പരിഗണിക്കാമെന്നാണ്

വളരെ ചെറുപ്രായത്തിൽ തന്നെ അങ്കമാലി മുനിസിപ്പൽ ചെയർമാൻ ആയി പേരെടുത്ത കോൺഗ്രസിന്റെ മിന്നൽ പടയാളി കെ ബാബുവിന് കോൺഗ്രസ് നേതൃത്വം തൊണ്ണൂറ്റി ഒന്നിലെ നിയമസഭ തെരഞ്ഞെടുപ്പിൽ കൊടുത്ത ദൗത്യം മുൻ മന്ത്രി ടി കെ രാമകൃഷ്ണനേയും എം എം ലോറൻസിനെയും പോലുള്ള ഉന്നത സി പി എം നേതാക്കൾ ജയിച്ചു വരുന്ന കടുത്ത കമ്മ്യൂണിസ്റ്റ് കോട്ടയായ തൃപ്പൂണിത്തുറ പിടിച്ചെടുക്കുവാൻ ആയിരുന്നു

തൊണ്ണൂറ്റി ഒന്നിൽ നിയമസഭയിലേക്കുള്ള ആദ്യ അങ്കത്തിൽ കരുത്തനായ എം എം ലോറൻസിനെ കടപുഴക്കി എറിഞ്ഞു തൃപ്പൂണിത്തുറ പിടിച്ചെടുത്ത ബാബു തുടർന്നുള്ള നാലു തെരഞ്ഞെടുപ്പുകളിൽ വിജയിച്ചത് സി പി എം ന്റെ സംസ്ഥാന നേതാക്കളായ കെ ചന്ദ്രൻപിള്ള, ദിനേഷ്മണി, കെ എൻ രവീന്ദ്രനാഥ്, ഗോപി കോട്ടമുറിക്കൽ തുടങ്ങിയവരെ വൻ മാർജിനിൽ തോൽപിച്ചു കൊണ്ടായിരുന്നു

തൃപ്പൂണിത്തുറയിൽ ബാബുവിനെ അട്ടിമറിക്കാൻ പിണറായി പറഞ്ഞയച്ച സാഹിത്യകാരൻ സ്വരാജിനു തുണയായത് തൃപ്പൂണിത്തുറ മണ്ഡലത്തിലെ എല്ലാ വോട്ടർമാരെയും കണ്ടാൽ പേര് വിളിയ്ക്കുന്ന ബാബു രണ്ടായിരത്തി പതിനൊന്നു മുതൽ പതിനാറുവരെ ഉമ്മൻചാണ്ടി സർക്കാരിൽ എക്സൈസ് മന്ത്രി ആയിരുന്നപ്പോൾ ബാബുവിന് എതിരെ ഉയർന്ന ബാർകോഴ ആരോപണം ആണ്

ആ തെരഞ്ഞെടുപ്പിൽ കേരളം കണ്ട ഏറ്റവും കടുത്ത പോരാട്ടത്തിൽ കരുത്തനായ ബാബുവിനെ അറബിക്കടലിലേയ്ക്കു വാരിയെറിഞ്ഞു കേരളത്തിലെ സി പി എം കുടുംബങ്ങളിലെ യുവതി യുവാക്കളുടെ ഹീറോ സ്വരാജ് നിയമസഭയുടെ വാതിൽ തുറന്നു അകത്തു പ്രവേശിച്ചപ്പോൾ ഹർഷാരവത്തോടെയാണ് മറ്റുള്ള എം എൽ എ മാർ സ്വീകരിച്ചത്

കപ്പിനും ചുണ്ടിനും ഇടയിൽ ഒന്നാം പിണറായി സർക്കാരിൽ മന്ത്രി സ്ഥാനം നഷ്ടപ്പെട്ട സ്വരാജിനു രണ്ടായിരത്തി ഇരുപത്തി ഒന്നിലെ തെരഞ്ഞെടുപ്പു ജീവൻ മരണ പോരാട്ടം ആയിരുന്നു. രണ്ടാം നിര നേതാക്കളെ തഴഞ്ഞു പുതു തലമുറയ്ക്കു മാത്രം പിണറായി സീറ്റ് കൊടുത്തപ്പോൾ ജയിച്ചു ചെന്നാൽ മന്ത്രി സ്ഥാനം ഉറപ്പിച്ചിരുന്ന സ്വരാജ് വീണ്ടും നേരിട്ടത് ബാബുവിനെ തന്നെ



തൃപ്പൂണിത്തുറ മണ്ഡലത്തിൽ ആഴ്ചയിൽ അമ്പതിനും എഴുപതിനും ഇടയിൽ കല്യാണങ്ങളിൽ പങ്കെടുക്കുന്ന ബാബു ശക്തമായി തിരിച്ചു വന്നപ്പോൾ ഇപ്പോൾ പിണറായി മന്ത്രിസഭയിൽ കെ എൻ ബാലഗോപാലിനു പകരം ധനകാര്യ മന്ത്രിയാകേണ്ടിയിരുന്ന സ്വരാജിന് കഴിഞ്ഞ നാലു വർഷം വീട്ടിൽ കയറി ഇരുന്നു കവിതയും നോവലും എഴുതേണ്ടി വന്നു

കഴിഞ്ഞ ഏഴെട്ടു മാസമായി സി പി എം ബാന്ധവം ഉപേക്ഷിച്ചു പിണറായി സർക്കാരിനെയും മുഖ്യമന്ത്രിയുടെ കുടുംബത്തെയും സമൂഹത്തിൽ അധിക്ഷേപിയ്ക്കുകയും അപമാനിക്കുകയും ചെയ്തു നിലമ്പുരിൽ തമ്പടിയ്ക്കുന്ന പിണറായിയുടെ മനസ്സാക്ഷി സൂക്ഷിപ്പുകാരൻ ആയിരുന്ന പി വി അൻവർ എം എൽ എ സ്ഥാനം രാജീവച്ചപ്പോൾ നടക്കാൻ പോകുന്ന ഉപതെരഞ്ഞെടുപ്പിൽ സി പി എം ലെ ഏതു കൊലകൊമ്പൻ മത്സരിച്ചാലും ജയിക്കില്ലെന്നു ഏറ്റവും കൂടുതൽ അറിയാവുന്നതു സി പി എം നേതൃത്വത്തിനു ആയിരുന്നു

പി ഡബ്ല്യൂ ഡി മിനിസ്റ്റർ മുഹമ്മദ് റിയാസ് മുഖ്യമന്ത്രിയുടെ മരുമകൻ ആയതോടുകൂടി പാർട്ടിയിൽ വെട്ടിനിരത്തപ്പെട്ട തോമസ് ഐസക്കിനെയും ജി സുധാകരനെയും കെ കെ ശൈലജ ടീച്ചറെയും ജയരാജന്മാരെയും പോലുള്ള മുതിർന്ന നേതാക്കളെപ്പോലെ വളർന്നു വരുന്ന യുവ നേതാക്കളിൽ തനിക്കു ബദലായെക്കാവുന്നവരിൽ പ്രമുഖനായ സ്വരാജിന് താത്പര്യം ഇല്ലാഞ്ഞിട്ടും നിലമ്പുരിൽ നിർബന്ധിച്ചു സ്ഥാനാർഥിയാക്കി ബലിയാടാക്കിയത് അൻവറിന്റെ ഭാഷയിൽ പറഞ്ഞാൽ മരുമോനിസത്തിന്റെ ഭാഗമാണോയെന്ന് സ്വരാജും ചിന്തിച്ചു തുടങ്ങി കാണും

അതുകൊണ്ട് കൂടിയാകണം നിലമ്പുർ ഫലം വന്നയുടൻ തന്നെ അശ്വസിപ്പിക്കുവാൻ തന്ന സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള സാഹിത്യ അക്കാദമിയുടെ അവാർഡ് സ്വരാജ് സ്നേഹപൂർവ്വം നിരസിച്ചത്


Discover
a New You at
TOTAL MEDICAL 360 LLC.
HEALING LIVES ONE SOUL AT A TIME
TOTAL MEDICAL 360
SARVE BHAVANTU SUKHINAH
Uncover a
new version of
yourself at
TOTAL MEDICAL 360.
Our integrated approach to health and beauty blends
advanced medical practices to
reveal your innate, radiant vitality.
Comprehensive medical management for all chronic care conditions.
Hair loss therapy & Weight loss therapy with medications and alternative therapies.
Comprehensive Ayurvedic assessment treatment.
Certified Diabetes & Wound care management
Neck/ Lower back, Musculoskeletal evaluation for Arthritis and other Orthopedic conditions.
Expert Advice for a Healthier Lifestyle!
info@ttm360.com
www.ttm360.com
1-516-930-0280
Total Medical 360, LLC., 188 Post Avenue, Westbury, NY 11590

# വൈസ്മെൻ ക്ലബ്ബ് നോർത്ത് അറ്റ്ലാന്റിക് റീജിയൻ കൺവെൻഷൻ – 2025 വിജയകരമായി




ന്യൂയോർക്ക്: വൈസ്മെൻ ഇൻറ്റെർനാഷണൽ - നോർത്ത് അറ്റ്ലാന്റിക് റീജിനൽ കൺവെൻഷൻ-2025, ജൂൺ 29-ന് ന്യൂയോർക്ക് ഗ്ലെൻകോവിലെ മെട്രോപൊളിറ്റൻ കാറ്ററേഴ്സിൽവച്ചു ഒരു ക്ലാസിക് പശ്ചാത്തലത്തിൽ നടന്നു. സിറ്റി ഓഫ് ഗ്ലെൻകോവ് സിറ്റി പോലീസ് ഡിപ്പാർട്മെൻറ് ചീഫ് വില്യം വിറ്റണിന്റെയും വൈഎംസിഎ ചീഫ് എക്സിക്യൂട്ടീവ് പീറ്റർ ഫോസ്റ്ററിന്റെയും, ഏരിയ പ്രസിഡന്റ് ഡഗ് ജോൺസിന്റെയും സാന്നിദ്ധ്യം പരിപാടിയെ സമ്പുഷ്ടമാക്കി.

റീജിണൽ ഡയറക്ടർ കോരസൺ വർഗീസ് സ്വാഗതം ആശംസിച്ചു. ദാനം ചെയ്യുന്നതിൽ വിശ്വസിക്കുന്ന, നിസ്വാർത്ഥ സേവനത്തിന്റെ സ്വാധീനം പ്രകടമാക്കുന്ന, പരിചയസമ്പന്നരായ ഒരു കൂട്ടം വ്യക്തികളോടൊപ്പം 2 വർഷം ടീമിനെ വിജയകരമായി നയിക്കാൻ കഴിഞ്ഞത് ചാരിതാർഥ്യം നൽകുന്നു എന്ന് അദ്ദേഹം പറഞ്ഞു. കൂട്ടായ്മ നിലനിർത്തിയതിനും, പ്രവർത്തനയാത്രയിൽ അവരുടെ നിർണായക പങ്ക് അംഗീകരിച്ചതിനും അന്താരാഷ്ട്ര നേതാക്കൾക്കും ഏരിയ നേതാക്കൾക്കും അദ്ദേഹം നന്ദി പറഞ്ഞു. പ്രവർത്തന പാതയിലെ നാഴികക്കല്ലുകൾ അവതരിപ്പിച്ചു.

ഏരിയ പ്രസിഡന്റ് ഡഗ് ജോൺസ് ചൊല്ലിക്കൊടുത്ത പ്രതിജ്ഞ ഏറ്റുപറഞ്ഞുകൊണ്ടു പുതിയ ഏരിയ പ്രസിഡന്റ് ജോസഫ് കാഞ്ചമലയും, പുതിയ റീജിയണൽ ഡയറക്ടർ ജോർജ്ജ് കെ. ജോണും, ഏരിയ ട്രെഷറർ ഡേവിഡ് വർക്ക് മാനും ഔപചാരികമായി സ്ഥാനാരോഹണം ചെയ്തു. പുതുതായി ചുമതലയേറ്റ ഭാരവാഹികൾ അവരുടെ നയപരിപാടികളും ലക്ഷ്യവും അവരുടെ ക്യാബിനറ്റും അവതരിപ്പിച്ചു. മേഖലയുടെ 2 വർഷത്തെ പ്രവർത്തനങ്ങൾ വിവരിക്കുന്ന ഒരു സ്മരണിക പുസ്തകം പ്രസിദ്ധീകരിച്ചു. എഡിറ്റർ സിബി ഡേവിഡ് തയ്യാറാക്കിയ സ്മരണിക ഏരിയ പ്രസിഡന്റ് ഡഗ് ജോൺസ്, സിറ്റി ഓഫ് ഗ്ലെൻകോവ് സിറ്റി പോലീസ് ഡിപ്പാർട്മെൻറ് ചീഫ് വില്യം വൈറ്റോണിനും, വൈഎംസിഎ ചീഫ് എക്സിക്യൂട്ടീവ് പീറ്റർ ഫോസ്റ്ററിനും നൽകി പ്രകാശനം ചെയ്തു.



വിവിധ ക്ലബ്ബ്കളെ പ്രതിനിധീകരിച്ചുകൊണ്ട് ക്ലബ്ബ് പ്രസിഡന്റ് ആയ ഡേവിഡ് വർക്ക്മാൻ, ഡിൻസിൽ ജോർജ്ജ്, ചാർളി ജോൺ, മാത്യു ജോഷുവ, ഗീവർഗീസ് എബ്രഹാം, ആൻഡ്രൂ ഗോമസ്, മാത്യു ചാമക്കാല, ഷാജി സക്കറിയ എന്നിവരുടെ നേതൃത്വത്തിൽ ഫ്ലാഗ് സെറിമണി നിർവഹിച്ചു. പോലീസ് ചീഫ് വില്യം വൈറ്റോൺ, വൈഎംസിഎ ഡയറക്ടർ പീറ്റർ ഫോസ്റ്റർ, മുൻ ഏരിയ പ്രസിഡന്റ് ഷാജു സാം, ഏരിയ പ്രസിഡന്റ് ഡഗ് ജോൺസ്, മുൻ റീജിണൽ ഡയറക്ടർ ഡോ. അലക്സ് മാത്യു എന്നിവർ ആശംസകൾ അർപ്പിച്ചു. മാത്യു ചാമക്കാല പ്രാരംഭ പ്രാർത്ഥന നടത്തി. ജോസഫ് മാത്യുവും, സെർജന്റ് ബ്ലെസ്സൺ തോമസും വൈസ്മെൻ പ്രാർത്ഥനയും പ്രതിജ്ഞയും ചൊല്ലിക്കൊടുത്തു.

റീജിയണിലെ സമഗ്ര പ്രവർത്തങ്ങളുടെ വിലയിരുത്തലിൽ അവാർഡുകൾ സമ്മാനിക്കപ്പെട്ടു. റീജിണൽ സെക്രട്ടറി ജിം ജോർജ്ജ്, മഹിമ തോമസ്, അലൻ അജിത്ത് എന്നിവർ പരിപാടികൾ നിയന്ത്രിച്ചു. റീജിണൽ ട്രെഷറർ ഷാജി സക്കറിയ നന്ദി രേഖപ്പെടുത്തി. ജേക്കബ് വർഗീസിന്റെ നേതൃത്വത്തിൽ നടന്ന വിവിധ കലാപരിപാടികൾ മികവുതെളിയിച്ചു.


Save $ 894.*
Combine
Home & Auto.
Michael Tharian
Agent
1855 Victory Blvd
Staten Island, NY 10314
Toll Free: 888-644-7222
Save money and time when you combine your home and auto insurance. Just another way I'm her to help life go right. CALL ME TODAY
We Serve These States
NY, NJ, PA, & CT.
We Provide Auto, Home & Life Insurance
StateFarm®
*Average household savings based on 2016 national survey of new policyholders who reported savings by switching to State Farm
State Farm Mutual Automobile Insurance Company State Farm Indemnity Company,
State Farm Fire and Casualty Company State Farm General Insurance Company
1601489 Bloomington, IL


# അമേരിക്കൻ മലങ്കര അതിഭദ്രാസന ഫാമിലി കോൺഫറൻസ് ജൂലായ് 16 മുതൽ 19 വരെ വാഷിംഗ്ടൺ ഡിസിയിൽ




**ജോർജ് കറുത്തേടത്ത്,**
**പി.ആർ.ഓ.**

അമേരിക്കൻ മലങ്കര അതിഭദ്രാസന 36-ാമത് യൂത്ത് ആന്റ് ഫാമിലി കോൺഫറൻസ് 2025 ജൂലായ് 16 മുതൽ 19 വരെ വാഷിംഗ്ടൺ ഡിസിയിലെ ഹിൽട്ടന്റെ വാഷിംഗ്ടൺ ഡ്യൂലെസ് എയർപോർട്ട് ഹോട്ടലിൽ വെച്ച് വിവിധ പ്രോഗ്രാമുകളോടെ നടത്തപ്പെടുന്നു. മലങ്കര യാക്കോബായ സുറിയാനി സഭയുടെ ശ്രേഷ്ഠ കാതോലിക്കാ ആബൂൻ മോർ ബസ്സേലിയോസ് ജോസഫ് ബാവാ ചീഫ് ഗസ്റ്റായും, അഭിവന്ദ്യ മാത്യൂസ് മോർ അന്തീമോസ് മെത്രാപോലീത്താ, അഭിവന്ദ്യ മോർ ജോസഫ് ബാലി മെത്രാപോലീത്ത എന്നിവർ ഗസ്റ്റ് സ്പീക്കർമാരായും, റവ.ഫാ. ഏലിജാ എസ്തഫാനോസ് യൂത്ത് സ്പീക്കറായും, ഡോ.സാറാ നൈറ്റ് കീനോട്ട് സ്പീക്കറായും നടത്തപ്പെടുന്ന ഈ കുടുംബമേളയുടെ ചിന്താവിഷയം 'വിശ്വസിച്ചാൽ നീ ദൈവത്തിന്റെ മഹത്വം കാണും. യോഹന്നാൻ-11-40' എന്നതായിരിക്കും.

അനുഗ്രഹകരമായ ഈ കുടുംബസംഗമത്തിലേക്ക് ഏവരേയും ഹാർദ്ദവമായി സ്വാഗതം ചെയ്യുന്നുവെന്ന്, ഭദ്രാസനാധിപൻ അഭിവന്ദ്യ യൽദൊ മോർ തീത്തോസ് മെത്രാപോലീത്താ അറിയിച്ചു.


MALABAR PALACE RESTAURANT
Malabar Palace
Authentic Indian Cuisine
Flavors from the Heart with Love
A Taste of Tradition!
Authenticity on Every Plate!
Handpicked spices, Fresh ingredients
Spice, Aroma & Love
Our chefs bring generations-old Indian recipes to life
Homestyle cooking and flavors from the Heart with Love
Located at 36-38 Route 303, Valley Cottage, NY 10989
Tel:1-914-688-9000
www.malabarpalace.us
malabarpalaceny@gmail.com

# മാഗ് പ്രീമിയർ ലീഗ് കപ്പുയർത്തി ഷുഗർലൻഡ് സുൽത്താൻസ്;

## റിച്ച്മണ്ട് ടെക്സസ് സൂപ്പർ കിങ്സ് റണ്ണേഴ്സ് അപ്പ്




ഹൂസ്റ്റൺ: മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഹൂസ്റ്റൺ (മാഗ്) സംഘടിപ്പിച്ച ആദ്യ ക്രിക്കറ്റ് ലീഗ് ആയ മാഗ് പ്രീമിയർ ലീഗിൽ (MPL) മിഖായേൽ ജോയിയുടെ (മിക്കി) നേതൃത്വത്തിൽ ഷുഗർലാൻഡ് സുൽത്താൻസ് വിജയികളായി.

ജൂൺ 22 ന് സ്റ്റാഫോർഡ് പാർക് സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ, സാജൻ ജോൺ നേതൃത്വം നൽകിയ റിച്ച്മണ്ട് സൂപ്പർ ലയൺസിനെതിരെ സുൽത്താൻസ് 127 റൺസിന് അഞ്ച് വിക്കറ്റ് നഷ്ടത്തിൽ വിജയം കരസ്ഥമാക്കി. റിച്ച്മണ്ട് ടീം 15 ഓവറിൽ 126/8 എന്ന സ്കോറിലൊതുങ്ങിയപ്പോൾ, സുൽത്താൻസ് 14.5 ഓവറിൽ ലക്ഷ്യം മറികടന്നു.



മത്സരം അവസാന നിമിഷം വരെ ആകാംക്ഷ നിലനിർത്തി. മിഖായേൽ ജോയ് (42 റൺസ്, 27 പന്ത്, 2 ഫോർ, 2 സിക്സ്) നയിച്ച സുൽത്താൻസ് ബാറ്റിങ് നിര മിന്നുന്ന പ്രകടനം കാഴ്ചവച്ചു. വിനോദ് നായർ (32 റൺസ്, 32 പന്ത്) പെറ്റ്സൺ മാത്യു (22 റൺസ്, 12 പന്ത്) ടീമിന്റെ വിജയത്തിന് ശക്തമായ പിന്തുണ നൽകി. ജോജി ജോർജ് (17 റൺസ്, 12 പന്ത്)ന്റെ ആക്രമണവും ശ്രദ്ധേയമായി. ഫൈനൽ മത്സരത്തിൽ മോസ്റ്റ് വാല്യൂബിൾ പ്ലേയർ ആയി സുൽത്താൻസ് ടീം ക്യാപ്റ്റൻ മിഖായേൽ ജോയ് തിരഞ്ഞെടുക്കപ്പെട്ടു.

റിച്ച്മണ്ട് ബൗളിങ് നിരയിൽ ബിനു ബെന്നിക്കുട്ടി (2 വിക്കറ്റ്) അരുൺ ജോസ് (2 വിക്കറ്റ്) മികച്ച പ്രകടനം കാഴ്ചവച്ചെങ്കിലും സുൽത്താൻസിന്റെ ശക്തമായ ബാറ്റിങ് നിര അവരെ പരാജയപ്പെടുത്തി. റിച്മണ്ട് ടെക്സാസ് സൂപ്പർ ലയൺസിനു വേണ്ടി ശ്രീജി ശ്രീനിവാസൻ (40 റൺസ്, 31 പന്ത്), ബിനു ബെന്നിക്കുട്ടി (34 റൺസ്, 24 പന്ത്) മികച്ച ബാറ്റിംഗ് പ്രകടനം കാഴ്ചവച്ചു. അത്യന്തം ആവേശകരമായ നാടകീയ നിമിഷങ്ങൾ ക്രിക്കറ്റ് ആരാധകർക്ക് സമ്മാനിച്ചു കൊണ്ടാണ് ഷുഗർലാൻഡ് സുൽത്താൻസ് കിരീടം ഉയർത്തിയത്.

രാവിലെ നടന്ന സെമിഫൈനലിൽ ലീഗ് സിറ്റി കൊമ്പൻസ് (88/7)നെ പരാജയപ്പെടുത്തി റിച്മണ്ട് ടെക്സസ് സൂപ്പർ (89/6) ഫൈനലിൽ കടന്നു. രണ്ടാം സെമിയിൽ സിയന്നാ സൂപ്പർ കിംഗ്സ് (118/7) ഷുഗർലാൻഡ് സുൽത്താൻസ് (119/2)നെ മറികടന്ന് ഫൈനൽ പ്രവേശനം നേടി.

രാവിലെ 7.30ന് ഒന്നാം പാദ മത്സരങ്ങൾ പെയർലാൻഡ് ടോംബാസ് ക്രിക്കറ്റ് ഗ്രൗണ്ടിൽ ആരംഭിച്ചു. മത്സരങ്ങൾ മാഗ് പ്രസിഡന്റ് ജോസ് കെ ജോൺ ഉദ്ഘാടനം ചെയ്തു. ഉദ്ഘാടന വേദിയിൽ വർണ്ണാഭമായ ജേഴ്സികളും അണിഞ്ഞ് ടീം പതാകകളുമായി അണിനിരന്നു. ഏറ്റവും ഉയരത്തിലാണ് എം പി എൽ പതാകയും.

സിയന്നാ സൂപ്പർ കിംഗ്സിന്റെതായിരുന്നു ഏറ്റവും മികച്ച പ്രകടനം. ടീം ഉടമകളായ ബിജോയി, ലതീഷ്, സന്ദീപ് എന്നിവരുടെ നേതൃത്വത്തിൽ കുടുംബാംഗങ്ങളും പങ്കുചേർന്ന് വർണ്ണാഭമായ ബലൂണുകളും ബാനറുകളും ഉയർത്തി, അകമ്പടിയായി ചെണ്ടമേളവും ചേർന്ന് ഒരു ഉത്സവം അവർ ഒരുക്കി.

തുടർന്ന് 12 മത്സരങ്ങളിലായി ലീഗ് സിറ്റി കൊമ്പൻസ്, സിയെന്ന സൂപ്പർ കിങ്സ്, ഷുഗർ ലാൻഡ് സുൽത്താൻസ്, റിച്ച്മണ്ട് ടെക്സസ് സൂപ്പർ ലയൻസ്, പേർലൻഡ് പാന്തേർസ്, സ്റ്റാഫോർഡ് ലയൻസ്, റിവെർസ്റ്റോൺ ജയന്റ്സ്, മിസോറി സിറ്റി ഫാൽക്കൻ എന്നീ ടീമുകൾ മാറ്റുരച്ചു.

ജിമ്മി സ്കറിയ (സിയന്നാ സൂപ്പർ കിങ്സ്) 118 റൺസുമായി ടൂർണമെന്റിന്റെ മികച്ച സ്കോറർ ആയി. ജിതിൻ ടോം (മിസോറി സിറ്റി ഫാൽക്കൻ) 114 റൺസുമായി രണ്ടാം സ്ഥാനത്ത് എത്തി. ആകാശ് നായർ (റിച്ച്മണ്ട് സൂപ്പർ ലയൻസ്) 8 വിക്കറ്റുമായി മികച്ച ബൗളർ ആയി. ജോജി ജോർജ് (ഷുഗർ ലാൻഡ് സുൽത്താൻസ്) 7 വിക്കറ്റുമായി രണ്ടാം സ്ഥാനത്ത് എത്തി. ജിതിൻ ടോം ( മിസോറി സിറ്റി ഫാൽക്കൻ) 10 സിക്സറുകൾ പറത്തി 86 റൺസുമായി മികച്ച വ്യക്തിഗത സ്കോററുമായി.

ബിനു ബെന്നിക്കുട്ടി (റിച്ച്മണ്ട് സൂപ്പർ ലയൺസ്) 267 പോയിന്റ് നേടി മികച്ച കളിക്കാരൻ ആയപ്പോൾ ജോജി ജോർജ്( ഷുഗർ ലാൻ സുൽത്താൻസ്) 253 പോയിന്റ് കളും ആയി തൊട്ടു പുറകിൽ എത്തി. സിയെന്ന സൂപ്പർ കിംഗ്സ് ഫെയർപ്ലേ അവാർഡ് നേടി.







മത്സരത്തിൽ ആകമാനം 2552 റൺസുകൾ ഒഴുകി. 134 വിക്കറ്റുകൾ വീണു. 88 സിക്സുകൾ പിറന്നു, 103 ഫോറുകളും. ജോജി ജോർജ് (4/13) മികച്ച വ്യക്തിഗത ബൗളിംഗ് പുറത്തെടുത്തു.

പോലീസ് ക്യാപ്റ്റൻ മനോജ് പൂപ്പാറയിൽ മുഖ്യാതിഥിയായിരുന്നു. സമ്മാനദാനം നിർവഹിച്ചുകൊണ്ട് ടൂർണമെന്റ് യുവാക്കളുടെ ഒരു വലിയ മേളയായി മാറ്റിയതിൽ അദ്ദേഹം സംഘാടകരെ അനുമോദിച്ചു. പ്രസിഡന്റ് ജോസ് കെ ജോൺ സെക്രട്ടറി, രാജേഷ് വർഗീസ് എന്നിവർ ക്യാഷ് അവാർഡുകൾ സമ്മാനിച്ചു. ജോൺ ഉമ്മന്റെ ഉടമസ്ഥതയിലുള്ള ഷുഗർലാൻഡ് സുൽത്താൻ സ്ഡോ 2000 ഡോളർ ക്യാഷ് അവാർഡും ട്രോഫിയും ഒന്നാം സമ്മാനമായി നേടി. ക്രിസ്റ്റഫർ ജോർജ്, റെജി കുര്യൻ എന്നിവരുടെ ഉടമസ്ഥതയിലുള്ള റിച്ച്മണ്ട് ടെക്സസ് സൂപ്പർ ലയൺസ് 1500 ഡോളർ ക്യാഷ് അവാർഡും ട്രോഫിയും കരസ്ഥമാക്കി. ഫാ. ദീപു വും സന്നിഹിതൻ ആയിരുന്നു.

തുടക്കം തന്നെ അതിഗംഭീരമായതിൽ അഭിമാനം കൊള്ളുന്നുവെന്ന് മിഖായേൽ ജോയി, മാഗ് സ്പോർട്സ് കോഡിനേറ്റർ, പറഞ്ഞു. വരും വർഷങ്ങളിൽ ഇതിലും മികച്ചതായി മാഗിനു ഇത് നടത്തുവാൻ കഴിയട്ടെ എന്നും അദ്ദേഹം ആശംസിച്ചു.

ഈ മേള സാർത്ഥകമാക്കുവാൻ അക്ഷീണം യത്നിച്ച, അതിന് ഊടും പാവും നെയ്ത മിഖായേൽ ജോയ് (മിക്കി)ക്ക് അഭിനന്ദനം. ജോസഫ് കൂനതാൻ (തങ്കച്ചൻ) (ഐടി), വിഘ്നേഷ് ശിവൻ (യൂത്ത് കോർഡിനേറ്റർ) എന്നിവർ പ്രത്യേകം ആദരവ് അർഹിക്കുന്നു.

ടീം ഉടമകളുടെ നിസ്സീമമായ സഹകരണവും ബോർഡ് അംഗങ്ങളുടെ ഒത്തൊരുമയും അർപ്പണബോധവും ആണ് ഇതിനെ മികച്ചതാക്കിയതെന്ന് പ്രസിഡന്റ് ജോസ് കെ ജോൺ തന്റെ അധ്യക്ഷ പ്രസംഗത്തിൽ പറയുകയുണ്ടായി.

ടീം ഉടമകളെ പ്രത്യേകമായി അഭിനന്ദിക്കുന്നു. അവരുടെ സഹകരണവും പ്രതിബദ്ധതയും ആണ് ടൂർണമെന്റിന്റെ വിജയം സെക്രട്ടറി രാജേഷ് വർഗീസ് അറിയിച്ചു.

ട്രഷറർ സുജിത്ത് ചാക്കോ സ്വാഗതം ആശംസിച്ചു. സ്പോർട്സ് കോഡിനേറ്റർ മിഖായേൽ ജോയ് നന്ദി രേഖപ്പെടുത്തി.

ARCOLA DENTAL Prosthodontics & Implant Center, Dr. Navin Pathiyil പ്രധാന ഉപയോക്താവ് ആയിരുന്നു. ഏറ്റവും കൂടുതൽ സിക്സ് അടിച്ച കളിക്കാരന് ജോജി ജോസഫ് ക്യാഷ് അവാർഡ് നൽകി ആദരിച്ചു.


ലൈഫ് ഇൻഷുറൻസ്, റിട്ടയർമെന്റ് പ്ലാനിംഗ്, ഫിനാൻഷ്യൽ ലിറ്ററസി എന്നിവയിലൂടെ സുരക്ഷിതമായ ഭാവി ഉറപ്പാക്കാൻ, ഫിനാൻഷ്യൽ സ്ട്രാറ്റജിസ്റ്റും റിട്ടയർമെന്റ് പ്ലാനിംഗ് സ്പെഷ്യലിസ്റ്റുമായ അജു ജോണിനെ സമീപിക്കാം.

ബോർഡ് അംഗങ്ങളായ മാത്യൂസ് ചാണ്ടപിള്ള, ക്രിസ്റ്റഫർ ജോർജ്, സുനിൽ തങ്കപ്പൻ, ജോൺ ഡബ്ലിയു വർഗീസ്, രേഷ്മ വിനോദ്, അലക്സ് മാത്യു, ബിജോയ് തോമസ്, പ്രഭിത്തോൻ വെള്ളിയാൻ, റിനു വർഗീസ് തുടങ്ങിയവർ അടങ്ങിയ കമ്മിറ്റി മികച്ച പ്രവർത്തനം കാഴ്ചവച്ചു.

നല്ല ജനക്കൂട്ടം ആയിരുന്നു രണ്ടു ദിവസവും കളി കാണുവാൻ എത്തിയത്. ടൂർണമെന്റിനെ പിന്തുണച്ച എല്ലാ ഹൂസ്റ്റൺ നിവാസികൾക്കും മാഗിന്റെ ബോർഡ് നന്ദി അറിയിച്ചു.

മാനേജർ മോൻസി കുര്യാക്കോസ് , മുൻ പ്രസിഡന്റുമാരായ എബ്രഹാം കെ ഈപ്പൻ, എസ് കെ ചെറിയാൻ, ജെയിംസ് ജോസഫ്, വിനോദ് വാസുദേവൻ, അനിൽ ആറന്മുള, ജോജി ജോസഫ്, മാത്യൂസ് മുണ്ടക്കൽ, മുൻ പ്രസിഡന്റും ബിൽഡിംഗ് കമ്മിറ്റി ചെയർമാനുമായ ശ്രീ ശശിധരൻ നായർ തുടങ്ങി പ്രമുഖരുടെ ഒരു നീണ്ട നിര തന്നെ ടൂർണമെന്റിന് ആശംസകളുമായി എത്തിയിരുന്നു.

മത്സരം തത്സമയം സംപ്രേഷണം ചെയ്ത പ്രശസ്ത റേഡിയോകളായ ദക്ഷിൺ, ആഷാ, ബീറ്റസ് എഫ്എം എന്നിവയ്ക്കും മാധ്യമ പ്രവർത്തകരായ ജീമോൻ റാന്നി, അജു വാരിക്കാട് എന്നിവർക്കും പ്രേത്യേകം നന്ദി രേഖപ്പെടുത്തുന്നു.


In Loving Memory of
Mrs. Mariamma Thomas & Mr. A. K. Thomas
Mrs. Marykutty Thomas
(Leelamma)
Mr. Shinu George Simon
Mr. P. T. Mathew
(Mathukutty)
Best Wishes
P.T. Thomas
Tax and Accounting Services
14 Liberty Square Mall, Stony Point, NY 10980
Email: pt@ptthomas.net Phone: 845.352.9680


MUKKUT
MONUMENTS INC.
PHONE (C)
972-342-0041
E-mail: mukkutmonuments@gmail.com
www.mukkutmonuments.com
TEENA THOMAS
07-28-1991
to
05-17-2009
We Specialize in Custom Creation and Installation of Cemetery Granites, Bronze Memorials Sculptures, Large Stone Cross for Churches.
WE SERVICE ALL OVER USA, CANADA & INDIA

# നിര്യാതരായി



### റോസമ്മ ജോയ്മോൻ

ന്യൂഹൈഡ് പാർക്ക്, ന്യുയോർക്ക്: റോസമ്മ ജോയ്മോൻ മണ്ണൂപ്പറമ്പിൽ (80) ന്യൂ ഹൈഡ് പാർക്ക്, ലോംഗ് ഐലൻഡിൽ ജൂലൈ 2ന് അന്തരിച്ചു. ഏകദേശം 2 വർഷമായി വിവിധ ആരോഗ്യ പ്രശ്നങ്ങളുമായി മല്ലിടുകയായിരുന്നു. റോസമ്മയുടെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകിയ പ്രശസ്ത വ്യക്തിയാണ് ഭർത്താവ് ജോയ്മോൻ മണ്ണൂപ്പറമ്പിൽ. ഈരാറ്റുപേട്ട, അരുവിത്തുറ സ്വദേശിയാണ് റോസമ്മ. 1972 ൽ അമേരിക്കയിലെത്തി. എൽഐജെ ആശുപത്രിയിൽ നിന്ന് രജിസ്റ്റേർഡ് നഴ്സായി വിരമിച്ചു. പയനിയർ ക്ലബ് ഓഫ് കേരളൈറ്റിന്റെ സാമൂഹിക സേവന ഗ്രൂപ്പിലെ അംഗമാ യിരുന്നു.ബത്പേജ് സിറോ മലബാർ ചർച്ച് അം ഗവുമായിരുന്നു.കാർഡിയാക് സർജൻ ഡോ. ജെസ് ഏക മകനാണ്.



### ചിന്നമ്മ പൗലോസ്

ടാമ്പ:സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് ചർച്ച് (ടാമ്പാ, ഫ്ളോറിഡ) വികാരി റവ.ജോർജ് പൗലോസ് കോറെപ്പിസ്ക്കോപ്പയുടെ മാതാവ് ചിന്നമ്മ പൗലോസ്(94) അന്തരിച്ചു.

### സി.വി.വർഗീസ്

മീനടം:മണ്ഡലം കോൺഗ്രസ് കമ്മിറ്റി മുൻ പ്രസിഡന്റും ടിഎംയുപി സ്കൂൾ മുൻ അധ്യാപകനുമായ സി.വി. വർഗീസ് (95)അന്തരിച്ചു ഭാര്യ: ചേറാടിൽ സി.പി.അച്ചാമ്മ (മീനടം ഗ്രാമപ്പഞ്ചായത്ത് മുൻ വൈസ് പ്രസിഡന്റ്). മക്കൾ: റെജിസൺ വർഗീസ്, റീന മോൾ വർഗീസ്, പോൾസൺ വർഗീസ് (യുകെ). മരുമക്കൾ: കൊച്ചുമോൾ കണ്ടമുണ്ടാരിൽ പുത്തൻപുരയിൽ അയ്മനം (മീനടം ടിഎംയു ഇംഗ്ലിഷ് സ്കൂൾ മുൻ അധ്യാപിക), ആഷി എം. ജേക്കബ് ഷീബ പോൾസൺ.



### ജോൺ മാത്യു

ഡാളസ്: തെള്ളിയൂർ പുല്ലാട് ചിറപുറത്ത് വീട്ടിൽ ജോൺ മാത്യു (ജോണി -73) ഡാളസിൽ അന്തരിച്ചു. കരോൾട്ടൺ ബിലിവേഴ്സ് ബൈബിൾ ചാപ്പൽ സഭാംഗമായിരുന്നു. ഭാര്യ : ആനി മാത്യു തടിയൂർ കാര്യാലിൽ കുടുംബംഗം. മക്കൾ: ബെൻ മാത്യു, സ്റ്റാൻ മാത്യു. മരുമക്കൾ: ജൂലി, ക്രിസ്റ്റീൻ.

### മോളി ജോർജ്

അയ്മനം: കൊല്ലങ്കേരിൽ തുരുത്തിക്കാട്ട് പരേതനായ ടി.ജെ.ജോർജിന്റെ ഭാര്യ മോളി ജോർജ് (95) അന്തരിച്ചു. കോട്ടയം ചക്കാലയിൽ കുടുംബാംഗമാണ്.

### ഗ്രേസ്

കോട്ടയം:പാലാമ്പടം ഏബ്രഹാം പുന്നന്റെ ഭാര്യ ഗ്രേസ് (ജീമോൾ78) അന്തരിച്ചു. മക്കൾ: പരേതനായ പുന്നൻ, ജോർജ്, തോമസ്. മരുമക്കൾ: പരേതയായ പ്രേമി, പ്രീതി, ശേബ.



### ലൂക്ക് തോമസ്

അറ്റ്ലാന്റാ: ഉഴവൂർ ചക്കാലപ്പടവിൽ ലൂക്ക് തോമസ് (ലൂക്കാച്ചൻ) അറ്റ്ലാന്റായിൽ അന്തരിച്ചു. Children: Christopher & Sheena Ch akkalapadavil (Kannanthanam), Diana & Rakeem Gayle,Charles Chakkalapadavil ,William & Janet Chakkalapadavil (Aykattamannil),Richard Chakkalapadavil ,Andrew & Chanel Chakkalapadavil ,Edward Chakkalapadavil. സഹോദരങ്ങൾ: ഏലിയാമ്മ & കുര്യൻ (നെല്ലാമറ്റം) ചിക്കാഗോ, മാത്യു & ആൻസി കോയിപ്പുറത്ത് (ചിക്കാഗോ), അന്നമ്മ & എസ്തപ്പാൻ (ചിക്കാഗോ), ജെയിംസ് & ലൂസി (ഡാലസ്), സൈമൺ & പ്രസന്ന (ചിക്കാഗോ).

### വഹാബ്

കാഞ്ഞിരപ്പള്ളി-ചങ്ങനാശേരി കുഴിവേലിൽ പരേതനായ ഹൈഡ്രോസ്സിന്റെ മകൻ വഹാബ് (58) അന്തരിച്ചു.ഭാര്യ: നുസൈഫാ. മക്കൾ: മുഹമ്മദ് നാസിഫ്, ജുവാനാ വഹാബ്. മരുമകൻ: അജ്മൽ



### ബേബി ജോർജ്

ഡാളസ്:കായംകുളം കാപ്പിൽ കാരികുറ്റിയിൽ പരേതനായ റവ. ഡോ കെ എസ് ജോർജിന്റെ പത്നി ബേബി ജോർജ് (90) (കോട്ടയം താഴത്തങ്ങാടി പത്തിൽ കുടുംബാംഗം) അമേരിക്കയിലെ ഡാലസിൽ ജൂലൈ ഒന്ന് ചൊവ്വാഴ്ച വൈകീട്ട് അന്തരിച്ചു. സി എസ് ഐ കോൺഗ്രിഗേഷൻ ഓഫ് ഡാളസ് അംഗമാണ്. മക്കൾ: ജൂബി (സാം),ആനി. മരുമകൻ: ബിജു. കൊച്ചുമകൾ: ജിനി.

### അച്ചാമ്മ ചാണ്ടി

അമയന്നൂർ:ഓമത്തിൽ പരേതനായ ഒ.എസ്.ചാണ്ടിയുടെ ഭാര്യ അച്ചാമ്മ ചാണ്ടി (80) അന്തരിച്ചു. വാളറ പെരുമ്പുഴമൂലയിൽ കുടുംബാംഗമാണ്. മക്കൾ: ഷീല, സാജൻ, ഷീന. മരു മക്കൾ: ഇടി.ഏബ്രഹാം ഈഴവൻകാട് (പൂവന്തു രുത്ത്), ജെസി സാജൻ, ചെറിയാൻ വർഗീസ്.



### ആൻസിമോൾ

ന്യുയോർക്ക്: കാൻസാസ് റെഡീമർ സി.എസ്.ഐ. ചർച്ച് മുൻ വികാരിയും പൊൻകുന്നം ചേരിയിൽ കുടുംബാംഗവുമായ റവ. ജേക്കബ് സി. ഫിലിപ്പിന്റെ പത്നി ആൻസിമോൾ സി. ജേക്കബ്, 72, ന്യു യോർക്കിലെ ലോങ്ങ് ഐലൻഡിൽ അന്തരിച്ചു. കോട്ടയം കഞ്ഞിക്കുഴി കണിയാംകുളം പരേതനായ കെ.കെ. കുരുവിളയുടെയും സാറാമ്മ കുരുവിളയുടെയും പുത്രിയാണ്. ഓൾ ഇന്ത്യ പ്രോവിഡന്റ് ഫണ്ട് അക്കൗണ്ടന്റ് ആയി 2013 ൽ മുംബയിൽ നിന്ന് വിരമിച്ചു. മക്കൾ: നുബു ഫിലിപ്പ് ജേക്കബ് (ഭാര്യ എലിസബേത്ത് ജേക്കബ്); നുജൂ കുരുവിള ജേക്കബ് (ഫ്രെനിഡയാന ജേക്കബ്); നിട്ടു മാത്യു ജേക്കബ് (അനു മറിയാമ്മ ഈശോ).



### കെ.സി. ചാക്കോ

ചിക്കാഗോ: കോതനല്ലൂർ പഴയിടത്ത് കെ.സി. ചാക്കോ (86) അന്തരിച്ചു. ഭാര്യ മേരിക്കുട്ടി ചാക്കോ. മക്കൾ: വത്സമ്മ (തൊടുപുഴ), സജീവ് (കൊതനല്ലൂർ), റെജീന (സാൻഅന്റോണിയോ), ബൈജു (മസ്കറ്റ്), മോൾജീനാ (ചിക്കാഗോ), മരുമക്കൾ: ബേബി നീരണംതൊട്ടിയിൽ (തൊടുപുഴ), മോൻസി പഴയത്ത് (കോതനല്ലൂർ), ബിജോ കാരക്കാട്ട് (സാൻഅന്റോണിയോ), ജോളി പഴയിടത്ത് (മസ്കറ്റ്), മാത്യു തട്ടാമറ്റം (ചിക്കാഗോ).

### സേവ്യർ

മാഞ്ഞൂർ സൗത്ത്:എടാട്ടുപ്പറമ്പിൽ സേവ്യർ (കുട്ടി, 85) അന്തരിച്ചു. ഭാര്യ: നീണ്ടൂർ പുളിക്കപ്പറമ്പിൽ പരേതയായ ചിന്നമ്മ. മക്കൾ: ജോസ്, ലിസി, കുഞ്ഞുമോൾ.



### മാത്യു തോമസ്

ഡാലസ്: കോട്ടയം വടവാതൂർ വടക്കേക്കുറ്റ് മാത്യു തോമസ് (കുഞ്ഞുഞ്ഞച്ചൻ,88) ഡാലസിൽ അന്തരിച്ചു. മുംബൈ, മസ്കിറ്റ്, ബഹറിൻ,ഡാലസ് എന്നിവിടങ്ങളിൽ ദീർഘനാൾ അക്കൗണ്ടന്റായി പ്രവർത്തിച്ചിരുന്നു. കോട്ടയം കഞ്ഞിക്കുഴി പുത്തൻപറമ്പിൽ ഏലിയാമ്മ മാത്യുവാണ് സഹധർമ്മിണി. മക്കൾ: ബാബു മാത്യു, ബിനു ബെന്നി , ബിജു മാത്യു, ബിന്നി മാത്യു (എല്ലാവരും ഡാലസിൽ). മരുമക്കൾ: മേഴ്സി ബാബു, ബെന്നി ഫിലിപ്പോസ്, ജോയ്സ് ബിജു, മിനി ബിന്നി. കൊച്ചു മക്കൾ: ബിനിൽ, ജെറിൻ, ഷെറിൻ, എലിസബേത്ത്, റിബേക്ക, സ്റ്റീവ്.

### പൊന്നമ്മ മണിയൻ

പേരൂർ:പൊന്നമ്മ മണിയൻ (58) അന്തരിച്ചു.



### വി.കെ ജോസഫ്

കൊച്ചി: മുൻ നാവിക ഉദ്യോഗസ്ഥൻ (ഐ.എൻ.എസ് വിക്രാന്ത്) കാക്കനാട് അയിനിപുറത്ത് വി.കെ ജോസഫ് (79) അന്തരിച്ചു. ഭാര്യ മേരി. മക്കൾ: സോയ ബാബു (ഫിസിയോതെറാപ്പിസ്റ്റ്, യു.എസ്.എ), ക്യാപ്റ്റൻ ജോർജ് സോണി (സിനർജി മാരിടൈം), സോളി ജോസഫ് (അധ്യാപിക, യു.എ.ഇ). മരുമക്കൾ: ബാബു വഴിയംപലത്തുങ്കൽ (യുഎസ്എ), ആന്റു (യു.എ.ഇ), ജിജി ജേക്കബ് വട്ടോത്തറ. വി.കെ ജോസഫ് നേവിയിൽ സേവനം ചെയ്യുമ്പോൾ സമർ സേവാ നക്ഷത്രം, പൂർവ്വി നക്ഷത്രം, പശ്ചിമി നക്ഷത്രം തുടങ്ങിയ ബഹുമതികൾ ലഭിച്ചിരുന്നു. സൈനിക സേവനത്തിനുശേഷം, ഷിപ്പിംഗ് വ്യവസായരംഗത്തായിരുന്നു.



### പാസ്റ്റർ എം.എസ്. മത്തായി

ന്യൂ യോർക്ക്: യോങ്കേഴ്സ് ഇന്ത്യൻ അസംബ്ലി ഓഫ് ഗോഡിന്റെ സ്ഥാപക പാസ്റ്ററും ന്യൂയോർക്ക് പെന്തക്കോസ്ത് സമൂഹത്തിൽ 40 വർഷത്തിലേറെയായി മുതിർന്ന പാസ്റ്ററുമായ എം. എസ്. മത്തായി അന്തരിച്ചു.

### ജയിംസ് മാത്യു

മള്ളൂശേരി:ചെട്ടിയാത്ത് ജയിംസ് മാത്യു (63) അന്തരിച്ചു. ഐഎൻടിയുസി റെയിൽവേ ഗുഡ്ഷെഡ് ഓഫിസ് ക്ലാർക്കായിരുന്നു. ഭാര്യ: ഓമന ജയിംസ്.

### ജി ലൂക്കോസ്

അതിരമ്പുഴ: കീഴേടത്തു മലയിൽ പരേതനായ മത്തായി ലുക്കായുടെ മകൻ സജി ലൂക്കോസ് (55) അന്തരിച്ചു. ഭാര്യ: മരിയ. മക്കൾ: ഷാരോൺ സജി, സ്റ്റെഫാനോ സജി.



THE ONE AND ONLY
DAILY NEWS BULLETIN
pravasi CHANNEL HD
For North American Malayalees!
ഡെയിലി
ന്യൂസ്
ബുള്ളറ്റിൻ
പ്രവാസി മലയാളികളുടെ
സ്വന്തം ചാനലിൽ മാത്രം!
Watch Pravasi Channel LIVE 24 Hrs
www.pravasichannel.com
Or Watch Anytime via 'VOD' Video on Demand
by Downloading
MediaAppUSA App FREE!
Download on the App Store
ANDROID APP ON Google play
Scan the QR Code for instant download
Available in App Store or Google Store
MediaAppUSA
Call 1-917-900-2123 for Advertisements & News